# കുടപ്പനക്കുന്ന് ഗ്രാമ പഞ്ചായത്ത്
# (സ്പെഷ്യൽ ഗ്രേഡ്)
# വികസന റിപ്പോർട്ട്



# *Kudappanakunnu Grama Panchayath*
# *(Special grade)*
# *Development Report*

# കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്
# സമിതി അംഗങ്ങൾ

| | | | |
|---|---|---|---|
| 1. | സി. സരസമ്മ | - | പ്രസിഡൻറ് |
| 2. | കെ. നാരായണൻ | - | വൈ. പ്രസിഡൻറ് |
| 3. | ജെ. ആർ. രാധാകൃഷ്ണൻനായർ | - | ചെയർമാൻ സ്റ്റാൻറിംഗ് കമ്മ |
| 4. | എച്ച്. തങ്കച്ചൻ | - | മെമ്പർ |
| 5. | ജി. കൃഷ്ണൻ നായർ | - | മെമ്പർ |
| 6. | എം. ജി. ജോയ് | - | മെമ്പർ |
| 7. | ആർ. രമേശ് | - | മെമ്പർ |
| 8. | തോമസ് ചെറിയാൻ | - | മെമ്പർ |
| 9. | ആർ. ഗിരിജാകുമാരി | - | മെമ്പർ |
| 10. | ജി. ഉഷാകുമാരി | - | മെമ്പർ |
| 11. | ജി. എസ്. രാമാദേവി | - | മെമ്പർ |
| 12. | ജെ. സതീദേവി | - | മെമ്പർ |
| 13. | കെ. ശശികല | - | മെമ്പർ |
| 14. | കെ. ഭാസ്ക്കരൻ നായർ | - | സെക്രട്ടറി |

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# അധികാരം ജനങ്ങളിലേക്ക്

## കുടപ്പനക്കുന്ന് ഗ്രാമ പഞ്ചായത്ത്
## (സ്പെഷ്യൽ ഗ്രേഡ്)
## വികസന റിപ്പോർട്ട്

***30- 11- 1996***



"തെരഞ്ഞെടുക്കപ്പെട്ട കുറെ പ്രഗത്ഭന്മാർ
കേന്ദ്രത്തിൽ ഇരുന്ന് ഭരിച്ചതുകൊണ്ട്
ജനാധിപത്യ ഭരണ ക്രമം യഥാർത്ഥത്തിൽ
ഉണ്ടാവുകയില്ല, ജനാധിപത്യം ഏറ്റവും
താഴ്ന്ന തലത്തിൽ നിന്നും, ഏറ്റവും
ചെറിയ കീഴ്ഘടകത്തിൽ നിന്നും
സമാരംഭിക്കണം. എല്ലാ ഗ്രാമങ്ങളിലേയും,
എല്ലാ ജനങ്ങളിലും, ഭരണകാര്യങ്ങളെകുറിച്ച്
ബോധമുണ്ടാവണം. അവരും ഭരണ
കാര്യങ്ങളിൽ പങ്കാളികളാണെന്നും
വിശ്വാസമുണ്ടാവണം."

മഹാത്മാ ഗാന്ധിജി-

# മുൻപഞ്ചായത്ത് പ്രസിഡന്റുമാർ



ഡോ. കെ.ജി. നായർ 1954-62

എം. പി. കുരുക്കൾ 1963-65



ജി.കരുണാകരൻ 1965-79



എസ്. രാജശേഖരൻ നായർ 1979-83



എച്ച്. തങ്കച്ചൻ 1983-84
" 1991-95



പി. ഗോപിനാഥൻ നായർ 1988-90

എസ്സ്. ശ്യാമളകുമാരൻ 1990-91

# കുടപ്പനക്കുന്ന് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ



കെ. നാരായണൻ
(വൈ.പ്രസിഡന്റ്) വാർഡ് പുല്ലാംകോണം



സി.സരസമ്മ
(പ്രസിഡന്റ് ) വാർഡ് കിണവൂർ



ജെ.ആർ. രാധാകൃഷ്ണൻ നായർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
വാർഡ് ആഫീസ് വാർഡ്.



എച്ച്. തങ്കച്ചൻ വാർഡ് വഴയില



തോമസ് ചെറിയാൻ
വാർഡ് മുണ്ടേക്കോണം



എം.ജി.ജോയി വാർഡ് ടി.വി. വാർഡ്



ജി. കൃഷ്ണൻ നായർ
വാർഡ് പനയറ



ശശികലാ മനോഹരൻ
വാർഡ് നെടുംപുറം



ആർ. രമേഷ്
വാർഡ് പാതിരിപ്പള്ളി



ജെ. സതീദേവി
വാർഡ് ചെട്ടിവിളാകം



ഗിരിജകുമാരി
വാർഡ് നാലാഞ്ചിറ



ജി. ഉഷാകുമാരി വാർഡ് തെക്കേവീട്



എസ്സ്. രമാദേവി വാർഡ് കുടപ്പനക്കുന്ന്

# ഉള്ളടക്കം

പേജ്

I ആമുഖം

II ചരിത്രം

III പഠനപര്യടനം

IV വികസനമേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വിദ്യാഭ്യാസം
4. കുടിവെള്ളവും പൊതുജനാരോഗ്യവും
5. വ്യവസായം
6. ഗതാഗതവും ഊർജ്ജവും
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം
12. വിഭവസമാഹരണം

V സ്ഥിതിവിവരകണക്കുകൾ

VI അനുബന്ധവികസന റിപ്പോർട്ട്

# ആമുഖം

ഭരണഘടനയുടെ 73-74 ഭേദഗതികളുടെ ചട്ടക്കൂടിനുള്ളിൽ രൂപീകരിക്കപ്പെട്ട പഞ്ചായത്ത് മുനിസിപ്പൽ സമിതികൾ കേരളത്തിൽ നിലവിൽ വന്നു കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പഞ്ചയാത്തുകളുടെ ദീർഘകാല സമഗ്രവികസനത്തിനായുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നത് പുതിയ പഞ്ചായത്ത്‌രാജ് നിയമപ്രകാരം പഞ്ചായത്തുകളുടെ പ്രധാനകടമയാണ്. വാർഷിക പദ്ധതികൾക്ക് രൂപം നൽകുന്നത് ഈ മാസ്റ്റർ പ്ലാൻ പ്രകാരമായിരിക്കണം. കേരളത്തിൽ കഴിഞ്ഞ എട്ട് പദ്ധതികൾകൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വമ്പിച്ച നേട്ടങ്ങൾ ഉണ്ടായെങ്കിലും താഴെ തലങ്ങളിലുള്ള അഭിപ്രായരൂപീകരണം ഇല്ലായ്മകാരണം കാർഷികം, വ്യാവസായികം എന്നീ മേഖലകളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനതലത്തിലും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ വഴി പദ്ധതികൾ നടപ്പാക്കുകയാണ് ചെയ്തിരുന്നത്. ഈ അതിരു കവിഞ്ഞ അധികാര കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിക്കോ, ജനകീയാവശ്യങ്ങൾക്കോ യോജിച്ച സ്കീമുകളല്ല പദ്ധതിയുടെ ഭാഗമായി നടപ്പാക്കപ്പെട്ടത്. ആസൂത്രണം ഫലത്തിൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകളുടെ തയ്യാറാക്കലായി അധ:പതിച്ചു. തൻമൂലം പദ്ധതി പ്രവർത്തനം ജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടു. ഇത് പ്രാദേശികമായ വിഭവസമാഹരണ സാദ്ധ്യതകളെ ഇല്ലാതാക്കുകമാത്രമല്ല പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് ജനപങ്കാളിത്തത്തോടെ പ്രാദേശിക വിഭവങ്ങളും പ്രശ്നങ്ങളും ഉൾക്കൊണ്ടുകൊണ്ട് ആസൂത്രണം ചെയ്യണമെന്ന് സംസ്ഥാന ആസൂത്രണബോർഡും കേരള ഗവൺമെന്റും തീരുമാനിച്ചത്. ഒൻപതാം പദ്ധതിയുടെ 35-40% വരുന്ന തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അവയ്ക്ക് നിർവചിക്കപ്പെട്ടിട്ടുള്ള ചുമതല കളുടെ പരിധിക്കുള്ളിൽ നിന്ന് തീരുമാനിക്കേണ്ടതാണ്. തികച്ചും ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി നമ്മുടെ ഗ്രാമങ്ങളുടെയും സംസ്ഥാനത്തിൻെറയും മുഖച്ഛായക്കുതന്നെ മാറ്റം ഉണ്ടാക്കും.

ഒൻപതാം പദ്ധതി രൂപീകരണത്തിനുള്ള ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ പതിമൂന്നു വിശേഷാൽ ഗ്രാമസഭകളും നിശ്ചിത ദിവസംതന്നെ വിപുലമായി കൂടുകയുണ്ടായി. 480 സ്ത്രീകളടക്കം ആകെ 2116 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. എല്ലാ ഗ്രാമസഭകളിലും വിവിധ വികസനമേഖലകളെ സംബന്ധിച്ച് വിശദമായ ചർച്ചകളും അഭിപ്രായരൂപീകരണവും നടന്നു. പ്രസ്തുത അഭിപ്രായങ്ങൾക്കൂടി കണക്കിലെടുത്തു കൊണ്ടുള്ള വികസന റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ജനകീയാസൂത്രണത്തിൻെറ ആദ്യപടി എന്ന നിലയിൽ 13-9-96 ൽ പ്രാദേശികപരിശീലകർക്ക് ഒരു ദിവസത്തെ ശിൽപ്പശാല പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടക്കുകയുണ്ടായി. പത്തു സ്ത്രീകളടക്കം 63 പേർ പങ്കെടുത്ത ശില്പശാലയിൽ 16 ഉദ്യോഗസ്ഥൻമാരും 13 ജനപ്രതിനിധികളും, 6 ജില്ലാ പരിശീലകരും ഉണ്ടായിരുന്നു. രണ്ടാംഘട്ട ശില്പശാല 13-11-96-ൽ അമ്പലത്തിൽഹാളിൽ നടന്നു. 22 സ്ത്രീകളടക്കം 145 പേർ പങ്കെടുത്ത ശില്പശാലയിൽ, 16 ഉദ്യോഗസ്ഥൻമാരും, 16 ജനപ്രതിനിധികളും, 5 ജില്ലാ പരിശീലകരും, രണ്ട് സംസ്ഥാന പരിശീലകരും ഉണ്ടായിരുന്നു.

ഒൻപതാം പദ്ധതിയുടെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ വികസനപരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ചൂണ്ടുപലക ആകത്തക്കരീതിയിൽ ഏറെക്കുറെ സമഗ്രവും എല്ലാ വികസനമേഖലകളെയും കുറിച്ചു പ്രതിപാദിക്കുന്നതുമായ റിപ്പോർട്ടാണ് സമർപ്പിക്കുന്നത്. പ്രതിനിധികൾ ക്രിയാത്മകമായ ചർച്ചകളിലൂടെ ഈ റിപ്പോർട്ടിനെ സംപുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കുടപ്പനക്കുന്നു
കുടപ്പനക്കുന്നു ഗ്രാമപഞ്ചായത്തു കമ്മറ്റി
30-11-1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കുടപ്പനക്കുന്ന്‌വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 1.നാലാഞ്ചിറ<br>2.കുടപ്പനക്കുന്ന് |
| ബ്ലോക്ക് പഞ്ചായത്ത് | | തിരുവനന്തപുരം റൂറൽ ബ്ലോക്ക്പഞ്ചായത്ത് |
| താലൂക്ക് | : | തിരുവനന്തപുരം |
| അസംബ്ലിമണ്ഡലം | : | തിരുവനന്തപുരം നോർത്ത് |
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | : | 7.69 Sq:Km. |
| ജനസംഖ്യ | : | 33534 |
| വാർഡുകളുടെ എണ്ണം | : | 13 |
| പ്രസിഡന്റ് | : | ശ്രീമതി സി. സരസ്സമ്മ |
| വൈ : പ്രസിഡന്റ് | | ശ്രീ.കെ. നാരായണൻ |
| പഞ്ചായത്ത് രൂപം കൊണ്ടതിനുശേഷം അതിർത്തിയിൽ വന്ന മാറ്റങ്ങൾ | : | ചെഞ്ചേരി പ്രദേശം ഉള്ളൂർ പഞ്ചായത്തിന്റെഭാഗമാക്കി. |

## നിലവിലുള്ള അതിർത്തികൾ

| | | |
|---|---|---|
| കിഴക്ക് | : | വട്ടിയൂർക്കാവ് പഞ്ചായത്ത് |
| പടിഞ്ഞാറ് | : | ഉള്ളൂർ പഞ്ചായത്ത് |
| തെക്ക് | | തിരുവനന്തപുരം കോർപ്പറേഷൻ |
| വടക്ക് | : | കരകുളം പഞ്ചായത്ത്. |

# ചരിത്രം

നമ്മുടെ പഞ്ചായത്തിലെ ഭൂതകാല ചരിത്രത്തിലേക്ക് നോക്കുമ്പോൾ ഒട്ടനവധി അഭിമാനാർഹമായ സംഭവ പരമ്പരകൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടെന്ന് കാണാം. 1940കളുടെ ആദ്യവർഷങ്ങളിൽ തന്നെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൻെറ പൊതു ധാരയിലേയ്ക്ക് ആത്മാഭിമാനപൂർവ്വം കടന്നു വന്ന ധീര ദേശാഭിമാനികളെ ഈ നാട്ടിലെ ഓരോ പൗരനും അഭിമാനത്തോടെ മാത്രമേ ഓർമ്മിക്കാനാവൂ. വിദേശാധിപത്യത്തിന്റെ നുകക്കീഴിൽ നിന്നും നമ്മുടെ നാടിനെ വിമോചിതയാക്കാൻ ഇറങ്ങിപ്പുറപ്പെട്ട ധീരദേശാഭിമാനികളുടെ കൂട്ടത്തിൽ നമ്മുടെ ഈ പഞ്ചായത്തിലെ സമ്മാദരണീയരായ വ്യക്തികൾക്കും സ്ഥാനമുണ്ട് എന്ന കാര്യം അഭിമാനത്തോടെ എടുത്തു പറഞ്ഞുകൊള്ളട്ടെ. ധീരദേശാഭിമാനികളായിരുന്ന N.P കുരുക്കൾ, P.S. നടരാജപിള്ള, വടശ്ശേരിക്കോണം ഡോ: ബാലകൃഷ്ണൻനായർ, സഖാവ് K.R. കൃഷ്ണൻ, മണ്ണന്തല ഡോ: പി.കെ. വേലുപ്പിള്ള, മണ്ണന്തല കരുണാകരൻ, ഇരമത്ത് രാഘവൻപിള്ള തുടങ്ങിയവർ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ജീവൻമരണ പോരാട്ടത്തിലെ സജീവ പങ്കാളികളായിരുന്നു. ശ്രീ. N.P. കുരുക്കൾ സർ C.P.യുടെ കുപ്രസിദ്ധമായ "കൂലിപ്പട്ടാളത്തിന്റെ പൈശാചികമായ കൊലപാതകത്തിന് ഇരയായ സത്യം ഈ പ്രദേശത്തിലെ പഴമക്കാരുടെ ഹൃദയത്തിൽ മായാത്തൊരു ചരിത്രസത്യമായി കിടക്കുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മൃത്യുവിനെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ജാഥ നയിച്ച ധീര ദേശാഭിമാനികൾ ഇന്നും നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ട് എന്ന കാര്യം നമ്മുക്ക് ആത്മധൈര്യം തരുന്നു. കുടപ്പനക്കുന്നിൽ സംഘടിപ്പിച്ച ഒരു പൊതുസമ്മേളനം പൈശാചികമായ ലാത്തിച്ചാർജ്ജിന് വിധേയമായി നിരവധി സമര ഭടൻമാർക്ക് മാരകമായി മുറിവേൽക്കുകയുമുണ്ടായി. അന്ന് ആ സമ്മേളനത്തിനു മുന്നോടിയായി നടന്ന ജാഥ നയിച്ച വിദ്യാർത്ഥി നേതാവായിരുന്നു ശ്രീ H. ഡെന്നിസൺ പിൽക്കാലത്ത് ഗ്രാമസേവകൻ എന്ന നിലയ്ക്ക് സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. അദ്ദേഹം ഇന്ന് നമ്മുടെ ഗ്രാമപഞ്ചായത്തിന് തൊട്ടടുത്തുള്ള കല്ലയത്ത് ആയിൽ കുന്നിൽ താമസിക്കുന്നുണ്ട്. കവടിയാർ കൊട്ടാരത്തിൽ ട്യൂട്ടറായിരുന്ന ശ്രീ. ഇരപ്പുകുഴി രാഘവൻപിള്ള സാർ നമ്മുടെ പഞ്ചായത്തിലെ പ്രമുഖനായ ഒരു അദ്ധ്യാപകനായിരുന്നു.

ഇങ്ങനെ അഭിമാനിക്കാൻ ഏറെ വകയുള്ളൊരു പൂർവ്വകാല ചരിത്രവുമായി ബന്ധപ്പെട്ട നമ്മുടെ പഞ്ചായത്ത് പഴയ തിരു-കൊച്ചി സംസ്ഥാനത്തിലുണ്ടായ നിയമനിർമ്മാണങ്ങളുടെ ഭാഗമായാണ് നിലവിൽ വന്നത്. 1953 ജൂലൈ 15നു മുൻപ് തെരഞ്ഞെടുപ്പ് നടന്നതായാണ് പഴമക്കാർ പറയുന്നത്. എന്തായാലും ആ വർഷം ആഗസ്റ്റ് 15 ന് തന്നെ പഞ്ചായത്തുകൾ നിലവിൽവന്നു. ഇന്നത്തെ കുടപ്പനക്കുന്നു വില്ലേജും (ചെട്ടിവിളാകം) ഉള്ളൂർ വില്ലേജിലെ ചെഞ്ചേരി വാർഡും ചേർന്ന ഏഴു വാർഡുകളാണ് അന്നത്തെ മണ്ണന്തല പഞ്ചായത്ത് എന്നറിയപ്പെടുന്നനമ്മുടെ ഗ്രാമപഞ്ചായത്തിനുണ്ടായിരുന്നത്. തെക്ക് പേരൂർക്കട അമ്പലം മുക്ക് എന്നീ സ്ഥലങ്ങളും വടക്ക് മുക്കോല പ്രദേശവും പടിഞ്ഞാറ് ഉള്ളൂർ പരുത്തിപ്പാറ പ്രദേശങ്ങളും കിഴക്ക് വട്ടിയൂർക്കാവും ഉൾക്കൊള്ളുന്നതായിരുന്നു അന്നത്തെ മണ്ണന്തല പഞ്ചായത്ത് ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ സർവ്വശ്രീ ജി. കൃഷ്ണപിള്ള, S.കൃഷ്ണൻനായർ, ഡോ: K.G. നായർ, N. വാസുദേവൻപിള്ള, കുട്ടൻപിള്ള എന്നുവിളിക്കുന്ന S.പരമേശ്വരൻപിള്ള, P.K.രാഘവൻപിള്ള, K. വാമദേവൻ എന്നിവരായിരുന്നു,. ഇതിൽ ശ്രീ K. വാമദേവൻ എതിരില്ലാതെ തെരെഞ്ഞടുക്കപ്പെടുകയാണുണ്ടായത്. നിഷ്കൃഷ്ടമായ നിയമാവലികളുടെ അഭാവവും പുതുതായി ആവിഷ്കരിക്കപ്പെട്ട സംവിധാനത്തെ കുറിച്ചുള്ള ധാരണയില്ലായ്മയും കാരണം പ്രവർത്തനം വളരെ മന്ദഗതിയിലായിരുന്നു. നാലാഞ്ചിറ താന്നിമൂട്ടുവിളയിൽ ഗോപാലൻ മുതലാളിയുടെ കെട്ടിടം വാടകയ്ക്ക് എടുത്താണ് ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. അന്ന് പഞ്ചായത്തു ഡയറക്ടറായിരുന്ന ശ്രീ P.K. അബ്ദുള്ളയുടെ

നിർദ്ദേശാനുസരണം ഡോ. K.G.നായർ പ്രസിഡന്റായും ശ്രീ. N. വാസുദേവൻപിള്ള വൈസ് പ്രസിഡന്റായും നിയമിതരായി. തുടർന്ന് 1953, 1963, 1979, 1988, എന്നീ വർഷങ്ങളിൽ വിഭിന്ന കക്ഷി ബന്ധങ്ങളുടെയും രാഷ്ട്രീയ കൂട്ടുകെട്ടുകളുടെയും സഹായത്തോടെ നിലവിൽ വന്ന ഭരണസമിതികൾ ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് നിർണ്ണായകമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ യശ:ശരീരരായ എം.പി. കുരുക്കൾ, ജി. കരുണാകരൻ എന്നിവരും, സർവ്വശ്രീ :എസ്. രാജശേഖരൻ നായർ, പി. ഗോപിനാഥൻ നായർ, എസ്. ശ്യാമളകുമാർ, എച്ച്.തങ്കച്ചൻ എന്നിവരും ഈ പഞ്ചായത്തിലെ പ്രസിഡന്റ്മാരായി സേവനം അനുഷ്ടിച്ചിട്ടുണ്ട്. അഞ്ച് വർഷക്കാലം വൈസ് പ്രസിഡന്റായിരുന്ന എ. രവീന്ദ്രൻ പിള്ള 1993 ഓഗസ്റ്റ് മാസം പതിനേഴാം തീയതി ഒരു വാഹനാപകടത്തിൽ അകാല ചരമമടയുകയുണ്ടായി.

നീണ്ട പതിനാല് വർഷക്കാലം പ്രസിഡന്റായിരുന്ന ജി. കരുണാകരന്റെ ഭരണകാലത്താണ് പഞ്ചായത്തിന് ഇന്നത്തെ ആസ്ഥാനം സ്വന്തമായതും, M.L.A. റോഡ്, ഹാർവിപുരം ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി, രാമരത്ത് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുണ്ടായത്. കക്ഷിരാഷ്ട്രീയത്തിന് അതീതമായ സേവന പ്രവർത്തനങ്ങളിലൂടെ വളരെയധികം പ്രകീർത്തിക്കപ്പെട്ട ഒരു വ്യക്തിത്വമായിരുന്നു ജി. കരുണാകരന്റേത്.

അന്തരിച്ച കുളങ്ങര രാഘവൻ പിള്ളയും, ശ്രീമതി. ഗൗരിക്കുട്ടിയമ്മ, സരസ്വതിയമ്മ, ശ്രീ. വി. ശങ്കരൻ നായർ, ശ്രീമതി. ജി. ഡെയ്സി, സർവശ്രീ. ജി. രാമചന്ദ്രൻ നായർ, വി.ജി. ശശികുമാർ, ജി. സുധാകരൻ നായർ, പി.ഒ.രാജൻ, സി. ഗോവിന്ദബാബു എന്നിവരും വിവിധ കാലഘട്ടങ്ങളിൽ നമ്മുടെ പഞ്ചായത്ത് ഭരണസമിതിയിൽ അംഗങ്ങളായി സേവനം അനുഷ്ടിച്ചിട്ടുണ്ട്. 1995-ൽ നടന്ന തെരഞ്ഞെടിപ്പിൽ ഇപ്പോഴുള്ള 13 വാർഡുകളിൽ നിന്ന് സർവ്വശ്രീ C. സരസ്സമ്മ, തോമസ് ചെറിയാൻ, R. ഗിരിജകുമാരി, G.കൃഷ്ണൻനായർ, R.രമേഷ്, K. നാരായണൻ, J.R.രാധാകൃഷ്ണൻ നായർ, G.ഉഷാകുമാരി, ശശികലാമനോഹരൻ, J.സതീദേവീ, H.തങ്കച്ചൻ, M.G. ജോയി, G.S.രമാദേവി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. വനിതാ സംവരണ നിയമപ്രകാരം നമ്മുടെ പഞ്ചായത്തു പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി. C. സരസ്സമ്മ ജനറൽ സീറ്റിൽ നിന്ന് മൽസരിച്ച് വിജയിക്കുകയാണുണ്ടായത്. ഇപ്പോൾ വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നത് ശ്രീ K.നാരായണനും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ J.R രാധാകൃഷ്ണൻ നായരുമാണ്.

പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രത്തിലേക്ക് ഒന്നുകൂടി കണ്ണോടിക്കാം. ഭൂ ഉടമാ സമ്പ്രദായത്തിൽ മൗലികമായ പരിവർത്തനങ്ങൾക്കു വേണ്ടിയുള്ള മുറവിളികൾ 40കളുടെ ഉത്തരാർദ്ധത്തിലും 50കളുടെ പൂർവ്വാർദ്ധത്തിലും കേരളത്തിലുടനീളം ഉണ്ടായി. ഇതിന്റെ അലയൊലികൾ ഇവിടെയും ചലനം സൃഷ്ടിച്ചു. ഇത്തരം ഒരു ഉണർവിനു വിത്തു പാകിയത് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ജന്മം കൊണ്ട ബാപ്പുജി ഗ്രന്ഥശാല, കുടപ്പനക്കുന്ന് V.P. തമ്പി സ്മാരക ഗ്രന്ഥശാല, പുല്ലാംകോണം ഗ്രാമസേവാസമിതി വായനശാല, ജനതാ റീഡിംഗ് റൂം തുടങ്ങിയവയാണെന്ന കാര്യം വിസ്മരിക്കാനാവില്ല. ഈ മഹത്തായ സരസ്വതീ ക്ഷേത്രങ്ങളുടെ ആദ്യകാലശില്പികളായ സർവ്വശ്രീ P.മാധവൻപിള്ള, P.N.കൃഷ്ണൻനായർ, ഡോ: അയ്യപ്പൻപിള്ള, വക്കീൽ കൃഷ്ണപിള്ള, B.സോമൻ, R.പരമേശ്വരൻ നായർ, സോമശേഖരൻ നായർ, P.സുകുമാരൻനായർ, P.ചെല്ലപ്പൻപിള്ള, കല്ലയം H.ഡെന്നിസൺ, പണ്ടാരവിള ശ്രീനിവാസൻ, A.G.കുരുക്കൾ തുടങ്ങിയവരെ ആദരപൂർവ്വം അനുസ്മരിക്കുന്നു. അങ്ങനെ ഇവിടെ സംജാതമായ സംഘടിത കർഷക തൊഴിലാളി പ്രസ്ഥാനങ്ങൾ കുടികിടപ്പവകാശം സംരക്ഷിക്കുന്നതിനും, ജാതിയുടെ പേരിൽ ഉണ്ടായിരുന്ന ഉച്ച നീചത്വങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും കൂട്ടായ പ്രവർത്തനം സംഘടിപ്പിച്ചു. ഇതിന്റെ ഫലമായി കുടിയാൻമാർ പല സ്ഥലങ്ങളിലേക്കും ജാതിയുടെ അടിസ്ഥാനത്തിൽ ഒരുമിച്ചു ചേർന്നു താമസിക്കാനുള്ള സാഹചര്യം സംജാതമായി. അങ്ങനെയാണ് പണിക്കൻവിളയും പറയൻവിളാകവും, പാണൻവിളയും ഒക്കെ ഉണ്ടായത്. കർഷക തൊഴിലാളി മേഖലയിൽ പുതിയ ഉണർവുണ്ടാക്കുന്നതിന് അവകാശ സമ്പാദന സമര പഥങ്ങളിലൂടെയുള്ള മുന്നേറ്റത്തിനു നേതൃത്വം കൊടുത്തവരിൽ സർവ്വശ്രീ. ഭാസ്ക്കരപ്പണിക്കർ, G.ഭാസ്ക്കരൻനായർ, മുൻ പഞ്ചായത്തു പ്രസി

ഡൻറ് ശ്രീ. H.തങ്കച്ചൻ എന്നിവരുടെ പേരുകൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്. 1957-ലെ ഭൂ പരിഷ്കരണ നിയമത്തെ തുടർന്ന് കർഷക തൊഴിലാളികൾക്ക് അർഹതപ്പെട്ട ഭൂമി വിട്ടുകിട്ടുന്നതിനു വേണ്ട പരിശ്രമത്തിൽ ജാതിമത ഭേദമന്യേയുള്ള കൂട്ടായ പ്രവർത്തനമാണ് നടന്നിട്ടുള്ളത്. സംഘടിത തൊഴിലാളി പ്രസ്ഥാനത്തിൻെറ സമാരംഭം നമ്മുടെ ഇന്നത്തെ കുടപ്പനക്കുന്ന് ഡയറിഫാമിൽ നിന്നാണ്. പാലസ് ഡയറിഫാമെന്ന് അറിയപ്പെട്ടിരുന്ന ഈ സ്ഥാപനത്തിലെ ആദ്യകാല തൊഴിലാളികളെ സംഘടിപ്പിച്ചത് സർവ്വശ്രീ. K.പങ്കജാക്ഷൻ, കവടിയാർ വേണു, ജോർജ് കോശി തുടങ്ങിയവരാണ്.

വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ മണ്ഡലങ്ങളിലും 1950 തുകൾക്കു മുമ്പു തന്നെ നമ്മുടെ ഗ്രാമപഞ്ചായത്ത് സവിശേഷ ശ്രദ്ധ ആകർഷിച്ചിരുന്നു. ഇപ്പോഴത്തെ കുടപ്പനക്കുന്ന് ദേവീക്ഷേത്രത്തിന്റെ സമീപമുള്ള മേച്ചേരിയിലെ പാച്ചുപിള്ള സാറിൻെറ കാലം തൊട്ട് ഗുരുകുല രീതിയിൽ വിദ്യാഭ്യാസം സമാരംഭിച്ചിരുന്നു. സംസ്കൃത ഭാഷാ സാഹിത്യ പഠനം, ജോതിഷ്യം, ആയൂർവേദം തുടങ്ങിയ മേഖലകളിലും പ്രാവീണ്യം സിദ്ധിച്ച ശ്രീ നരസിംഹം പിള്ള സാറിനെപ്പോലുള്ള ഗുരു നാഥൻമാർ അന്നുണ്ടായിരുന്നു.

ജനകീയാസൂത്രണത്തിൻെറ കേളികൊട്ടുയരുന്ന വർത്തമാനകാലത്തിൽ നിന്നു കൊണ്ട് ആലോചിക്കുമ്പോൾ ഗതകാലങ്ങളിൽ ചില നിർമ്മാണപ്രവർത്തനങ്ങൾ ആത്മവീര്യവും ആത്മാഭിമാനവും പകർന്നേക്കുന്നവയാണ്. 1954-55 കാലഘട്ടത്തിൽ കൺകോർഡിയാ ലൂഥറൻ ഹൈസ്ക്കൂളിൽ നടന്ന N.C.C ക്യാമ്പിലെ കേഡറ്റുകളും ഗ്രാമസേവാസമിതി ഗ്രന്ഥശാല പ്രവർത്തന രംഗത്തെ വ്യക്തികളും ചേർന്നാണ് 21 ദിവസത്തെ അശ്രാന്തപരിശ്രമം കൊണ്ട് ഇന്നുള്ള N.C.C റോഡിൻെറ പണി പൂർത്തിയാക്കിയത്. കുടപ്പനക്കുന്ന് AKG നഗർ പേരൂർക്കട റോഡും ഇങ്ങനെ ശ്രമദാനത്തിലുടെ നിർമ്മിച്ചതാണ്.

ഹിന്ദു മതത്തിന് മുൻതൂക്കം ഉണ്ടായിരുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനഫലമായി മതപരിവർത്തനങ്ങൾ ചെറിയതോതിൽ ഉണ്ടായിട്ടുണ്ടെങ്കിലും ജാതിമത വ്യത്യാസങ്ങളുടെ പേരിൽ യാതൊരു സംഘർഷവും ഉണ്ടായിട്ടില്ല എന്നകാര്യം അഭിമാനത്തോടെ അനുസ്മരിക്കാം. നാനാജാതി മതസ്ഥരായ ആൾക്കാരുടെ ആരാധനാലയങ്ങൾ ഇവിടെയുണ്ട്. ധ്വജ പ്രതിഷ്ഠകളോടുകൂടിയതും അതി പുരാതനവുമായ രണ്ട് ശിവ ക്ഷേത്രങ്ങൾ ഉള്ള നാലാഞ്ചിറ ഉദിയന്നൂർ ശ്രീ മഹാദേവക്ഷേത്രം, കുന്നത്ത് ശ്രീ മഹാദേവർക്ഷേത്രം, വഴയില ശാസ്താ ക്ഷേത്രം, മരിപ്പൻകോട് ദേവീ ക്ഷേത്രം, ഉളിയനാട് ശ്രീ കൃഷ്ണസ്വാമി ക്ഷേത്രം പേരാപ്പൂര് ദേവി ക്ഷേത്രം തുടങ്ങിയവയക്ക് പഞ്ചായത്തിലെ ജനജീവിതത്തിൽ നിർണ്ണായകമായ സ്ഥാനമുണ്ട്. വിഭിന്ന ജാതിക്കാർക്കും കുടുംബക്കാർക്കും ക്ഷേത്രങ്ങളും ആരാധനാക്രമങ്ങളും ഉണ്ടായിരുന്നു. ക്രിസ്തുമത വിശ്വാസത്തിന് പഞ്ചായത്തിലുള്ള പഴമ വിളിച്ചറിയിക്കുന്നതാണ് തുമ്പെക്കോണം കുശവർക്കൽ ലൂഥർമിഷൻ പള്ളി എന്നിവ.

കാർഷിക മേഖലയിൽ സ്വയംപര്യാപ്തത ആർജ്ജിച്ചതായിരുന്നു ഒരു കാലത്ത് ഈ ഗ്രാമം. നെൽകൃഷിയും തെങ്ങുകൃഷിയും സമൃദ്ധമായി നടത്തിയിരുന്നു, മരച്ചീനി, വാഴ, ചേമ്പ്, ചേന തുടങ്ങിയ കാർഷിക വിഭവങ്ങൾ സമൃദ്ധിയോടെ ഈ മണ്ണിൽ വളർന്ന് ഭക്ഷണകാര്യത്തിൽ ഒരു പരിധിവരെ സ്വയം പര്യാപ്തത ആർജ്ജിക്കാൻ കഴിഞ്ഞിരുന്നു.

ആ നല്ല നാളുകൾ ഇന്നൊരു സ്മരണ മാത്രമായി മാറിയിരിക്കുന്നു. നെൽകൃഷി പഴയ നല്ല നാളുകളുടെ ഓർമ്മയെ അനുസ്മരിക്കാൻ വേണ്ടി മാത്രം. കുളങ്ങളും കൈത്തോടുകളും വറ്റി വരളുകയോ മാലിന്യ സങ്കേതങ്ങളായി മാറുകയോ ചെയ്തിരിക്കുന്നു. കാലാകാലങ്ങളിൽ നമ്മളിൽ അടിച്ചേൽപ്പിക്കപ്പെട്ട പദ്ധതികൾ ഗ്രാമീണ ജീവിതത്തിൻെറ വിശുദ്ധിയും നന്മയും നശിപ്പിച്ചിരിക്കുന്നു. ഈ മുഹൂർത്തത്തിലാണ് ഒരു പുതിയ പുലർവെട്ടത്തിൻെറ പൊൻവെളിച്ചവുമായി ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി നമ്മുടെ കൺവെട്ടത്തേക്ക് വന്നത്. ഉണർവിൻെറ ലഹരിയുമായി പുത്തൻ പ്രത്യാശയോടെ നമുക്കീ പദ്ധതിയെ സാഭിമാനം സ്വാഗതം ചെയ്യാം.

## കേരള സംസ്ഥാനം




■ കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്

ഭൂപടം-1




2-കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്

# പഠനപര്യടനം

ഒരു പ്രദേശത്തിന്റെ പ്രാദേശികമായ ആസൂത്രണം സാദ്ധ്യമാക്കുന്നതിന് ആ പ്രദേശത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകളെക്കുറിച്ചുള്ള പഠനം അനിവാര്യമാണ്. പ്രാദേശികമായ വിഭവശേഷി കണ്ടെത്തുകയും അവയെ പ്രകൃതിയുടെ സംന്തുലിതാവസ്ഥയ്ക്കു കോട്ടം തട്ടാത്ത വിധത്തിൽ പ്രയോജനപ്പെടുത്തുകയുമാണ് വേണ്ടത്. ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിന് അവിടത്തെ ഭൂപ്രകൃതി, മണ്ണ്, ജലലഭ്യത, കാലാവസ്ഥ എന്നിവയെക്കുറിച്ചുള്ള പഠനം അത്യന്താപേക്ഷിതമാണ്. ഈ റിപ്പോർട്ടിന്റെ ആവശ്യത്തിലേയ്ക്ക് പഞ്ചായത്തിൽ ഒരു പഠന പര്യടനം നടത്തി വിവരങ്ങൾ ശേഖരിക്കുകയുണ്ടായി.

കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിൻെറ (ഭൂപടം.I)ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി നടത്തിയ പഠനപര്യടനം 17-11-1996 രാവിലെ തെക്കേവീടു വാർഡിൽ പേരാപ്പൂര് റോഡിൽ നിന്നും ആരംഭിച്ചു. പഠന പര്യടന പരിപാടി പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി സി. സരസ്സമ്മ ഉദ്ഘാടനം ചെയ്തു. പര്യടനസംഘത്തിൽ പഞ്ചായത്തു പ്രസിഡൻറ് ശ്രീമതി സരസ്സമ്മ വൈസ് പ്രസിഡന്റ് ശ്രീ കെ. നാരായണൻ സ്റ്റാൻഡിഗ് കമ്മിറ്റി ചെയർമാൻ ശ്രീ J.R.രാധാകൃഷ്ണൻനായർ മെമ്പർമാരായ സർവ്വ ശ്രീ. രമേഷ്, ജോയി, കൃഷ്ണൻനായർ, ശശികല, രമാദേവീ, ഗിരിജകുമാരി, സതീദേവി, H തങ്കച്ചൻ, തോമസ് ചെറിയാൻ, ഉഷാകുമാരി, സ്റ്റേറ്റ് റിസോഴ്സു പേഴ്സൺ ശ്രീ. രമണൻ, ജില്ല റിസോഴ്സ് പേഴ്സൺ ശ്രീ ഗോപിനാഥൻനായർ, ശ്രീ ചന്ദ്രശേഖരൻ നായർ, സയന്റിസ്റ്റ് ശ്രീ. A.S.K.നായർ, ശ്രീ സുരേന്ദ്രൻ, ശ്രീ ബാലകൃഷ്ണൻനായർ, ശ്രീ ജയചന്ദ്രൻ, കൃഷിആഫീസർ ശ്രീ. സൂരജ് എന്നിവർ പങ്കെടുത്തു. പര്യടനസംഘം തുടർന്ന് കുന്നറവിള നട, ചിറ്റാലംകോട്ട് നട, കുന്നത്തു നട, മരിപ്പൻക്കോട്ടു നട, ചൂഴമ്പാല, അഞ്ചുമുക്കു വയൽ, മുണ്ടേക്കോണം, നാലാഞ്ചിറ വഴി ഉദിയന്നൂർ ക്ഷേത്ര നടവഴി മഠത്തുനട, പാതിരിപ്പള്ളി, കുടപ്പനക്കുന്ന് ഇടശ്ശേരിനട, വഴയില ഹാർവിപുരം കോളനി, പേരൂർക്കട വഴി നെടുമ്പ്രം വാർഡിലെ ഊറ്റുകുഴിയിൽ സമാപിച്ചു (ഭൂപടം 2).പേരാപ്പൂരു്, കുന്നത്തുനട, ചൂഴമ്പാല, അഞ്ചുമുക്ക്, നാലാഞ്ചിറ, വഴയില ഇടശ്ശേരി നട, ഹാർവിപുരം എന്നീ സ്ഥലങ്ങളിൽ സ്വീകരണങ്ങൾ ലഭിച്ചു.

പഠന സംഘം യാത്ര ചെയ്ത പ്രദേശത്തെ മണ്ണിൻെറ ഘടന, കൃഷി ഇനങ്ങൾ, നീരുറവകൾ, തോടുകൾ, കുളങ്ങൾ, സ്ഥലത്തിൻെറ കിടപ്പു, റോഡുകൾ മുതലായവകൾ പഠന ഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്തു.

## *ഭൂപ്രകൃതിയും വിഭവങ്ങളും*

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ഇടനാട്ടിൽ സ്ഥിതി ചെയ്യുന്നതും അക്ഷാംശം $8^0 31' 45''$ നും $8^0 33' 45''$ വടക്കും രേഖാംശം $76^0 56' 30''$ നും $76^0 58' 15''$ കിഴക്കിനും ഇടയിൽ തിരുവനന്തപുരം ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്തായി, കിഴക്ക് വട്ടിയൂർക്കാവ് പഞ്ചായത്ത്, പടിഞ്ഞാറ് ഉള്ളൂർ പഞ്ചായത്ത്, തെക്ക് തിരുവനന്തപുരം കോർപ്പറേഷനും, വടക്ക് കരകുളം പഞ്ചായത്താലും ചുറ്റപ്പെട്ടിരിക്കുന്ന 7.97 sq.km വിസ്തീർണ്ണവും 13 വാർഡുകളും ഉള്ളതാണ് കുടപ്പനക്കുന്ന് പഞ്ചായത്ത് (ഭൂപടം3).

## *ഭൂപ്രകൃതി*

ഗ്രാമപഞ്ചായത്തിന്റെ കിഴക്ക്, പടിഞ്ഞാറ്, :വടക്ക് ഭാഗങ്ങൾ ഉയർന്ന പ്രദേശങ്ങളാണ്. തെക്കുകിഴക്കു ഭാഗവും മദ്ധ്യഭാഗവും സമതലങ്ങളാണ്. നാലാഞ്ചിറ, പേരാപ്പൂര് പുതുവൽ, കോളശ്ശേരിക്കോണം, ഇരപ്പുകുഴിലക്ഷം വീട്, പൗൾട്രിഫാം, പറയൻവിളാകം, കൊക്കരവാരം ഹാർവീപുരം, കുന്നിൻപുറം, പുത്തൻവിള എന്നിവ ഏറ്റവും ഉയർന്ന പ്രദേശങ്ങളാണ്. ഇവയിൽ ഹാർവ്വിപുരം, ഇളയമ്പള്ളിക്കോണം, പുത്തൻവിള എന്നിവ കുറച്ച് പാറക്കെട്ടുകൾ ഉള്ള പ്രദേശങ്ങളാണ് (ഭൂപടം 4,5)

## *കാലാവസ്ഥ*

വലിയ പ്രകൃതിക്ഷോഭങ്ങൾക്കു വിധേയമാകാത്ത താരതമ്യേന ശാന്തമായ കാലാവസ്ഥയാണ് ഈ പഞ്ചായത്തിലുള്ളത്. ശരാശരി അഞ്ചു മാസക്കാലം (ജൂൺ, ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ, നവംബർ) ഇവിടെ സാമാന്യം ഭേദപ്പെട്ട മഴ ലഭിക്കുന്നു. ഇടവപ്പാതിക്കാലത്താണ് കൂടു




Scale: 1:12,500

0 1 2 cms.

A→N ആരംഭം മുതൽ അവസാനം വരെ സഞ്ചരിച്ച വഴി

3-പഠന പര്യടന മാർഗ്ഗ ഭൂപടം

CESS NOV.96




4-നിമ്നോന്നതി

CESS NOV 96




5-ഭൂ രൂപങ്ങൾ

CESS NOV 96




6-ജല ലഭ്യത

CESS NOV 96


KUDAPPANAKUNNU GRAMA PANCHAYATH
76° 56'30"
76° 58'
8°33'45'
8°33'45"
8°31'45"
8°31'45"
76° 56'30"
76° 58'
N
Maruthur
Karakulam
Mukkola Jn
Mannanthala
To Kottayam
Karakulam
Kudappanakunnu
Nalanchira
Padirapally
Ulloor
MC ROAD
Vattiyoorkav
Choozhampala
Peroorkada Jn
To Trivandrum
Paruthippara
Muttada
Vayalikada
Ambalammukku Jn
Trivandrum Corporation
Scale: 1:12,500
0 1 2
cms.
സൂചിക
തോട്
റോഡ്
നീർമറി വിഭാജകം
നീർമറിപ്രദേശം
പഞ്ചായത്ത് അതിര്
നീരൊഴുക്ക് ദിശ

7- നീരൊഴുക്ക്



KUDAPPANAKUNNU GRAMA PANCHAYATH
76°56'30"
76°58'
8°33'45"
8°31'45"
N
Maruthur
Karakulam
Mukkola Jn
Mannanthala
To Kottayam
Kudappanakunnu
Nalanchira
Padirapally
Ulloor
MC ROAD
Vattiyoourkav
Choozhampala
Peroorkada Jn
Paruthippara
Muttada
Vayalikada
Ambalammukku Jn
To Trivandrum
Trivandrum Corporation
Scale: 1:12,500
0 1 2
cms.
എക്കൽ മണ്ണ്
ചെമ്മണ്ണ് (വെട്ടുകല്ല്)
റോഡ്
പഞ്ചായത്ത് അതിര്


8-മണ്ണിന്റെതരം




൭-ഭൂവിനിയോഗം

CESS NOV 96

തൽ മഴ ലഭിക്കുന്നത്. ഇടമഴകളും ലഭിക്കാറുണ്ട്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് താരതമ്യേന വർദ്ധിച്ച ചൂട് അനുഭവപ്പെടുന്നത്. കൊടുംകാറ്റുകളോ ചൂടുകാറ്റുകളോ ഉണ്ടാകാറില്ല. നവംബർ, ഡിസംബർ, ജനുവരി മാസങ്ങൾ പൊതുവേ മഞ്ഞു കാലമാണ്.

## ജല ലഭ്യത

35 കുളങ്ങളും 3 പ്രധാനപ്പെട്ട തോടുകളും അനവധി കൈത്തോടുകളും ഈ പഞ്ചായത്തിലുണ്ട് (ഭൂപടം6).ഇവിടത്തെ നീർമറി പ്രദേശങ്ങളുടെ വിവരങ്ങൾ ഭൂപടം7ൽ പ്രതിപാദിക്കുന്നു. എന്നാൽ ഈ ജലസംഭരണികളും ജല സ്രോതസ്സുകളും വേണ്ടും വണ്ണം സംരക്ഷിക്കപ്പെട്ടിട്ടില്ല. കുളങ്ങൾ മഹാഭൂരിപക്ഷവും ഉചിതമായ അറ്റകുറ്റപണികളുടെ അഭാവം കൊണ്ട് മലിനജല സങ്കേതങ്ങളായി മാറിയിരിക്കുന്നു. തോടുകളും കൈത്തോടുകളും ബണ്ടുകൾ (തടയണകൾ) കാലാകാലങ്ങളിൽ നിർമ്മിക്കുന്നതു കൊണ്ടും, ഉള്ളവ സംരക്ഷിക്കാത്തതുകൊണ്ടും അവിടവിടെ വെള്ളം കെട്ടിക്കിടക്കാത്ത അവസ്ഥയാണ് ഉള്ളത്. ഉള്ള നെൽകൃഷിക്കു പോലും പ്രകൃതിദത്തമായ ജലം ഉപയോഗിക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല ഗുരുതരമായ പാരിസ്ഥിതി പ്രശ്നങ്ങൾക്കും ഇത് കാരണമാകുന്നു. ആറ് കുഴൽക്കിണറുകൾ ഉണ്ടെങ്കിലും ഭൂഗർഭജലത്തിൻെറ സാധ്യതകളെ ഉചിതമായ രീതിയിൽ ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല.

## മണ്ണ്

അപൂർവ്വമായി പാറകളുള്ള കുന്നും പ്രദേശങ്ങൾ ഉണ്ടെങ്കിലും ഫലപുഷ്ടിയുള്ളതും കൃഷിക്കു അനുയോജ്യവുമായ എക്കൽമണ്ണും, ചെമണ്ണുമാണ് പഞ്ചായത്തിൽ പൊതുവേ ഉള്ളത് (ഭൂപടം 8).

## ഭൂവിനിയോഗം

2028.38 ഏക്കർ ഭൂമിയാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 1525.66 ഏക്കർ പുരയിടവും 502.72 ഏക്കർ നിലവും ഉണ്ട്. 108.63 ഏക്കർ പുറമ്പോക്ക് ഉണ്ട്. ഇതിൽ നിലങ്ങളിൽ ഭൂരിഭാഗവും നികത്തിക്കഴിഞ്ഞിരിക്കുന്നു. ഇവിടുത്തെ പ്രധാന കൃഷി തെങ്ങ്, നെല്ല്, മരച്ചീനി, വാഴ മറ്റ് ഇടവിളകൾ തുടങ്ങിയവയാണ്. റബ്ബർ, കുരുമുളക് തുടങ്ങിയ നാണ്യവിളകളും കൃഷി ചെയ്യുന്നു. ഈ പഞ്ചായത്തിൽ ഒരു കാലത്ത് സമൃദ്ധമായി നടന്നിരുന്ന നെൽകൃഷി അനുനിമിഷം നശിച്ചുകൊണ്ടിരിക്കുന്നു (ഭൂപടം 9). ഇരിപ്പുനിലങ്ങളാണ് ഇവിടെയുള്ളത്.

## മനുഷ്യവിഭവം

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 33,534 ആണ്. ഇതിൽ 16506 പുരുഷന്മാരും, 17028 സ്ത്രീകളുമാണുള്ളത്. 3796 പേർ ആറുവയസ്സിനു താഴെയുള്ള കുട്ടികളാണ്. ശേഷിക്കുന്ന 29738 ആൾക്കാരിൽ 14,130 പേർ സാമാന്യത്തിലുപരി വിദ്യാഭ്യാസം നേടിയവരാണ്. എങ്കിലും നമ്മുടെ പഞ്ചായത്തിൽ ഭൂരിപക്ഷം പേരും സാക്ഷരത നേടിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചവരിൽ 9683- പേർ സ്ഥിരജോലിയുള്ളവരും (പുരുഷൻമാർ 7451,സ്ത്രീകൾ 2208) 431 കൃഷിക്കാരും (പുരുഷന്മാർ 396, സ്ത്രീകൾ 35) 2057 കർഷകത്തൊഴിലാളികളും (പുരുഷന്മാർ 1812 സ്ത്രീകൾ 245) 190പേർ (147 പു. 43 സ്ത്രീകൾ ) കന്നുകാലിവളർത്തലിനെ ആശ്രയിച്ചു ജീവിക്കുന്നവരും 15പേർ (പു.14, സ്ത്രീ1) പാറത്തൊഴിലാളികളും 58 പേർ (47 പു.11 സ്ത്രീ) വീട്ടുപകരണങ്ങളുടെ നിർമ്മാണം/ അറ്റകുറ്റപണികൾ തുടങ്ങിയവ ചെയ്തു ജീവിക്കുന്നവരും, 930 പേർ (പു.756 സ്ത്രീ 174) ഗാർഹികേതര സാധന സാമഗ്രികളുടെ നിർമ്മാണവും അറ്റകുറ്റപണിയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരും 563പേർ (പു.527 സ്ത്രീ.36) നിർമ്മാണത്തൊഴിലാളികളും 1076 പേർ (പു.872, സ്ത്രീ.204) വ്യാപാര വ്യവസായങ്ങളിലൂടെ ഉപജീവനം നടത്തുന്നവരും 811 പേർ (പു.733, സ്ത്രീ.75) ചുമട്ടുതൊഴിലാളികളും 3522 പേർ (പു.2147,സ്ത്രീ1375) മറ്റു തൊഴിലുകൾ ചെയ്തു ജീവിക്കുന്നവരും 498 പേർ (പു.356, സ്ത്രീ.142) നാമമാത്രമായി തൊഴിൽ ചെയ്യുതു ജീവിക്കുന്നവരും ആണ്. തൊഴിൽ രഹിതരായവരുടെ എണ്ണം 23383 ആണ്. 30.27% ആണ് തൊഴിൽ പങ്കാളിത്തം. രൂക്ഷമായ തൊഴിലില്ലായ്മ നേരിടുന്ന ഈ പഞ്ചായത്തിൽ കാര്യമായ വ്യാവസായിക സംരഭങ്ങൾ ഒന്നും തന്നെയില്ല എന്നതാണ് സത്യം.

# കൃഷിയും ജലസേചനവും

കുടപ്പനക്കുന്ന് ഗ്രാമ പഞ്ചായത്ത് തിരുവനന്തപുരം റൂറൽ ബ്ലോക്കിൽപ്പെട്ടതാണ്. തിരുവനന്തപുരം നഗരത്തോടു തൊട്ടുരുമ്മിക്കിടക്കുന്ന ഈ പ്രദേശം ഒരഞ്ചു പതിറ്റാണ്ടു മുൻപുവരെ പരമ്പരാഗത രീതിയിൽ കൃഷി ചെയ്തിരുന്ന വിപുലമായ ഒരു പാടശേഖരമായിരുന്നു. വിശാലങ്ങളായ രണ്ടു പാടശേഖരങ്ങളാണ് ഈ പ്രദേശത്തുണ്ടായിരുന്നത്. കുശവർക്കൽ ഏലായും വഴയില ഏലായും. ഈ ഗ്രാമത്തിന്റെ വടക്കേ അതിർത്തിയായ മണ്ണന്തലയിൽ നിന്നു തുടങ്ങി തെക്കോട്ട്, അഞ്ചുമുക്ക്, മുട്ടട വഴി തെക്കേ അതിർത്തിയായ വയലിക്കട വരെയും, നോക്കിയാൽ നോക്കെത്താത്ത ദൂരത്തോളം നെടുനീളേ കിടന്നിരുന്ന പാടശേഖരങ്ങളിൽ നിന്ന് ഒരു കൈവഴി പേരാപ്പൂര് നിന്നു പിരിഞ്ഞ് കോളശ്ശേരിക്കോണം വരെയും, മറ്റൊന്ന് പിരിഞ്ഞ് പുല്ലാകോണം വരെയും എത്തിയിരുന്നു. കുടപ്പനക്കുന്നിന്റെ ചരിവുകളിൽ നിന്ന് ഊർന്നിറങ്ങിയമട്ടിൽ കൊക്കരവാരത്തു നിന്നും തുടങ്ങുന്ന വഴയില ഏലാ ശാസ്താക്ഷേത്രത്തെ തൊട്ടുവണങ്ങി കിഴക്ക് കിള്ളിയാറിന്റെ തീരം വരെയും പടിഞ്ഞാറ് തേവുക്കോണം വരെയും വ്യാപിച്ചുകിടന്നിരുന്നു. ഈ പാടശേഖരങ്ങളെ നനയ്ക്കാൻ ഈ ഗ്രാമത്തിൽ നാൽപ്പതിൽപരം കുളങ്ങളാണുണ്ടായിരുന്നത്. ഈ കുളങ്ങളിൽ നിന്നും പാട ശേഖരങ്ങളിൽ വെള്ളം എത്തിക്കുന്നതിനുള്ള കൈത്തോടുകളും ഗ്രാമത്തിന്റെ വിവിധ കോണുകളിലുണ്ടായിരുന്ന ഒരിക്കലും വറ്റാത്ത നീരുറവകളിൽ നിന്നു തുടങ്ങി, വയലേലകളുടെ ഓരം പറ്റിയൊഴുകിയിരുന്ന തോടുകളും ഇവിടെയുണ്ടായിരുന്നു. ഇവയെല്ലാം ഇന്ന് പഴമക്കാരുടെ ഓർമ്മകളിൽ മാത്രം. നമ്മുടെ മുൻ തലമുറകളെ സമൃദ്ധമായനുഗ്രഹിച്ചിരുന്ന പാടശേഖരങ്ങളുടെ നല്ലൊരു പങ്ക് നാഗരികതയുടെ കടന്നാക്രമണത്തിൽ അമർന്നു കഴിഞ്ഞു. ശേഷിക്കുന്ന പാടശേഖരങ്ങളെയെങ്കിലും സംരക്ഷിക്കുകയും, മൺമറഞ്ഞു പോയ ജലാശയങ്ങളെ കണ്ടെത്തുകയും, ചത്തതിനൊപ്പമേ ജീവിച്ചിരിക്കിലും എന്ന മട്ടിൽ ശേഷിക്കുന്നവയെ വരും തലമുറകൾക്ക് ഉതകുമാറ് സംരക്ഷിക്കുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്.

മാറിയ പരിതസ്ഥിതികളിൽ നെൽകൃഷി ലാഭകരമല്ല എന്നുള്ള കർഷകരുടെ നിലപാടും നഗരസാമീപ്യമുള്ളതിനാൽ അമിതമായ വിലകൊടുത്ത് ഭവനനിർമ്മാണത്തിനായി ആളുകൾ നിലങ്ങൾ വാങ്ങാൻ തയ്യാറാകുന്നതുമൊക്കയാണ് നമ്മുടെ വയലേലകളുടെ ശോഷണത്തിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. വയലേലകളുടെ ശോഷണം നമ്മുടെ പൊതുസ്വത്തായിരുന്ന ജലാശയങ്ങളുടെയും സ്വകാര്യജലാശയങ്ങളുടെ പോലും തിരോധാനത്തിനു കാരണമായി. ചെറുതും വലുതുമായ ജലശായങ്ങളുടെയും, നീർച്ചാലുകളുടെയും, തിരോധാനത്തേയും അത് പരിസ്ഥിതിയിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങളേയും ഉത്കണ്ഠയോടെ മാത്രമേ നമുക്കു കാണാൻ കഴിയൂ. വർഷകാലത്തുപോലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുമ്പോൾ കൃഷിയുടെ കാര്യം പറയാതിരിക്കുകയല്ലേ ഭേദം? എള്ളുവിള, തെങ്ങുവിള, വാഴവിള, പ്ലാവിള എന്നീ സ്ഥലനാമങ്ങൾ മുൻകാല ഗ്രാമ ജീവിതത്തിന് കൃഷിയുമുണ്ടായിരുന്ന അഭേദ്യമായ ബന്ധത്തിനുദാഹരണങ്ങളാണെങ്കിൽ ഇന്നു നാം അന്യ നാടുകളിൽ നിന്നെത്തുന്ന, നീരുവറ്റിയ പച്ചക്കറികൾക്കുവേണ്ടി കാണിക്കുന്ന വ്യഗ്രത നമുക്ക് കൃഷിയുമായുണ്ടായ അകൽച്ചക്കുദാഹരണമാണ്. ഈ അകൽച്ച നമ്മുടെ തലമുറയെ അതിദാരുണമായ ഒരുപതനത്തിലെത്തിക്കുന്നതിനു മുൻപ് നമുക്ക് പ്രകൃതിയിലേക്കും പ്രകൃതി നമുക്ക് കനിഞ്ഞു നൽകിയ വിഭവങ്ങളിലേക്കും ഒരു തിരിച്ചു പോക്കു നടത്തേണ്ടിയിരിക്കുന്നു.

മുൻ തലമുറയ്ക്ക് കൃഷിയുമായിണ്ടായിരുന്ന ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് നമ്മുടെ നഷ്ടപ്പെട്ടുപോയതും ഉപയോഗശൂന്യമായിക്കിടക്കുന്നതുമായ ജലസ്രോതസ്സുകൾ ഈ തലമുറയ്ക്കും വരും തലമുറയ്ക്കും പ്രയോജനപ്രദമാക്കുന്നതിനും. ഗ്രാമപഞ്ചായത്ത് പ്രസ്തുത ജലാശയങ്ങൾ വീണ്ടെടുക്കുകയും കൃഷി, കുടിവെള്ളം, മീൻവളർത്തൽ, കായിക പരിശീലനം തുടങ്ങിയ സ്വീകാര്യമായ ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും വേണം.

ഈ ഗ്രാമപഞ്ചായത്തുമേഖലയിൽ ഇന്ന് ഉപയോഗിച്ചു വരുന്നതോ അറ്റകുറ്റപണികൾ ചെയ്താൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്നതോ ആയ ജലാശയങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## തോടുകൾ

1. ഇരപ്പുകുഴി - കുന്നത്തുനട ചൂഴമ്പാല പട്ടം തോട്.
2. വെയിലിക്കുന്ന് - ചൂഴമ്പാലതോട്.
3. മുണ്ടയ്ക്കൽ - ചൂഴമ്പാലതോട്.
4. കൊക്കരവാരം, പുല്ലുകുളം - വഴയിലതോട്
5. തുമ്പിക്കോണം - വഴയിലതോട്.
6. ഉദിയന്നൂർ - അമ്പനാട്ടു നട തോട്
7. തേവുക്കോണം - കട്ടയ്ക്കാൽ തോട്
8. ഊരുക്കോണം - രാമപുരം തോട്
9. ഉളിയനാട് - വളവും മൂലതോട്
10. അഞ്ചുമുക്ക് - പനയപ്പള്ളിതോട്
11. കുശവർക്കൽ - അമ്പലത്തു നട തോട്
12. പുലിയൂർക്കോണം- ചൂഴമ്പാലത്തോട്
13. ഊറ്റുകുഴി - പേരാക്കുളം തോട്
14. മുണ്ടേക്കോണം - പുത്തൻവീട് തോട്
15. കുറ്റിച്ചക്കോണംതോട്
16. കോളശ്ശേരിക്കോണം -കുശവർക്കൽ തോട്

## കുളങ്ങൾ

1. കുന്നത്തുകുളം
2. കയ്പാലൂർ ചിറ
3. പൂമല്ലിയൂർക്കോണം ചിറ
4. കുറ്റിച്ചക്കോണം കുളം
5. അമ്പലത്തറകുളം
6. കുഴക്കാട്ടുകുളം
7. ഉദിയന്നൂർകുളം
8. ഉളിയനാടു കുളം
9. പണയിൽ കുളം
10. കട്ടയ്ക്കാൽകുളം(പരുത്തിച്ചിറ)
11. മണ്ണാംകോണം ചിറ
12. ചെങ്കല്ലൂർകുളം
13. മുണ്ടയ്ക്കൽകുളം
14. അയണിക്കാട്ടു കുളം
15. ചാത്തിയോട്ടു കുളം
16. താമര ഭാഗം കുളം
17. മഴവഞ്ചേരിക്കുളം
18. പൂമലിയൂർക്കോണം കുളം
19. കുഴക്കാട്ടുകോണം ചിറ
20. കോളശ്ശേരിക്കോണം ചിറ
21. വടശ്ശേരിക്കോണം ചിറ
22. ഊരുക്കോണം കുളം
23. പേരാക്കുളം
24. മേക്കോണത്തുകുളം
25. തെക്കേ മണ്ണാംകോണം കുളം

ഇവ പുനരുദ്ധരിച്ച് വിവിധ ആവശ്യങ്ങൾക്കായി ഗ്രാമവാസികൾക്കു ലഭ്യമാക്കണം.

## നീരുറവകൾ

എല്ലാ കാലത്തും ജലം ലഭിക്കുന്ന നിരവധി നീരുറവകൾ നമുക്കുണ്ട്. ഇന്നുള്ള നീരുറവകൾ സംരക്ഷിക്കണം. സ്വകാര്യകുളങ്ങൾ നിർമ്മിയ്ക്കുന്നതിനുള്ള സാംമ്പത്തിക സഹായം ലഭ്യമാക്കണം. ഈ ഗ്രാമപഞ്ചായത്തു പ്രദേശത്തെ പ്രധാന കൃഷി ഇനങ്ങളും അവയുടെ ഇന്നത്തെ അവസ്ഥയും പരിഗണിക്കേണ്ട പ്രശ്നങ്ങളാണ്.

നെല്ല്, തെങ്ങ്, മരച്ചീനി, വാഴ, പച്ചക്കറികൾ എന്നിവയാണ് ഈ ഗ്രാമപഞ്ചായത്തു പ്രദേശത്തെ പ്രധാന വിളകൾ.

## നെല്ല്

നെൽപ്പാടങ്ങൾക്കു ശോഷണം സംഭവിച്ചിട്ടുണ്ടെങ്കിലും നമ്മുടെ മുഖ്യ ആഹാരം ഇന്നും അരി തന്നെയാണല്ലോ. അതുകൊണ്ട് അതുൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചേ മതിയാകൂ. ഇന്നുള്ള നിലങ്ങൾ സംരക്ഷിക്കുകയും അവയിൽ ലാഭകരമായി നെൽകൃഷി നടത്താൻ കർഷകനു വേണ്ട സഹായങ്ങൾ നൽകി പ്രോൽസാഹിപ്പിക്കുകയുമാണ് പ്രധാനമായും ചെയ്യാനുള്ളത്. കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കുക, നല്ല വിത്ത്, വളം എന്നിവ അനായസേന കർഷകനു ലഭ്യമാക്കുക, ശാസ്ത്രീയമായ നിർദ്ദേശങ്ങൾ യഥാസമയം കർഷകനു ലഭ്യമാക്കുക എന്നിവയാണ് ഈ രംഗത്തു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

## തെങ്ങ്

കേരളത്തിന്റെ തനതായ കൃഷിയാണല്ലോ തെങ്ങ്. നികത്തിയ നെൽപ്പാടങ്ങളുടെ ഏറിയപങ്കും അപഹരിച്ചതും തെങ്ങു തന്നെ. പക്ഷേ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ നാം തെങ്ങു കൃഷിയുള്ള മറ്റു സംസ്ഥാനങ്ങൾക്കുപോലും പിന്നിലാ

ണെന്ന വസ്തുത വളരെ ഗൗരവമായി തന്നെ കണക്കിലെടുക്കേണ്ടിയിരിക്കുന്നു. അശാസ്ത്രീയ മായ കൃഷി രീതി, രോഗപ്രതിരോധ മാർഗ്ഗങ്ങ ളുടെ അപര്യാപ്തത, കർഷകരുടെ അനാസ്ഥ എന്നിവയാണ് ഈ പിന്നോക്കാവസ്ഥയ്ക്കു കാര ണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ കർഷകനു ലഭ്യമാക്കുക. ജൈവവളം പ്രോൽസാഹിപ്പിക്കുക. ജല ലഭ്യത, മണ്ണു സംര ക്ഷണം എന്നിവ ഉറപ്പുവരുത്തുക, നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുക എന്നിവയാണ് ഈ രംഗത്ത് കർഷകനെ സഹായിക്കാനും ഉൽപ്പാദന ക്ഷമത കൂട്ടുവാനും അടിയന്തിരമായി ചെയ്യേണ്ടത്.1996-ലെ കണക്കനുസരിച്ച് നമ്മുടെ പ്രദേശത്ത് 1,45,850 തെങ്ങുകളിൽ നിന്നായി ഇന്നു 24 ലക്ഷം തേങ്ങ ലഭിക്കുന്നു.

കേര ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സഹായകമായി ചുവടെ ചേർക്കുന്ന സംസ്ക്കരണ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ഇവ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നതും ശ്രദ്ധേയമാണ്.

1. നാളികേര സംസ്ക്കരണ യൂണിറ്റ്. (നാളികേരം ഉണക്കി കൊപ്രയാക്കുന്നതും, കൊപ്ര ആട്ടി വെളിച്ചെണ്ണയും പിണ്ണാക്കും എടുക്കുന്നതും.)
2. ചകിരി, ചിരട്ട, വാഴനാര്, കൈതയോല എന്നിവ കൊണ്ടുള്ള കൗതുകവസ്തു നിർമ്മാണ യൂണിറ്റ്.
3. തേങ്ങാവെള്ളം ഉപയോഗിച്ചുള്ള സോഫ്റ്റ് ട്രിങ്ക്സ് (Soft drinks) നിർമ്മാണ യൂണിറ്റ്.
4. പഞ്ചായത്തിൽ മുന്ന് ഇളനീർ വിൽപ്പന കേന്ദ്രമെങ്കിലും സ്ഥാപിക്കുക.

### *മരച്ചീനി*

നമ്മുടെ ആഹാരക്രമത്തിൽ നെല്ലരിയോളം തന്നെ പ്രാധാന്യം മരച്ചീനിക്കും ഉണ്ടായിരുന്നു. നമ്മുടെ കൃഷിവിളകളിലും നെൽകൃഷിക്കുള്ള പ്രാധാന്യം മരച്ചീനിക്കും ഉണ്ടായിരുന്നു. എന്നാൽ നെൽകൃഷിക്ക് നമ്മുടെ നാട്ടിൽ നേരിട്ട ദുര്യോഗം തന്നെയാണ് മരച്ചീനിയ്ക്കും നേരിട്ടിരിക്കുന്നത്. ഉൽപ്പാദനത്തിൽ വന്ന കുറവുകൊണ്ടു മാത്രമല്ലെങ്കിൽ പോലും മരച്ചീനിയ്ക്ക് നമ്മുടെ ആഹാരക്രമത്തിൽ ഉണ്ടായിരുന്ന പ്രാധാന്യം നാൾക്കുനാൾ കുറഞ്ഞു കൊണ്ടാണിരിക്കുന്നത്. മരച്ചീനി കൃഷി പ്രോൽസാഹിപ്പിക്കേണ്ടത് ഭക്ഷ്യ ക്ഷാമ പരിഹാരത്തിന് ഒരു പരിധിവരെ സ്വീകാര്യമായ ഒരു നടപടിയാണ്. ഇതിനു വേണ്ട ബോധവൽക്കരണവും ആവശ്യമാണ്.

### *വാഴ*

തെങ്ങെന്നപോലെ തന്നെ നമ്മുടെ നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഒരു വിളയാണ് വാഴ. ഈ ഗ്രാമപഞ്ചായത്തു മേഖലയിൽ വൻതോതിലുള്ള വാഴ കൃഷിയില്ല. എങ്കിലും സാധാരണ കൃഷി ചെയ്യാറുള്ള എല്ലാ നാടൻ, മറുനാടൻ ഇനങ്ങളും ഇവിടെ കൃഷി ചെയ്തു വരുന്നു. വീടിനു പരിസരത്തുള്ള വാഴക്കൃഷി പ്രോൽസാഹിപ്പിക്കേണ്ടതാണ്. ഇതിനുവേണ്ട ബോധവൽക്കരണം നൽകണം. വിത്ത് വളം എന്നിവ യഥാസമയം ലഭ്യമാക്കണം.

## *പച്ചക്കറികൾ*

പോഷകഗുണങ്ങളുള്ള പച്ചക്കറികൾ നമ്മുടെ ആഹാരക്രമത്തിൽ പ്രധാന പങ്കു വഹിക്കുന്ന ഒന്നാണ്. പക്ഷേ നമ്മുക്കാവശ്യമുള്ള പച്ചക്കറികൾ നമ്മുടെ നാട്ടിൽ തന്നെ ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ നാം നാൾക്കുനാൾ പുറകോട്ടു പോകുകയാണ്. വിശ്രമ വേളകളിലുള്ള ലഘുവായ ശ്രമം കൊണ്ടു തന്നെ നമ്മുടെ വീട്ടു പരിസരത്തു നമുക്കാവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ കഴിയും. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ അടുക്കളത്തോട്ടം, ടെറസ്സിലും, പോളിത്തീൻ കവറുകളിലുമുള്ള പച്ചക്കറി കൃഷി, എന്നിവ പ്രോൽസാഹിപ്പിക്കുകയും വ്യാപകമായി ബോധവൽക്കരണം നടത്തുകയും വേണം. ശാസ്ത്രീയമായ കൃഷിയുടെ പ്രചാരണം, നല്ല വിത്ത്, വളം എന്നിവ ആവശ്യാനുസരണം കർഷകനു ലഭ്യമാക്കണം. ഇക്കാര്യങ്ങളിൽ കൃഷിഭവന്റെ സേവനം പരമാവധി ലഭ്യമാക്കണം. എല്ലാ വീടുകളിലും അടുക്കളത്തോട്ടം, ഒരു വാർഡിൽ പത്തു മാതൃക പച്ചക്കറി യൂണിറ്റ് എന്നിവ നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകണം.

### *മറ്റു കിഴങ്ങുവർഗ്ഗങ്ങൾ*

മറ്റു കൃഷികൾക്ക് യോഗ്യമല്ലാത്ത വൃക്ഷച്ചോലകളിൽ പോലും കൃഷി ചെയ്യാവുന്ന വിളകളാണ് കാച്ചിൽ, ചെറുകിഴങ്ങ്, നനകിഴങ്ങ്, കൂവ, ചേന, ചേമ്പ്, മുതലായവ. ഈ വിളകൾ നാം പാഴാക്കിക്കളയുന്ന ജൈവാംശങ്ങൾ മാത്രം വളമായി ഉപയോഗിച്ചു തന്നെ കൃഷി ചെയ്യാവുന്നതാണ്. ഈ കൃഷിക്ക് ആവശ്യമായ പ്രോൽസാഹനം നൽകുകയും വിത്ത്, വളം, സാങ്കേതിക സഹായം എന്നിവ കൃഷിഭവൻ വഴി ലഭ്യമാക്കുകയും വേണം.

### *ഇലക്കറി കൃഷി*

പോഷകഗുണങ്ങളുള്ള പച്ചക്കറികളിൽ മുൻപന്തിയിൽ നിൽക്കുന്ന ഇലക്കറികളുടെ കൃഷി പ്രോൽസാഹനം അർഹിക്കുന്നു. അത്യദ്ധ്വാനം കൂടാതെ തന്നെ വീട്ടുപരിസരത്തു

നമ്മുക്കാവശ്യമുള്ള ഇലക്കറിച്ചെടികൾ കൃഷി ചെയ്യാൻ കഴിയും. വിവിധയിനം ചീരകൾ, മുരിങ്ങ മുതലയാവയുടെ കൃഷിയെ പ്രോൽസാഹിപ്പിക്കണം. അതിനാവശ്യമുള്ള വിത്ത്, വളം, സാങ്കേതിക നിർദ്ദേശങ്ങൾ എന്നിവ കൃഷി ഭവൻ വഴി ലഭ്യമാക്കണം. പഞ്ചായത്തു വക പൊതു സ്ഥലങ്ങൾ ഇതിനു ഉപയോഗിക്കാവുന്നതാണ്.

### *ഔഷധ സസ്യ കൃഷി*

തുളസി, കരിനൊച്ചി, കറ്റാർവാഴ മുതലായ ഔഷധ സസ്യങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കണം. ഇതിനായി സാമ്പത്തിക സഹായവും മാർഗ നിർദ്ദേശങ്ങളും ലഭ്യമാക്കണം.

### *പൂച്ചെടി കൃഷി ഓർക്കിഡ്, ആന്തൂറിയം)*

വളരെ ആദായകരമായി നടത്താവുന്ന ഒരു കൃഷിയാണ് പൂച്ചെടി കൃഷി. ഈ കൃഷിയിൽ താൽപ്പര്യവും സ്ഥലസൗകര്യവുമുള്ളവർക്ക് വിത്ത്, വളം എന്നിവയും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

### *വെറ്റില കൃഷി*

വെറ്റില കൃഷി ചെയ്തു വരുന്നതും താൽപ്പര്യമുള്ളതുമായ കൃഷിക്കാർക്കു സാമ്പത്തിക സഹായം നൽകണം.

### *മഞ്ഞൾ,ഇഞ്ചി*

മഞ്ഞൾ, ഇഞ്ചി തുടങ്ങിയവ കൃഷി ചെയ്യുന്നതിനാവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

### *കൂൺകൃഷി.*

സമൃദ്ധമായ പോഷകഗുണങ്ങളുള്ള ഒരു സസ്യാഹാരമാണ് കൂൺ. പക്ഷേ ലഭ്യത കുറവു കാരണം പലർക്കും ഇത് ഉപയോഗിക്കാൻ കഴിയുന്നില്ല. പന്ത്രണ്ടോളം വിവിധയിനം കൂണുകളാണ് ഇന്ന് കൃഷി ചെയ്ത്തു വരുന്നത്. "സ്വയം തൊഴിൽ" ആയി ധാരാളം പേർ ഇപ്പോൾ കൂൺ കൃഷി ചെയ്തു വരുന്നു. താൽപ്പര്യവും സ്ഥല സൗകര്യവുമുള്ളവർക്ക് വിത്ത്, സാങ്കേതിക സഹായം സാമ്പത്തിക സഹായം എന്നിവ നൽകി കൂൺ കൃഷി പ്രോൽസാഹിപ്പിക്കേണ്ടതാണ്. രണ്ട് വിത്തുൽപ്പാദന കേന്ദ്രമെങ്കിലും സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കണം.

ഏതു കൃഷിയുടെയും വളർച്ചയ്ക്കും നില നിൽപ്പിനും അതിനുയോജിച്ച സാഹചര്യങ്ങൾ നിലനിൽക്കേണ്ടത് അത്യാവശ്യമാണ്. നിരന്തരമായ ഉപയോഗം മൂലം മണ്ണിനുണ്ടായിട്ടുള്ള ഫലപുഷ്ടിക്കുറവ് പ്രധാനപ്പെട്ട ഒന്നാണ്. ഇതിനു പരിഹാരമായി ജൈവവള പ്രയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ് (മണ്ണിര കമ്പോസ്റ്റ്) ഓരോ വീടിന്റെയും പരിസരത്ത് പാഴാക്കി കളയുന്ന ജൈവാംശങ്ങൾ ഒരു കുഴിയിൽ നിക്ഷേപിച്ചാൽ ആവശ്യമായ ജൈവവളം സംഭരിക്കാം. ജൈവ വളം സംഭരിക്കൽ ബൃഹത്തായ ഒരു പദ്ധതിയായി പ്രോൽസാഹിപ്പിക്കണം. അതിനായി വേണ്ട ബോധവൽക്കരണവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

കൃഷിക്ക് ദോഷം ചെയ്യുന്ന വിവിധയിനം കീടങ്ങളേയും എലി, പെരിച്ചാഴി എന്നീ ജന്തുക്കളെയും നശിപ്പിക്കുന്നതിന് കൃഷിവകുപ്പുദ്യോഗസ്ഥൻമാരുടെ സഹകരണത്തോടെ ഒരു യജ്ഞം തന്നെ നടത്തണം. (ഒരു ദിവസം തന്നെ പഞ്ചായത്തിലെ എല്ലാ വീടുകളിലും എലി വിഷം വയ്ക്കുക).

ഇപ്പോൾ കർഷകർക്കു കിണർകുഴിക്കാനും പമ്പു സെറ്റ് സ്ഥാപിക്കാനുമുള്ള സാമ്പത്തിക സഹായത്തിനുള്ള ഭൂ പരിധി മുപ്പത് സെന്റാണ്. ഇത് പത്ത് സെന്റായി കുറയക്കണം.

കുടപ്പനക്കുന്ന് പ്രദേശത്തെ പറയൻവിളാകം, കുന്നത്തു നട, ഇരപ്പുകുഴി, മുണ്ടേക്കോണം, പേരാപ്പൂർ, വഴയില, ഇളയമ്പള്ളിക്കോണം, എന്നിവിടങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യ്തിട്ടുള്ള മണ്ണൊലിപ്പ് പരിശോധിക്കുകയും കൃഷിക്കും, വീടുകൾക്കും ദോഷം ചെയ്യുന്ന ഇത്തരം മണ്ണൊലിപ്പുകൾ തടയുകയും വേണം.

കുടപ്പനക്കുന്ന് വാർഡിൽ പണി നടന്നു വരുന്ന ഇടശ്ശേരി പുല്ലുകുളം റോഡുമായി ബന്ധപ്പെട്ട തോട് ന്യായീകരിക്കാനാക്കത്ത തരത്തിൽ വീതി കുറച്ചാണു പണി ചെയ്തു വരുന്നത്. മുൻപ് എട്ട് അടി വീതിയിൽ കിടന്നിരുന്ന തോട്, ഇപ്പോൾ കരിങ്കല്ലു കെട്ടി ചെറുതാക്കുന്നത് കൃഷിക്കും വീടുകൾക്കും മാത്രമല്ല റോഡിനു തന്നെയും ദോഷം ചെയ്യും. ഇതു പരിശോധിക്കണം.

നിലം നികത്തിയതു മൂലമുണ്ടായ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ ഓടകൾ നിർമ്മിക്കാൻ അടിയന്തിരമായ നടപടികൾ കൈക്കൊള്ളണം. കുടപ്പനക്കുന്ന് പൗൾട്രി, ഡയറി എന്നീ ഫാമുകളിൽ മുൻപ് മരച്ചീനി, പച്ചക്കറി എന്നിവ കൃഷി ചെയ്തിരുന്ന സ്ഥലത്തു നിന്നും ഇരുപത്തി അഞ്ച് ഏക്കർ സ്ഥലം നമ്മുടെ പ്രദേശത്ത് ഒരു പൊതു പച്ചക്കറി കൃഷിയിടമാക്കുക. കൃഷിക്കാർക്ക് ഗുണമേന്മയുള്ള പച്ചക്കറി വിത്തുൽപ്പാദനകേന്ദ്രം സ്ഥാപിക്കണം. ഒരു വാർഡിൽ ഒന്നു വീതമെങ്കിലും പച്ചക്കറി വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

മേല്പറഞ്ഞ വസ്തുതകൾ കാര്യമായി പരിഗണിക്കുകയും ഈ പഞ്ചായത്തിലെ ഭക്ഷ്യോൽപ്പാദന വർദ്ധനക്കുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമാണ്.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിനുള്ളിൽ കേരളാ ഗവൺമെന്റു നിയന്ത്രണത്തിലുള്ള താഴെപ്പറയുന്ന മൃഗസംരക്ഷണ-പരിശീലന സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

1. റീജിയണൽ പൗൾട്രിഫാം, കുടപ്പനക്കുന്ന്.
2. ഡിസ്ട്രിക്ട് ലൈവ് സ്റ്റോക്ക് ഫാം, കുടപ്പനക്കുന്ന്.
3. മൃഗസംരക്ഷണ പരിശീലന കേന്ദ്രം, കുടപ്പനക്കുന്ന്
4. ഐ. സി. ഡി. പി. സബ് സെന്റർ, നാലാഞ്ചിറ
5. ഐ.സി.ഡി.പി. സബ് സെന്റർ, പേരൂർക്കട.
6. വെറ്റിനറി ഹോസ്പിറ്റൽ, നാലാഞ്ചിറ.
7. വെറ്റിനറി ഡിസ്പെൻസറി, കുടപ്പനക്കുന്ന്.

ഇവയിൽ ഐ.സി.ഡി.പി സബ് സെന്റർ, നാലാഞ്ചിറ; ഐ.സി.ഡി.പി. സബ്സെന്റർ, പേരൂർക്കട; വെറ്റിനറി ഹോസ്പിറ്റൽ, നാലാഞ്ചിറ, വെറ്റിനറി ഹോസ്പ്പിറ്റൽ, കുടപ്പനക്കുന്ന്, എന്നിവയുടെ പ്രവർത്തനം, ചെറുകിട കർഷകർ, കർഷകത്തൊഴിലാളികൾ, തൊഴിൽ രഹിതയുവതീ യുവാക്കൾ എന്നീ വിഭാഗങ്ങൾക്ക് അവരുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിന് സഹായകരമാണ്.

കുടപ്പനക്കുന്നു ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം നഗരത്തോട് ചേർന്നാണു കിടക്കുന്നത്. അതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉൽപ്പന്നങ്ങൾക്കുള്ള വിപണന സാധ്യത കൂടുതലാണ്. അടുത്തകാലം വരെയും കന്നുകാലി വളർത്തലും കോഴിവളർത്തലും ഈ പ്രദേശങ്ങളിൽ കർഷകർ വളരെ ലാഭകരമായി നടത്തിയിരുന്നു. എന്നാൽ സ്ഥലപരിമിതിയും കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വില വർദ്ധനവും കാരണം വളരെയേറെ കർഷകർ ഈ രംഗത്തു നിന്നും പിൻവാങ്ങാൻ നിർബന്ധിതരായി. ഈ മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഈ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും വേണം. ഗ്രാമീണ സമ്പദ്ഘടനയെ ശക്തമാക്കാൻ ഉപകരിക്കുമാറ് ഈ മേഖലയെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പഠനത്തിനു വിധേയമാക്കി പ്രാവർത്തികമാക്കേണ്ടതാണ്.

### *ഉൽപ്പാദന മേഖല ക്ഷീരോൽപ്പാദനം.*

1. ക്ഷീരോൽപ്പാദന രംഗത്തെ സമഗ്ര വികസനത്തിന് ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് സൗജന്യ നിരക്കിൽ ഓരോ കറവമാടു വീതം വിതരണം ചെയ്യുക (വാർഡ് ഒന്നിന് 50 പേർക്ക് എന്ന തോതിൽ).
2. തൊഴിൽ രഹിതരായ യുവാക്കൾക്കും, വനിതകൾക്കും മിനിഡയറി യൂണിറ്റുകൾ (കുറഞ്ഞത് മൂന്ന് പശുക്കൾ) തുടങ്ങുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
3. പഞ്ചായത്തിലെ ക്ഷീരകർഷകർക്കു ആവശ്യമായ നല്ലയിനം കന്നുക്കുട്ടികളെ സൗജന്യ വിലയ്ക്ക് ലഭ്യമാക്കുക.
4. കന്നുകാലി വളർത്തൽ മുഖ്യ തൊഴിലായി സ്വീകരിക്കാൻ തയ്യാറുള്ളവർക്ക് സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക.
5. പ്രാദേശികമായി ലഭ്യസാധ്യതയുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് തീറ്റ ഉൽപ്പാദിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് കർഷകർക്കു വിതരണം ചെയ്യുക. ഇതിനുവേണ്ടി ഒരു 'ഫീഡ് മിക്സിംഗ് യൂണിറ്റ്' സ്ഥാപിക്കുക.
6. കർഷകർക്കു ആവശ്യമായ തീറ്റപ്പുല്ല് സ്വന്തമായി ഉൽപ്പാദിപ്പിക്കാൻ സ്ഥല സൗകര്യം ഉള്ളവർക്ക് ആവശ്യമായ വിത്തും നിർദ്ദേശങ്ങളും നൽകുക. അതോടൊപ്പം തന്നെ മിതമായ നിരക്കിൽ കർഷകർക്കു സ്വീവേജ്ഫാമിൽ നിന്ന് തീറ്റപ്പുല്ല് ലഭ്യമാക്കുക.
7. കർഷകർക്കു ആവശ്യമായ വൈക്കോൽ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന 4 മാസം മുതൽ 32 മാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ തീറ്റ, മരുന്ന്, ഇൻഷ്വറൻസ് എന്നിവ നൽകുന്ന SLBP(Special Live stock Breeding Programme) പദ്ധതി ഈ പഞ്ചായത്തിലും നടപ്പിലാക്കുക.

## വിപണന മേഖല

ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ സംഭരണം, വിപണനം എന്നിവയക്കും കർഷകർക്കാവശ്യമായ തീറ്റ, പുൽ, വൈക്കോൽ എന്നിവ യഥാസമയം അനായാസേന ലഭ്യമാക്കുന്നതിനും സഹായകമാക ത്തക്കരീതിയിൽ കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തു മേഖലയിൽ മൂന്നോ നാലോ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

പശു, ആട്, എരുമ എന്നിവ വളർത്തുന്നതിന് സർക്കാരിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സബ്സിഡിയോടെ വായ്പ നൽകി കർഷകരെ പ്രോൽസാഹിപ്പിക്കുക.

വീട്ടു വളപ്പിൽ പത്തു മുട്ടകോഴികളെ വളർത്താൻ സൗകര്യമുള്ള കൂട് സ്വന്തമായുള്ളവർക്ക് അതിനുള്ള നല്ലയിനം കോഴികളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

സ്വന്തമായി കോഴിക്കൂടില്ലാത്തവർക്ക് പത്തു കോഴികളും കൂടും സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുമാറ് ഇറച്ചിക്കോഴികളെ (250 വരെ) വളർത്താൻ സൗകര്യമുള്ളവർക്ക് സബ്സിഡിയോടെ അതി നുള്ള വായ്പ അനുവദിക്കുക.

മൃഗസംരക്ഷണ വകുപ്പിൻെറ കീഴിൽ നടന്നു കൊണ്ടിരിക്കുന്ന എഗ്ഗർ നഴ്സറി(Egger Nursery) ഒരു ദിവസം പ്രായമായ കോഴിക്കു ഞ്ഞുങ്ങളെ 60 ദിവസം വരെ നഴ്സറിയിൽ വളർത്തി കർഷകർക്കു വിതരണം ചെയ്യുന്ന പദ്ധതി ഗ്രാമപഞ്ചായത്തിൻെറ ഓരോ വാർഡി ലും നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരി ക്കുക.

മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നല്ല യിനം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ, ആട്, പന്നി, മുയൽ, കാട, താറാവ്, ടർക്കി കോഴി എന്നിവ മിതമായ വിലയ്ക്ക് വിതരണം ചെയ്യുക.

വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലവും കോഴി വളർത്തലിൽ താൽപ്പര്യവും വളർത്തുന്നതിന് സ്ക്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുക.

## സേവന മേഖല

നാലാഞ്ചിറ മൃഗാശുപത്രിക്കു് സ്വന്തമായ കെട്ടിടം ലഭ്യമാക്കുക. ടെലിഫോൺ ലബോറട്ടറി എന്നിവയുടെ പ്രയോജനം ഈ സ്ഥാപനത്തിനു ലഭ്യമാക്കുക. മൃഗാശുപത്രിക്കു രണ്ടു ഷിഫ്റ്റ് ഏർപ്പെടുത്തി ഈ സ്ഥാപനത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.

പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിന് അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശി പ്പിക്കുന്നതിന് പരിശീലനം സിദ്ധിച്ച ആളുകളെ പഞ്ചായത്ത് നിയമിക്കുക. വളർത്തു നായ്ക്കളെ പേ വിഷ ബാധയ്ക്കെതിരെ കുത്തി വയ്പ്പി ക്കാൻ ലൈസൻസിംഗ് നിയമം മൂലം നിർബന്ധി തമാക്കുക.

കുടപ്പനക്കുന്ന് മൃഗസംരക്ഷണകേന്ദ്രത്തി ൻെറ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെ ടുത്താൻ ജനങ്ങളെ ബോധവൽക്കരിക്കുക.

പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് പരിശീലനം നൽകി മൃഗസംരക്ഷണ പദ്ധതികളിൽ മുൻഗണന നൽകുക.

നല്ലയിനം നായ്ക്കുട്ടികളെ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനാവശ്യമായ പ്രോൽസാ ഹനവും സാങ്കേതിക സാമ്പത്തിക സഹായങ്ങ ളും നൽകുക.

പഞ്ചായത്തിലെ എല്ലാ കുളങ്ങളും നവീ കരിച്ച് സഹകരണാടിസ്ഥാനത്തിൽ മത്സ്യ കൃഷി നടത്താൻ നടപടികൾ സ്വീകരിക്കുക.

മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കറവമാടുകൾ, പാൽ, മുട്ട, ഇറച്ചി, കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, പുല്ല്, വൈക്കോൽ എന്നിവയുടെ സംഭരണത്തി നും, വിതരണത്തിനും കർഷകനെ സഹായിക്കു ന്നതിനും വേണ്ടി വിവിധോദ്ദേശ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുക.

വളർത്തു മൃഗങ്ങൾക്കും പക്ഷികൾക്കും സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുക.

# വിദ്യാഭ്യാസം

ഒരു ദേശത്തിന്റെ സാംസ്കാരിക മുഖഛായ നിർണ്ണയിക്കുന്നതിനുള്ള മുഖ്യ മാനദണ്ഡം ആ ദേശത്തിന് ആർജ്ജിക്കാൻ കഴിഞ്ഞ വിജ്ഞാന സമ്പത്തും അത്തരം വിജ്ഞാനത്തിന്റെ ആദാന പ്രദാനങ്ങൾക്കാധാരമായ വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങളുമാണ്. കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിൽ ഇന്നുള്ള ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമാരംഭത്തിന് വളരെ മുമ്പു തന്നെ വിദ്യാദാനത്തിനുള്ള കുടി പള്ളിക്കൂടങ്ങൾ നടത്തി വന്നിരുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്.

ഒമ്പതാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ട ക്രിയാത്മകമായ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയും വിലയിരുത്തുകയും ചെയ്തു. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസവുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെടുന്ന സ്ഥാപനങ്ങളുടെ സ്ഥിതി വിവരം താഴെ കൊടുക്കുന്നു.

## I അങ്കണവാടി

അങ്കണവാടികൾ 31അങ്കണവാടി വർക്കർ/ടീച്ചർ& ഹെൽപ്പർ 62 ഇവയിൽ 8 എണ്ണത്തിനുമാത്രമാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത്. ഈ സ്ഥാപനങ്ങളിൽ എല്ലാം കൂടി 2299 കുട്ടികൾ ഗുണഭോക്താക്കളായി ഉണ്ട് എന്നാൽ ഇവരിൽ 1143 കുട്ടികളാണ് യഥാർത്ഥത്തിൽ സ്ഥാപനങ്ങളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കുന്നത്. മറ്റുള്ളവർ ഭക്ഷണം പങ്കു പറ്റുന്നവർ മാത്രമാണ്.

## *II സർക്കാർ സ്ക്കൂളുകൾ*

1. പി.എസ്സ്. എൻ. എം. ബി.ഹൈസ്ക്കൂൾ പേരൂർക്കട.
   ആകെ കുട്ടികൾ - 652
   അദ്ധ്യാപകർ - 28
2. U.P.S. കുടപ്പനക്കുന്ന്
   കുട്ടികൾ - 631
   അദ്ധ്യാപകർ - 21
3. U.P.S. കുശവർക്കൽ
   കുട്ടികൾ -76
   അധ്യാപകർ - 8

## *III സ്വകാര്യ എയിഡഡ് സ്ക്കൂളുകൾ*

1. സെന്റ്ഗൊറേറ്റി സ്കൂൾ (L.P.S to High school)
   L.P.S കുട്ടികൾ 740; അദ്ധ്യാപകർ 15
   H.S. കുട്ടികൾ 1005; അദ്ധ്യാപകർ 34
2. കൺകോർഡിയാ ലൂഥറൻ ഹൈസ്ക്കൂൾ
   കുട്ടികൾ 447; അദ്ധ്യാപകർ 27
3. മാർത്തോമാറസിഡൻഷ്യൽ സ്ക്കൂൾ (നഴ്സറി & എൽ. പി.)
   കുട്ടികൾ ; അദ്ധ്യാപകർ 18
4. ഹയർ സെക്കന്ററി സ്ക്കൂൾ, മുക്കോല
   കുട്ടികൾ ; അദ്ധ്യാപകർ 42
5. മേരിഗിരി നഴ്സറി സ്ക്കൂൾ & L.P.S
   കുട്ടികൾ ; അദ്ധ്യാപകർ 5
6. സെന്റ്തോമസ് റസിഡൻഷ്യൽ സ്ക്കൂൾ
   കുട്ടികൾ ; അദ്ധ്യാപകർ -

## *IV ഗ്രന്ഥശാലകൾ*

1. ബാപ്പുജി ഗ്രന്ഥശാല ( A ഗ്രേഡ്), പേരൂർക്കട
2. V.P തമ്പി മെമ്മോറിയൽ ഗ്രന്ഥശാല, കുടപ്പനക്കുന്ന്.
3. ഗ്രാമസേവാസമിതി ഗ്രന്ഥശാല, പുല്ലാംകോണം.
4. ജനതാ (റീഡിംഗ് റൂം) ഗ്രന്ഥശാല. പേരാപ്പൂർ.
5. സാംസാക്കാരിക നിലയം, നാലാഞ്ചിറ.

ഇവയെല്ലാം തന്നെ തുടർ വിദ്യാഭ്യാസത്തിനു പകരിക്കാൻ പാകത്തിന് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു വരുന്നു.

## *V. വായനശാലകൾ*

1. ഫ്രൺസ് റീഡിഗ് റൂം വെയിലിക്കുന്നു
2. കുശവർക്കൽ റീഡിംഗ് റൂം, പൂമല്ലിയൂർക്കോണം
3. പാർത്ഥസാരഥി റീഡിംഗ് റൂം, അഞ്ചുമുക്കുവയൽ.
4. ഇന്ദിരാഗാന്ധി വായനശാല, ഇളയൻപള്ളിക്കോണം

ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## *VI. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ*

1. പ്രഭാത് ട്യൂട്ടോറിയൽ പേരുർക്കട, 1200 ഓളം കുട്ടികൾ പഠിക്കുന്നു. 20 അദ്ധ്യാപകർ ഉണ്ട്. സ്വന്തമായ കെട്ടിടം, ലാബ് സൗകര്യം ഉണ്ട്.

2. റോസ് കോളേജ് നാലാഞ്ചിറ, സ്ഥാപിതം 1980 കെട്ടിടം സ്വന്തമാണ്. 150 കുട്ടികൾ 10 അദ്ധ്യാപകർ.

3. S.B ട്യൂഷൻ സെന്റർ, നാലാഞ്ചിറ. സ്ഥാപിതം 1995 വാടകകെട്ടിടം 50 കുട്ടികൾ, അദ്ധ്യാപകർ.

4. S.G.S ട്യൂഷൻ സെന്റർ, നാലാഞ്ചിറ സ്ഥാപിതം 1988 .കുട്ടികൾ 60 അദ്ധ്യാപകർ വാടകകെട്ടിടം.

5. ശ്രീ സായി ട്യൂഷൻ സെന്റർ ഹാർവ്വിപുരം,സ്ഥാപിതം1996, വാടക കെട്ടിടം. കുട്ടികൾ 28 അദ്ധ്യാപകർ 2

6. കൈരളി ഹിന്ദി വിദ്യാലയം, ഹാർവ്വിപുരം, സ്ഥാപിതം 1996. വാടകകെട്ടിടം, കുട്ടികൾ 40,

7. സ്റ്റ്യൂഡന്റ്സ് സെന്റർ, മുട്ടട, സ്ഥാപിതം 1994. 100 കുട്ടികൾ അദ്ധ്യാപകർ 10 വാടക കെട്ടിടം.

8. വിദ്യാവിഹാർ ട്യൂട്ടോറിയൽ, കുടപ്പനക്കുന്ന് സ്ഥാപിതം 1979, കെട്ടിടം സ്വന്തം, കുട്ടികൾ 1000 അദ്ധ്യാപകർ 15, ലാബ് സൗകര്യം ഇല്ല.

9. സക്സസ്സ് ട്യൂഷൻ സെന്റർ, പാതിരിപ്പള്ളി, സ്ഥാപിതം 1990 കുട്ടികൾ 300, അദ്ധ്യാപകർ8.

10. ജയ്ഭാരത്

11. വിദ്യാമന്ദിർ

12. മഹാരാജ

13. ബാപ്പുജി

14. ബഥനി

**VII. റ്റൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾ**

1. റോസ്കോളേജ് നാലാഞ്ചിറ
40 കുട്ടികൾ അദ്ധ്യാപകർ 2.
റ്റൈപ്പ്റൈറ്റിംഗ് മെഷീൻ 15

2. സന്തോഷ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് ചൂഴമ്പാല,
സ്ഥാപിതം 1982, സ്വന്തം കെട്ടിടം,
മെഷീൻ 14, കുട്ടികൾ 32, അദ്ധ്യാപകർ 2.

3. നവോദയ സ്ക്കൂൾ ഓഫ് റ്റൈപ്പ്റൈറ്റിംഗ് പാതിരിപ്പള്ളി. സ്ഥാപിതം 1994, വാടകകെട്ടിടം, കുട്ടികൾ 10, അദ്ധ്യാപകർ 2.

4. എക്സൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴസ്, കുടപ്പനക്കുന്ന്. കെട്ടിടം സ്വന്തം, സ്ഥാപിതം 1974, കുട്ടികൾ 120, അദ്ധ്യാപകർ 3. മെഷീൻ 20

5. ഐശ്വര്യ ഇൻസ്റ്റിറ്റ്യൂട്ട്, കുട്ടികൾ 10 അദ്ധ്യാപകർ 2, മെഷീൻ 4.

***VIII. കമ്പ്യൂട്ടർ സ്ഥാപനങ്ങൾ***

മൂന്നു കമ്പ്യൂട്ടർ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. അവ താഴെ കൊടുക്കുന്നു.

1. ***Fortune Computer Centre,*** Poomalliyoorkonam

2. ഇൻഡ്യാ കമ്പ്യൂട്ടേഴ്സ്, മുട്ടട
(അംഗവൈകല്യം വന്നവർക്ക്)

3. ഐ.ഐ.ഐ.ടി, നാലാഞ്ചിറ.

ഇവയിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന്റെ ബാലപാഠങ്ങൾ പരിശീലിപ്പിക്കുന്നു.

***IX. അംഗീകാരമില്ലാത്തത്***

ജവഹർ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ഇളയമ്പള്ളിക്കോണം സ്ഥാപിതം 1992 , കെട്ടിടം സ്വന്തം, കുട്ടികൾ 53, 3-ാം ക്ലാസ്സുവരെ പഠിപ്പിക്കുന്നു.
അദ്ധ്യാപകർ 2, ആയ 1,
അംഗീകാരം ഇല്ല, 4-ാം ക്ലാസ്സിൽ വേറെ ഏതെങ്കിലും സ്ക്കൂളിൽ പരീക്ഷ എഴുതിക്കുന്നു.

***IX മറ്റു സർക്കാർ പഞ്ചായത്തു സ്ഥാപനങ്ങൾ***

1. ബേബി ക്രഷ് ഹാർവ്വിപുരം സ്ഥാപിതം 1981 സാമൂഹ്യക്ഷേമ വകുപ്പ് നിയന്ത്രണത്തിൽ സ്വന്തം കെട്ടിടത്തിൽ നടത്തുന്നു. കുട്ടികൾ 25 ടീച്ചർ ഒന്നു, ആയ ഒന്ന് ഇവർക്ക് 500 രൂപ 300 രൂപ ക്രമത്തിൽ പ്രതിമാസ പ്രതിഫലം കൊടുക്കുന്നു. ഒരു കുട്ടിക്ക് ഒരു രൂപ 5 പൈസ ഗ്രാന്റായി ലഭിക്കും. ഇപ്പോൾ കുട്ടികളുടെ വൈദ്യപരിശോധന നടത്താറില്ല.

2. പ്രീ - പ്രൈമറി സ്ക്കൂൾ കുടപ്പനക്കുന്ന് എൽ.പി.എസ്സ്, P.T.A. യുടെ നിയന്ത്രണത്തിൽ നടന്നു വരുന്നു. ഈ സ്ഥാപനത്തിൽ 60 കുട്ടികൾ ഉണ്ട്. രണ്ട് അദ്ധ്യാപകരും ഒരു ആയയും പ്രവർത്തി എടുക്കുന്നു. സർക്കാർ സഹായങ്ങളൊന്നുമില്ലെങ്കിലും തൃപ്തികരമായാണ് ഈ സ്ഥാപനം നടന്നുവരുന്നത്.

***X. സ്വകാര്യ നഴ്സറി***

ശിശുവിഹാർ, കുടപ്പനക്കുന്ന്. സ്ഥാപിതം

1981 ഇവിടെ രണ്ടു വയസ്സിനും അഞ്ചു വയസ്സിനും മദ്ധ്യേയുള്ള 64 കുട്ടികൾ ഉണ്ട്, രണ്ട് അദ്ധ്യാപകരും, ഒരു ആയയും സേവനം അനുഷ്ഠിക്കുന്നു, ഇംഗ്ലീഷ് മലയാളം മീഡിയങ്ങൾ ഉണ്ട്.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ പദ്ധതിയുടെ അവസ്ഥയെക്കുറിച്ചും അവയ്ക്ക് ആവശ്യം വരുത്തേണ്ട മാറ്റത്തെക്കുറിച്ചുമുള്ള പര്യാലോചനയുടെ പ്രാരംഭം അങ്കണവാടികളിൽ നിന്നാണ് ആരംഭിക്കേണ്ടത്. അങ്കണവാടികളുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. എന്നതാണ് വസ്തുത.

അങ്കണവാടികളുടെ പ്രവർത്തനത്തിൻെറ നവീകരണത്തിലൂടെ മാത്രമേ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസത്തിൻെറ അലകും പിടിയും മാറ്റാനാകൂ.

### *നിർദ്ദേശങ്ങൾ-*

മഹാഭൂരിപക്ഷം അങ്കണവാടികൾക്കും സ്വന്തമായ കെട്ടിടമില്ല. ഉള്ളവ തന്നെ കുട്ടികളുടെ മാനസിക ശാരീരിക വളർച്ചയ്ക്ക് ഉതകുന്നവയുമല്ല. അതുകൊണ്ട് കാറ്റും വെളിച്ചവും കയറുന്ന സെമിപെർമനന്റ് ആയാലും വേണ്ടില്ല, ഉറപ്പുള്ള കെട്ടിടങ്ങൾ ഉണ്ടാക്കണം. അങ്കണവാടികളിൽ വരുന്ന കുട്ടികളെ എഴുത്തു പഠിപ്പിക്കുന്നത് ഒരു നിലയക്കും ആശാസ്യമല്ല. കുട്ടികളുടെ മാനസികവും ശാരീരകവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്ന അന്തരീക്ഷ മാവണം അങ്കണവാടികളിൽ ഉണ്ടാക്കേണ്ടത്. ഈ കാര്യം ഉൾക്കൊള്ളാനാവാത്ത രക്ഷകർത്താക്കൾ ഉണ്ടാവും അവരെ ബോധവൽക്കരണത്തിലൂടെ ഈ ധാരണയിൽ നിന്നും മാറ്റിയെടുക്കേണ്ടതാണ്.

അങ്കണവാടികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാൻ സമീപപ്രദേശത്തുള്ള സ്ക്കൂളുകളിൽ രൂപം കൊള്ളുന്ന സമിതികൾക്ക് കഴിയണം. അങ്കണവാടികളിൽ അയക്കുന്ന കുട്ടികളുടെ ഭാവി വിദ്യാഭ്യാസം സുഗമമായി നടക്കും എന്നു രക്ഷകർത്താക്കളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമേ ഒരു അങ്കണവാടിയുടെ സമീപ പ്രദേശത്തുള്ള മുഴുവൻ കുട്ടികളെയും അവിടേയ്ക്ക് അയക്കാൻ രക്ഷാകർത്താക്കൾ സന്നദ്ധരാവുകയുള്ളു. വളരെ ശ്രമകരമായ ജോലിയാണെങ്കിലും ഇത് നാം ഏറ്റെടുത്തേ മതിയാവൂ.

## *പ്രൈമറി, യു.പി. സ്ക്കൂളുകൾ*

നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ രണ്ടു സ്ക്കുളുകളാണ് ഉള്ളത്. ഇതിൽ കുടപ്പന ക്കുന്ന് യു.പി.എസ്സിൻെറ പ്രവർത്തനം ഒരു വിധം തൃപ്തികരമാണെങ്കിലും, കുശവർക്കൽ യു.പി. എസ്സിൻെറ അവസ്ഥ അത്യന്തം ശോചനീയമാണ്.

ഭാവി പ്രവർത്തനങ്ങൾ:- സർക്കാർ എൽ.പി. യു. പി. സ്ക്കൂളുകളുടെ ദയനീയ സ്ഥിതിയക്കു പരിഹാരം പ്രാഥമികമായും പി.റ്റി.എ, ഉപദേശക സമിതികളുടെ പ്രവർത്തനം കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. പി.റ്റി. എ എന്ന നിലയ്ക്ക് പ്രവർത്തിക്കുന്ന ഇന്നത്തെ സമിതികളിൽ ആ സ്ക്കൂളിന്റെ പ്രാന്തപ്രേദശങ്ങളിലെ പൊതുപ്രവർത്തകരേയും വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരേയും അംഗങ്ങളാക്കി ചേർത്തു കൊണ്ട് വ്യാപകമായ ബോധവൽക്കരണ പരിപാടി നടത്തിയാലേ ഇന്നുള്ള ശോചനീയാവസ്ഥ മാറുകയുള്ളു. ദൂരെയുള്ള അൺ എയിഡഡ് സ്ക്കൂളുകളിലേയ്ക്ക് കുട്ടികളെ അയക്കുന്ന രക്ഷാകർത്താക്കളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കുട്ടിയുടെ ഭാവിയിലുള്ള രക്ഷാകർത്താക്കളുടെ ഉത്ക്കണ്ഠക്ക് പരിഹാരമുണ്ടായാലേ തൊട്ടടുത്തുള്ള സർക്കാർ സ്ക്കൂളിൽ കുട്ടികളെ ചേർക്കാൻ രക്ഷാകർത്താക്കൾ സന്നദ്ധരാവൂ. ഇതിനു അവരെ സ്വാധീനിക്കാൻ കഴിയുന്നവരുടെ സമിതി ഉണ്ടാക്കണം. സ്ക്കുളിൻെറ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഈ സമിതി ഉറപ്പാക്കുകയും വേണം. ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയുടെ സ്വഭാവം ഇത്തരം സമിതികൾക്കുണ്ടാകണം. മാതൃഭാഷ പഠനത്തിന് മുൻതൂക്കം കൊടുക്കുന്ന ഒരു പഠനപദ്ധതി വേണം L.P ലെവലിൽ ആവിഷ്ക്കരിക്കേണ്ടത്. ഇതിൻെറ അനിവാര്യത ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാലേ ഇംഗ്ലീഷ് മീഡിയം ക്രമത്തിന് ഒരതിരുവരെയെങ്കിലും തടയിടാനാവൂ.

സർക്കാർ സ്ക്കൂളുകളിൽ ആവശ്യമായ ഇരിപ്പിടം പഠനോപകരണങ്ങൾ ഇവയുടെ അഭാവവും അത്തരം സ്ക്കൂളുകളിലേക്ക് കുട്ടികളെ അയക്കുന്നതിൽ നിന്ന് രക്ഷാകർത്താക്കളെ പിൻതിരിപ്പിക്കുന്ന ഘടകമാണ്. അത്തരം സൗകര്യങ്ങൾ ചെയ്തു കൊടുക്കാനുള്ള നടപടികൾ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്. കുട്ടികളുടെ മാനസിക, ശാരീരിക വളർച്ചയ്ക്ക് ആവശ്യമായ

അന്തരീക്ഷവും ഉണ്ടായേ മതിയാവൂ. വെളിച്ചം, വെള്ളം, ആഹാരം പാകം ചെയ്യുന്നതിനുള്ള ആരോഗ്യപരമായ അന്തരീക്ഷം, കളിസ്ഥലം, ചുറ്റുമതിൽ തുടങ്ങിയവയും പ്രാഥമികാവശ്യ സൗകര്യവും ഉറപ്പാക്കണം.

*ഹൈസ്ക്കൂളുകൾ*

രണ്ടു ഹൈസ്ക്കൂളുകളും (പ്രൈമറി ഉൾപ്പെടെയുള്ളവ), ഒരു ഹയർ സെക്കന്ററി ഹൈസ്കൂളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത് .ഇവയിൽ P.S.N.M. B.H.S സർക്കാർ മേഖലയിലും, സെന്റ് ഗോരേറ്റീസ് G.H.S, കൺകോർഡിയ ഹയർസെക്കന്ററി സ്കൂളും സ്വകാര്യ മേഖലയിൽ എയിഡഡ് ആയും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമാണ്. എന്നാൽ ജല ദൗർലഭ്യം, കളി സ്ഥലങ്ങളുടെ അപര്യാപ്തത, പ്രാഥമികാവശ്യ സൗകര്യങ്ങളുടെ കുറവ് തുടങ്ങിയവ നിലനിൽക്കുന്നു. സ്വകാര്യ സ്ക്കൂളുകളുടെ കാര്യത്തിൽ കാര്യമായി എന്തെങ്കിലും പഞ്ചായത്തു സമിതിക്ക് ചെയ്യാനാവില്ല. പക്ഷേ ഇത്തരം സ്ക്കൂളുകളിൽ തദ്ദേശ വാസികൾക്ക് പ്രവേശനം ലഭിക്കണം. നിർബന്ധിത പിരിവുകൾ ഒഴിവാക്കാനും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്താനും നമുക്കു കഴിയണം.

പഞ്ചായത്തു മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാരങ്ങളും പൊതുവേ പറഞ്ഞിട്ടുണ്ടെങ്കിലും അവയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് അവ ക്രോഡീകരിച്ചു കൊടുക്കുന്നു.

1. ഇന്നു നിലവിലുള്ള P.T.A കളുടെ ഘടനയിൽ മാറ്റം വരുത്തണം. രക്ഷാകർത്താക്കൾക്കു പുറമേ തദ്ദേശവാസികളായ വിദ്യാഭ്യാസ പ്രവർത്തകർ, സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ, പൊതു പ്രവർത്തകർ തുടങ്ങിയവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ സമിതികൾ രൂപവൽക്കരിക്കണം. ഇവയുടെ ഫലപ്രദമായ പ്രവർത്തനത്തിലൂടെ അംഗൻവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിയണം.

2. കുശവർക്കൽ യു.പി. സ്ക്കൂളിന്റെ ശോചനാവസ്ഥയക്കു അടിയന്തിര പരിഹാരം കാണേണ്ടതാണ്. കെട്ടിടം നന്നാക്കുക, ഇരിപ്പിട സൗകര്യം ഉണ്ടാക്കുക, പഠനോപകരണങ്ങൾ ലഭ്യമാക്കുക, ചുറ്റുമതിൽ കെട്ടുക, സുരക്ഷിതത്വം ഉറപ്പാക്കുക, കളിസ്ഥലം ഉണ്ടാക്കുക എന്നിവ സമയബന്ധിതമായി നടപ്പിലാക്കണം.

3. തിരുവനന്തപുരം നോർത്ത് സബ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന കുടപ്പനക്കുന്ന് യു.പി. സ്ക്കൂളിനെ ഒരു മോഡൽ സ്ക്കൂളായി ഉയർത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. നിലവിലുള്ള P.T.A യുടെ നേതൃത്വത്തിൽ കുടപ്പനക്കുന്ന് യു.പി.എസ്സിൽ നടത്തിവരുന്ന പ്രീ പ്രൈമറി സ്ക്കൂളിന് ആവശ്യമായ ധനസഹായം നൽകി അതിന്റെ പ്രവർത്തനം കൂടുതൽ ആകർഷകമാക്കണം.

4. പേരൂർക്കട പി.എസ്സ്. എൻ.എം. ബോയിസ് ഹൈസ്ക്കൂളിനോട് ചേർന്ന് ഹയർ സെക്കൻററി വിഭാഗം തുടങ്ങാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. സെന്റ്ഗൊരേറ്റിസ് ഹൈസ്ക്കൂളിലും സൗകര്യങ്ങൾ പരിശോധിച്ച് ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കേണ്ടതാണ്.

5. കൺകോർഡിയാ ഹയർസെക്കന്ററി സ്കൂളിനും അവശ്യം വേണ്ടുന്ന പഠന സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ധനസഹായം പുനരാരംഭിക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പഞ്ചായത്തിലെ സ്ക്കൂളുകളിലെ പാരസ്പര്യം ഉറപ്പുവരുത്തുന്നതിന് കലാകായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തുന്നതിനും എല്ലാവർഷവും കാര്യക്ഷമമായ രീതിയിൽ കലാകായിക മേളകൾ നടത്തേണ്ടതാണ്. ഇത് സംഘടിപ്പിക്കുന്നതിന് ഒരു പൊതു കളിസ്ഥലവും ആഡിറ്റോറിയവും പണിയേണ്ടതാണ്.

പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പഞ്ചായത്തിന് നിയന്ത്രണം ഉണ്ടായിരിക്കേണ്ടതാണ്. അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത, കെട്ടിടങ്ങളുടെ ഉറപ്പ്, മറ്റു സൗകര്യങ്ങൾ എന്നിവ കാലാകാലങ്ങളിൽ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

# കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യ ജീവന്റെ നിലനില്പിന്നു തന്നെ അവശ്യം വേണ്ട ഘടകങ്ങളിലൊന്നാണ് ശുദ്ധ ജലം അഥവാ കുടിവെള്ളം. നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്ന് വിലയിരുത്തുന്നു.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി, സർക്കാർ ശുദ്ധ ജലവിതരണം, സ്വകാര്യ പൊതുകിണറുകൾ, കുഴൽകിണറുകൾ എന്നിവയാണ് ആശ്രയിക്കുന്നത്. എന്നാൽ മുഴുവൻ ജനവിഭാഗങ്ങൾക്കും ശുദ്ധജലം ലഭിക്കുവാനുള്ള സംവിധാനങ്ങൾ നിലവിലില്ല.

ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ ആകെ വീടുകൾ-9477
2. (a) സർക്കാർ ജലവിതരണത്തെ ആശ്രയിക്കുന്നവർ (കുടുംബങ്ങൾ)3333
   (b) പബ്ലിക്ക് പൈപ്പിനെ ആശ്രയിക്കുന്നവർ- 5,000
3. കിണർ (സ്വകാര്യം) - 3560
4. കിണർ (പൊതുവക) 18 (5 എണ്ണം ഉപയോഗിക്കുന്നില്ല.)
5. കുഴൽ കിണർ 6 (3 പ്രവർത്തന ക്ഷമം)
6. കുളങ്ങൾ 35
7. തോടുകൾ (വലിയത്) 2
8. നദികൾ ഇല്ല

### *കുടിവെള്ള പ്രശ്നങ്ങൾ*

പഞ്ചായത്തു പ്രദേശത്തിന്റെ സവിശേഷമായ കിടപ്പുമൂലം എല്ലായിടത്തും പൈപ്പുവെള്ളം എത്തിക്കുവാൻ കഴിയുകയില്ല. മാത്രമല്ല വ്യാപകമായി കിണർ, കുഴൽ കിണർ എന്നിവയുടെ നിർമ്മാണം പൂർണ്ണമായും നടപ്പാക്കാൻ കഴിയുകയില്ല.

സാദ്ധ്യമായ മേഖലകളിലേക്ക് പൈപ്പുവെള്ളം എത്തിക്കുവാനും അല്ലാത്ത പ്രദേശങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ആകെ പഞ്ചായത്തിലുള്ള കുളങ്ങളിൽ 11 ഓളം കുളങ്ങൾ കൃഷിക്കുപയുക്തമാണെങ്കിൽ ബാക്കിയുള്ളവ കൃഷിക്കോ, കുടിവെള്ളത്തിനു വേണ്ടിയോ ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ളവയല്ല. വർഷക്കാലങ്ങളിൽ മാലിന്യം നിറഞ്ഞ വെള്ളം ശേഖരിക്കപ്പെടുന്നവയാണ് ഭൂരിപക്ഷം കുളങ്ങളും.

പഞ്ചായത്തിൽ ഡ്രെയിനേജ് സൗകര്യം ഇല്ലാത്തതിനാലും, തുണ്ടുഭൂമികളായതിനാലും നിലവിലുള്ള കിണറുകളിലെ ജലം മാലിന്യം കലർന്നതാണ്. കക്കൂസും, കിണറും തമ്മിലുള്ള കുറഞ്ഞ അകലമായ 20 അടി ഒരു സ്ഥലത്തും പാലിച്ചു കാണുന്നില്ല. അതുകൊണ്ടു തന്നെ ഭൂരിപക്ഷം കിണറുകളിലെയും ജലം മലിനമാണെന്ന് വ്യക്തമാണ്. കിണറുകളിലെ മാലിന്യംനീക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങളും നിലവിലില്ല.

### *പരിഹാര മാർഗ്ഗങ്ങൾ*

1. നാലാഞ്ചിറ, ഹാർവ്വിപുരം, മുക്കോല, ഇരപ്പുകുഴി, വഴയില, കുന്നുംപുറം എന്നീ പ്രദേശങ്ങളിൽ ബോർവെൽ കുഴിച്ച് പമ്പു സെറ്റ് സ്ഥാപിച്ചിട്ട് ഓവർഹെഡ് ടാങ്കിലൂടെ ജല വിതരണം നടത്താവുന്നതാണ്.
2. ഏകദേശം 150 Sq: m വ്യാസമുള്ള മേപ്പുലിയൂർക്കോണം കുളത്തിലെ വെള്ളം Double well system ചെയ്ത് ഓവർ ഹെഡ് ടാങ്കിൽ ശേഖരിച്ചാൽ, നാലാഞ്ചിറ പുലിയൂർക്കോണം, മുണ്ടൈക്കോണം പ്രദേശങ്ങളിൽ വിതരണം ചെയ്യാം (ഏകദേശം 500 കുടുംബങ്ങൾക്ക് ഉപയോഗിക്കാം)
3. കുന്നത്തുകുളം, ആണ്ടൂർക്കോണം കുളം, ഉദിയന്നൂർക്കോണം കുളം, മുണ്ടൈക്കോണം കുളം, ചാത്തിയോട് കുളം, ഉളിയാനാട്ടുകുളം, കൈപ്പാലികുളം തുടങ്ങിയവയിൽ ചുറ്റുകെട്ട് ഉണ്ടാക്കി ആഴം കൂട്ടിയെടുത്താൽ വെള്ളം പമ്പു ചെയ്ത് ശേഖരിച്ച് ശുദ്ധീകരിച്ചു വിതരണം ചെയ്യാവുന്നതാണ്.
4. കൂടുതൽ കിണറുകൾ കുഴിക്കുക
5. കൂടുതൽ കുഴൽ കിണറുകൾ നിർമ്മിക്കുക.
6. കേടായ കിണറുകളും, കുഴൽകിണറുകളും ഉപയോഗയോഗ്യമാക്കുക.

### *ശാശ്വത പരിഹാരം*

1. നാലാഞ്ചിറയിൽ 5,00,000 ലിറ്റർ കപ്പാസിറ്റിയിലും ഇരപ്പുകുഴിയിൽ 3,00,000 ലിറ്റർ കപ്പാസിറ്റിയിലും, ഓരോ ഓവർ ഹെഡ് ടാങ്ക് നിർമ്മി

ക്കേണ്ടതാണ്. അരുവിക്കരനിന്നും പുതുതായി നിർമ്മിച്ചു വരുന്ന പദ്ധതി ( World Bank Scheme) പ്രകാരമുള്ള വെള്ളം Low Level Tank വഴി Over head Tank ലേയ്ക്ക് മുഴുവൻ പമ്പ് ചെയ്ത് വിതരണം ചെയ്യുകയും, പേരൂർക്കട High Level Tank ൽ നിന്നും ഹാർവ്വിപുരം കോളനിയ്ക്ക് മാത്രമായി വെള്ളം വിതരണം നടത്തുകയും ചെയ്താൽ പഞ്ചായത്തിലെ മുഴുവൻ ദേശങ്ങളിലേയും കുടിവെള്ള ക്ഷാമം 90% പരിഹരിക്കാം. സർക്കാർ ശുദ്ധജലം ലഭ്യമല്ലെങ്കിൽ മേൽ ഓവർഹെഡ് ടാങ്കിലേയ്ക്ക് 5,00,000/ 3,00,000 ലിറ്റർ- പഞ്ചായത്തിൽ ലദ്യമായ- കിണർ, കുളം തുടങ്ങിയവയിലെ - മൊത്തംജലം ശുദ്ധീകരിച്ച് പമ്പു ചെയ്ത് ശേഖരിക്കാവുന്നതാണ്.പഞ്ചായത്തു അതിർത്തിയിൽ വർഷങ്ങൾക്കു മുമ്പു സ്ഥാപിച്ച ജീർണ്ണിച്ച പൈപ്പു ലൈൻ മാറ്റി പുതിയ വ്യാസം കൂടിയ പൈപ്പു സ്ഥാപിക്കണം.

## പ്രാഥമികാരോഗ്യ കേന്ദ്രം

മാതൃശിശുസംരക്ഷണത്തിനായി ചൂഴമ്പാലയ്ക്കു സമീപം ഉള്ള മിഡ്വൈഫറി സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കുകയും കാര്യക്ഷമമാക്കുകയും വേണം.ഈ പഞ്ചായത്തിൽ പാതിരപ്പള്ളി വാർഡിൽ ഒരു ഹെൽത്ത് സെന്റർ നിലവിലുണ്ട്. എന്നാൽ ഈ സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്ഥലക്കുറവും മറ്റ് സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് പ്രധാന കാരണങ്ങൾ. എല്ലാ വാർഡുകളിലും ഓരോ സബ് സെന്റർ സ്ഥാപിച്ചാൽ പ്രവർത്തനം വ്യാപകമാക്കുവാനും കാര്യക്ഷമമാക്കുവാനും കഴിയും.

പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ആയൂർവ്വേദ ഡിസ്പെൻസറിയുണ്ട്. അത് വാടക കെട്ടിടത്തിലാണ്. തീര സൗകര്യമില്ല. ഇരുപത് കിടക്കകളുള്ള ഒരു ആയുർവ്വേദ ആശുപത്രിയാക്കി ഉയർത്തേണ്ടതുണ്ട്. പഞ്ചായത്തിൽ ഓഫീസ് വാർഡിൽ കിഴക്കേവിളയിൽ മിച്ചഭൂമിയായി കിടക്കുന്ന അമ്പത് സെന്റ് സ്ഥലത്ത് ഒരു കെട്ടിടം പണിത് ആശുപത്രിയാക്കണം.

പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറികളില്ല. അടിയന്തിരമായി ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന് ഇപ്പോൾ സൗകര്യമില്ല. സ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് വൈദ്യപരിശോധന ഇപ്പോൾ നടത്തുന്നതും സൗകര്യപ്രദമല്ല. ആയതിനാൽ അതാതു സ്ക്കൂളുകളിൽ വെച്ച് വൈദ്യപരിശോധന നടത്തുകയും പ്രതിരോധ കുത്തിവയ്പ് നടത്തുകയും വേണം.

പൊതു നിരത്തുകളിലും തുറസ്സായ സ്ഥലങ്ങളിലും മലിന വസ്തുക്കൾ വലിച്ചെറിയുന്നത് തടയണം. ജന സാന്ദ്രത കൂടിയ സ്ഥലത്ത് D-ust Bin സ്ഥാപിക്കണം. റോഡിലെ ഓടകൾ വൃത്തിയായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കണം. ഓടകൾ ഇല്ലാത്തിടത്ത് പുതിയതായി നിർമ്മിക്കണം.

കൊതുക് ശല്യം വർദ്ധിച്ചുവരുന്നു. അതിന്റെ നിവാരണത്തിന് അടിയന്തിര നടപടി വേണം.

നാലാഞ്ചിറ പുലിയൂർക്കോണം പുറമ്പോക്കിൽഇപ്പോൾ നടന്നു വരുന്ന അനധികൃത ചന്തയും അറവ് ശാലയും പരിസര മലിനീകരണമുണ്ടാക്കുന്നു. ആധുനിക രീതിയുലുള്ള ഒരു അറവുശാലയും മാർക്കറ്റും ആരംഭിക്കണം.

പഞ്ചായത്തിൽ നിലവിലുള്ള ശ്മശാനം അപര്യാപ്തമാണ്. ആധുനിക രീതിയിൽ ഒരു വൈദ്യുതി ശ്മശാനം സ്ഥാപിക്കണം.

കക്കൂസില്ലാത്ത ഏകദേശം750 വീടുകൾ ഉണ്ട്. ഈ വീടുകൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് നടപടി വേണം.

പഞ്ചായത്തിന് സ്വന്തമായി ഒരു ആമ്പുലൻസ് ആവശ്യമാണ്.

ഈ പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നായ്ക്കൾ നിരവധിയുണ്ട്. അവയെ പിടിക്കുന്നതിന് അടിയന്തിര സ്ഥിരം നടപടി വേണം. വളർത്തുനായ്ക്കൾക്ക് കാലാകാലങ്ങളിൽ രോഗപ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനുള്ള നടപടി അത്യാവശ്യമാണ്. വളർത്ത് നായ്ക്കൾക്ക് ചെറിയ ഫീസ് ഏർപ്പെടുത്തുകയും ചെയ്യുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ജനങ്ങൾ അധികം കൂടുന്ന നാലാഞ്ചിറ, കുടപ്പനക്കുന്ന് പേരൂർക്കട എന്നിവിടങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ പണിയാവുന്നതാണ്.

പഞ്ചായത്തിലെ കുടപ്പനക്കുന്ന് കിണവൂർ, കോട്ടമുകൾ, ഹാർവിപുരം, എൻ.സി.സി. റോഡ് എന്നീ സബ് സെന്ററുകളിലും പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് നേഴ്സ്മാർക്ക് ആവശ്യമായ ആഫീസ് കെട്ടിടം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

# വ്യവസായം

തിരുവനന്തപുരം നഗരത്തോട് തൊട്ടുരുമ്മി ക്കിടക്കുന്നതും വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നതുമാണ് ഈ പഞ്ചായത്ത്. പഞ്ചായത്തിൻേറതായി പരമ്പരാഗത വ്യവസായങ്ങളൊന്നുമില്ല. നെല്ലും, തെങ്ങുമാണ് പ്രധാനകൃഷി. സ്വന്തമായ തുണ്ടുഭൂമികളിൽ പാർപ്പിടങ്ങൾ നിർമ്മിച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് കൃഷിയിടം വളരെകുറവാണ്. നഗര സാമീപ്യംമൂലം നെൽപ്പാടങ്ങൾ മുഴുവൻ നികത്തി വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയുടെ വില കുത്തനെ ഉയർന്നതിനു കാരണം നഗരസാമീപ്യമാണ്.

അഭ്യസ്തവിദ്യരും സാങ്കേതിക യോഗ്യതയുള്ളവരും അല്ലാത്തവരുമായ 23,000 ത്തോളം തൊഴിൽ രഹിതരായവർ ഈ പഞ്ചായത്തിലുണ്ട്. ചെറുകിട വ്യവസായങ്ങൾ സഹകരണ മേഖലയിൽ തുടങ്ങാൻ ഈ പഞ്ചായത്തിന് വൻ സാധ്യതകളുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണല്ലോ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ ആത്യന്തിക ലക്ഷ്യം.

വ്യവസായ നടത്തിപ്പിന് ആവശ്യമായ യന്ത്രോപകരണങ്ങൾക്കും മറ്റുമുള്ള മുതൽമുടക്ക് പരമാവതി അറുപതുലക്ഷം രൂപവരെയുള്ള ഏതൊരു ഉല്പാദന യൂണിറ്റും ചെറുകിട വ്യവസായമാണ്.

വ്യവസായ നടത്തിപ്പിന് ആവശ്യമായ എല്ലാ കാര്യങ്ങൾക്കും ജില്ലാവ്യവസായ കേന്ദ്രത്തിൻെറ പരിപൂർണ്ണമായ സേവനം ലഭിയ്ക്കും. യുക്തമായ സംരംഭങ്ങൾ തെരഞ്ഞെടുക്കുവാനും ഗുണഭോക്താക്കളെ സഹായിക്കാനും വേണ്ടി എല്ലാ ബ്ലോക്കു പഞ്ചായത്തുകളിലും വ്യവസായ ഉദ്യോഗസ്ഥൻമാരുടെ സേവനം ലഭ്യമാകുന്നതാണ്.

ഈ പഞ്ചായത്തിൽ വാർഡൊന്നിന് ഒരു വനിതാ സഹകരണ സംഘമെങ്കിലും ഉണ്ടാകണം. എല്ലാ വ്യവസായ സംരംഭങ്ങളും സഹകരണാടിസ്ഥാനത്തിലെ നടത്താനാകൂ. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (താഴെ പറയുന്നവ) ഒരുക്കികൊടുക്കേണ്ടതാണ്. പ്രവർത്തനമേൽനോട്ടം, മാർഗ്ഗനിർദ്ദേശം ഇവ നൽകണം. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് മാനേജുമെൻെറ്, മാർക്കറ്റിംഗ് എന്നിവയിൽ ഹ്രസ്വകാല പരിശീലനം നൽകണം. അംഗങ്ങൾക്ക് ആധുനിക തൊഴിൽ പരിശീലനവും, വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കികൊടുക്കണം.

### അടിസ്ഥാന സൗകര്യങ്ങൾ

1. സ്ഥലം വ്യവസായങ്ങൾ തുടങ്ങാൻ അനുയോജ്യമായ സ്ഥലങ്ങൾ, പഞ്ചായത്തു പുറമ്പോക്ക്, ഉപയോഗ ശൂന്യമായ നികന്നു പോയ കുളങ്ങൾ മുതലായവ ഇതിനായി തെരെഞ്ഞെടുക്കാം.
2. ഊർജ്ജം ഗതാഗതസൗകര്യം:- പഞ്ചായത്തിൽ ഊർജ്ജവും ഗതാഗതസൗകര്യങ്ങളും ആവശ്യത്തിന് ഇനിയും ലഭ്യമാക്കേണ്ടതുണ്ട്.
3. പ്രാദേശികമായ നിർമ്മാണ സാധനങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ഷെഡ്ഡുകൾ നിർമ്മിക്കാവുന്നതാണ്.

ഈ പഞ്ചായത്തിന് അനുയോജ്യമായ വ്യവസായ യൂണിറ്റുകൾ താഴെ പറയുന്നവയാണ്.

1. കറി പൗഡർ, മസാല, ജാം, സ്ക്വാഷ് തുടങ്ങിയ Food Products.
2. കെൽട്രോൺ ISRO തുടങ്ങിയ വൻകിട സ്ഥാപനങ്ങളിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ അസംബിൾ ചെയ്ത് കൊടുക്കുക.
3. ഇലക്ട്രോണിക്ക്സ്, ഇലക്ട്രിക്ക് ഉപകരണങ്ങളുടെ അസംബ്ലിംഗ് (ചോക്ക് തുടങ്ങിയവ).
4. കയറ്റുമതി സാദ്ധ്യതകൾ ഉള്ള ഗാർമെൻസ് എംബ്രോയിഡറി തുടങ്ങിയവ.
5. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണം.
6. നോട്ടുബുക്കുകൾ, മെഴുകുതിരി, അഗർബത്തി, മസ്കിറ്റോ എക്സ്പെല്ലർ, ക്ലീനിംങ് ലോഷൻ തുടങ്ങിയവ.
7. ചിരട്ടയിൽ നിന്ന് വൻകിട വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമുള്ള ആക്ടിവേറ്റഡ്

കാർബൺ നിർമ്മാണം, കോക്കനട്ട് ഷെൽ പൗഡർ, കോക്കനട്ട് ഉല്പന്നങ്ങൾ തുടങ്ങിയവ.

8. N.R.I. നിക്ഷേപം പ്രോൽസാഹിപ്പിക്കുക.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനും തുടർന്ന് വിജയകരമായി നടത്തുന്നതിനും സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പയും മറ്റും ലഭിയ്ക്കുന്നതിനും, സഹകരണ തൊഴിൽ സംഘങ്ങളിൽ രജിസ്ടർചെയ്യതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സംരംഭങ്ങൾ തുടങ്ങാൻ കഴിയുന്നതാണ്.

9. ഫർണിച്ചർ നിർമ്മാണ വ്യവസായം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

10. തീപ്പെട്ടി വ്യവസായം ആരംഭിക്കാവുന്നതാണ്.

11. പരമ്പരാഗത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക.

ചൂഴമ്പാലയിൽ നടന്നു വന്നിരുന്ന ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രീസിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഒരു പർപ്പടക യൂണിറ്റ് പ്രവർത്തന ക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നെടുമ്പ്രം വാർഡിൽ ഗാന്ധി സ്മാരക നിധി വകയായി പ്രവർത്തിച്ചുവന്നിരുന്ന സോപ്പു നിർമ്മാണ യൂണിറ്റ് പ്രവർത്തനരഹിതമാണ്. ഇതും പുനരുദ്ധരിക്കാൻ ശ്രമിക്കേണ്ടതാണ്. ഹാർവിപുരം സേവാ കേന്ദ്രം പ്രവർത്തനോന്മുഖമാക്കി തയ്യൽ, ടൈപ്പ്റൈറ്റിംഗ്, പെയിന്റിംഗ് ഇവ പ്രോൽസാഹിപ്പിക്കണം.

തൊഴിൽ രഹിതരായ അഭ്യസ്ത വിദ്യർ ധാരളമുള്ള ഈ പഞ്ചായത്തിൽ തൊഴിൽ ലഭിക്കുന്നതിന് മേൽപ്പറഞ്ഞ ചെറുകിട വ്യവസായ രംഗത്തെ പ്രോത്സാഹിപ്പിച്ചാൽ വളരെയേറെ നേട്ടം ഉണ്ടാക്കാൻ കഴിയും.

# ഗതാഗതവും ഊർജ്ജവും

## ഗതാഗതം

കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിൽ ആകെ 80.83 കിമീ റോഡുകളുണ്ട്. അവയിൽ ടാർ ചെയ്തത് 34.365 കി മി ഉം ടാറിടാത്തത് 29.765 കി മി ഉം ആണ്. കൂടാതെ P W D റോഡ് 15.250 കി മി ഉം പഞ്ചായത്തിന് സമീപത്ത് കൂടി പോകുന്ന MC 3 കി. മി ഉം ആകുന്നു.

ഈ പഞ്ചായത്തിൽ വാഹനസൗകര്യം കുറവായിട്ടുള്ള പ്രദേശങ്ങൾ ഒട്ടേറെയുണ്ട്. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വാഹനഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അവശ്യം വേണ്ട റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. നാലാഞ്ചിറ മാർക്കറ്റിന്റെ തെക്കു ഭാഗത്ത് എം സി റോഡിൽ നിന്നും ആരംഭിച്ച് മുണ്ടേക്കോണം വഴി അഞ്ചു മുക്കു വയൽ തുടർന്ന് പനയപ്പള്ളി നടവഴി നാലാഞ്ചിറ ഉദിയന്നൂർ ക്ഷേത്ര നട ബണ്ടുവരെയുള്ള ഭാഗത്തു കൂടെ കടന്നു പോകുന്ന റോഡ്, സൈഡുവാളുകെട്ടി ഓടയും പാലവും നിർമ്മിച്ചു പൂർത്തിയാക്കുക.
2. ചൂഴമ്പാല നിന്നും ആരംഭിച്ച് കുന്നത്തു നട പേരാപ്പൂർ നട എന്നിവിടങ്ങളിലൂടെ കടന്ന് മുക്കോല ചെന്നു ചേരുന്ന റോഡ് നിർമ്മിക്കുക.
3. N.C.C. റോഡിലെ അമ്പലത്തിൽ ഹാളിനു സമീപത്തു നിന്നും മണ്ണടി ക്ഷേത്ര നടവഴി പറമ്പിൽ ലെയിൻ തങ്കമ്മ സ്റ്റേഡിയം റോഡും അതിൽ അമ്പലമുക്ക് മണ്ണടി ക്ഷേത്രം വരെയുള്ള ബ്രാഞ്ചു റോഡും നിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം.
4. തിരുവനന്തപുരം ചെങ്കോട്ട റോഡിനെയും MC റോഡിനെയും ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് റോഡ് എന്ന നിലയിൽ വഴയില പുതിയ പാലത്തിന് സമീപത്ത് നിന്ന് ആരംഭിച്ച് പറയൻവിളാകം, യമുനാ കോളനി, എം എൽ എ റോഡ്, പാതിരിപ്പള്ളി മഠത്തുനട, നാലാഞ്ചിറ, എം സി റോഡിൽ ചെന്ന് ചേരുന്ന റോഡ് നിർമ്മിക്കേണ്ടതാണ്. മേൽപറഞ്ഞ റോഡുകൾ വളരെ പ്രയോജനപ്പെടുന്നവയാകയാൽ പ്രാധാന്യം നൽകി പദ്ധതിയിൽ ഉൾപ്പെടുത്തി പണിയേണ്ടതാകുന്നു.

മുകളിൽ പറഞ്ഞവ കൂടാതെ താഴെ പറയുന്നവ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. മുട്ടട NSS കരയോഗത്തിന് മുൻവശത്ത് കൂടി മഴവഞ്ചേരിക്കോണം താമരക്കാട്ട് കുഞ്ചുവീടു വഴി പാണൻവിള വരെയുള്ള ഭാഗത്ത് കൂടി കടന്നു പോകുന്ന റോഡ്
2. ക്രിസ്ത്യൻ മെഡിക്കൽ സെന്ററിൽ നിന്ന് സെന്റ്ഗോരറ്റീസ് സ്കൂൾവരെയുള്ള റോഡ്
3. നാലാഞ്ചിറ കുശവർക്കൽ റോഡിൽ പനയപ്പള്ളി നടവഴി അഞ്ചുമുക്ക് ജംഗ്ഷൻ വരെയുള്ള റോഡ്
4. മഠത്തിൽ നട ഉദിയന്നൂർ റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.
5. പേരാപ്പൂർ കുമ്പിൾവിള റോഡ്
6. കൊടിത്തറനട അമ്പഴം കോട്ട് ഇരപ്പുകുഴി റോഡ്
7. ഇരപ്പുകുഴി ലക്ഷംവീട്ടിലേക്കും മിച്ചഭൂമിയിലേക്കുമുള്ള റോഡ്
8. പറയൻവിളാകം യമുനാ കോളനി റോഡും കുഞ്ചിലാം മൂട് പുല്ലുകുളം തരംഗിണി ജംഗ്ഷൻ സബ്ബ് റോഡും.
9. കൺകോർഡിയ ലെയിനിൽനിന്നും ദർശൻ നഗർ 6- ാം ലെയിനിലേക്കുള്ള ലിങ്ക് റോഡ്
10. കണിവിളാകം മുതൽ പാലംവിളവരെയുള്ള മുളയറത്തല മുതൽ കുന്നത്തു നടവരെയുള്ള റോഡും
11. മണ്ണാം കോണം ദുർഗ്ഗാലെയിനിന്റെ അവസാനഭാഗം മുതൽപാലംവിള വരെയുള്ള റോഡ്
12. പാലംവിള റോഡു മുതൽ മണ്ണടി ക്ഷേത്രം വരെയുള്ള റോഡ്
13. പുല്ലിപ്ര, മാഞ്ഞാം പാറ റോഡു പുനരുദ്ധരിക്കുക.
14. പനയറ വാർഡിൽ തറട്ട, അമ്പനാടു റോഡു പുനരുദ്ധരിക്കുക.
15. പേരൂർക്കട നിന്നും ആരംഭിക്കുന്ന എ കെ ജി നഗർ റോഡു കുടപ്പനക്കുന്ന് വരെ വീതി കൂട്ടി നന്നാക്കുക.

മേല്പറഞ്ഞവ കൂടാതെ വിവധഗ്രാമ സഭകളിൽ നിരവധി ചെറു റോഡുകളുടെ നിർമ്മാണവും

നിലവിലുള്ളവയുടെ അറ്റകുറ്റപണിയും ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം തന്നെ ഗ്രാമസഭാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പ്രത്യേകം പ്രതിപാദിക്കുന്നില്ല. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ അവയും കൂടി പരിഗണിക്കപ്പെടണം.

റോഡുകൾ നിർമ്മിക്കുമ്പോൾ അവശ്യം വേണ്ട സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും നിർമ്മിച്ച് വെള്ളം വാർന്നു പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്. ഈ കുറവു കൊണ്ട് റോഡുകൾക്ക് ചിലവിടുന്ന പണം ദുർവ്യയമായി പരിണമിക്കുന്നു. അറ്റകുറ്റപണികൾ യഥാസമയം നിർവ്വഹിക്കാത്തതിനാൽ അധികം തുക ഈ ഇനത്തിൽ ചിലവാക്കേണ്ടി വരുന്നു.

ഗ്രാമ സഭകളുടെ ശ്രദ്ധയിൽപ്പെടാത്ത നിർമ്മാണ പ്രവർത്തികളും നടത്തേണ്ടതാണ്.

# ഊർജ്ജം

അംഗീകൃത ഹരിജൻ കോളനികളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കേണ്ടതാണ്. സംസ്ഥാനം പോലെ നമ്മുടെ പഞ്ചായത്തിലും ഊർജ്ജത്തിന്റെ കാര്യത്തിൽ കടുത്ത ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കറണ്ടിന്റെ കാര്യത്തിൽ വോൾട്ടേജ് ക്ഷാമം വ്യാപകമാണ്. ബഹുഭൂരിപക്ഷം ആളുകളും വിദ്യുച്ഛക്തിയെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ട് തന്നെ ഏറ്റവും പ്രാധാന്യമുള്ള ഒരു മേഖലയാണിത്.

നമ്മുടെ പഞ്ചായത്തിൽ 75% വീടുകളും വൈദ്യുതീകരിച്ചതാണ്. 25% വീടുകളിൽ മണ്ണെണ്ണയാണ് ആശ്രയിക്കുന്നത്. മണ്ണെണ്ണയെ ആശ്രയിക്കുന്നത് ദുർബ്ബലവിഭാഗക്കാരാണ്. അതിൽ ബഹുഭൂരിപക്ഷവും പട്ടികജാതിയിൽപെട്ടവരാണ്. സിറ്റിയോടു ചേർന്നു കിടക്കുന്ന ഒരു പഞ്ചായത്തു പ്രദേശമെന്ന നിലയിൽ മുഴുവനാളുകൾക്കും വൈദ്യുതിലഭ്യമാക്കേണ്ടതാണ്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പൊതുവായ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. അഞ്ചുമുക്കു വയൽ ട്രാൻസ്ഫോമറിന്റെ സമീപത്തുകൂടി പോകുന്ന രണ്ട് ഇലവൻ കെ വി ലൈനുകളും (പേരൂർക്കട നെടുമങ്ങാട് ഫീഡർ) ഇന്റർലിങ്കു നടത്തി കുശവർക്കൽ ട്രാൻസ്ഫോമറിനു സമീപം ഒരു ഇലവൻ കെ വി ടവ്വർ ഉണ്ടാക്കണം.
2. കുശവർക്കൽ ട്രാൻസ്ഫോമറിനു സമീപം ടവ്വർ ഉണ്ടാക്കി വടക്കു ഭാഗത്തേക്ക് ഒരു കിലോമീറ്ററോളം ഇലവൻ കെ വി ലൈൻ വലിച്ച് ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
3. സി പി കോളനിയിൽ നിന്നും താഴോട്ട് അംഗൻവാടി ഭാഗത്ത് നിലവിലുള്ള 4 പോൾ ഇലവെൻ കെ വി സ്ട്രെച്ചറിൽ ഒരു ട്രാൻസ്ഫോമർ വച്ച് 5 സ്പാൻ എൽ ടി ത്രീ ഫെയ്സ് ലെയിൻ വലിക്കണം. പാതിരിപ്പള്ളി വാർഡിൽ പുത്തൻവിള ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

പഴയതും ജീർണ്ണിച്ചതുമായ പോസ്റ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കണം.

ഉദിയന്നൂർ ക്ഷേത്രത്തിനു സമീപവും നാലാഞ്ചിറ സ്കൂളിനു സമീപവും ഓരോ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം.

ക്രൈസ്റ്റ് നഗർ റോഡിൽ തരംഗിണി ജംഗ്ഷനിലും കൂലിയോട്ടുകോണം പാറച്ചാണി ഭാഗത്തും അയണിക്കാട്ടും പഞ്ചായത്ത് ആഫീസ് ലൈയിനിൽ കലുങ്കിനടുത്ത് പുറമ്പോക്ക് സ്ഥലത്ത് കുന്നത്ത് കോവിൽ റോഡിൽ പഞ്ചായത്ത് വക പുറംപോക്ക് സ്ഥലത്തും, NCC റോഡിൽ ഹൗസ് കൺസ്ട്രക്ഷൻ ബാങ്കിനു സമീപത്തും ഓരോ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം.നിലവിൽ 17 വേപ്പർലാമ്പും 753 ട്യൂബ്ലൈറ്റുകളും, 704 ബൾബുകളും ഉണ്ട്.

തെരുവു ലൈറ്റുകൾ ഇല്ലാത്ത സ്ഥലത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

നാലുലക്ഷത്തി മുപ്പത്തിഏഴായിരത്തി എഴുന്നൂറ്റി എഴുപത്തി ആറ് രൂപ (4,37,776) തെരുവുവിളക്കുകളുടെ കറന്റ് ചാർജിനത്തിൽ അടക്കുന്നുണ്ട്. ഉള്ള തെരുവു വിളക്കുകൾ കത്തുന്നില്ല എന്ന പരാതി എല്ലാ ഗ്രാമ സഭകളിൽ നിന്നും ശക്തിയായി ഉയർന്നു വന്നിട്ടുണ്ട്. ഇത് പരിഹരിക്കാൻ അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

ലക്ഷംവീട്, മിച്ചഭൂമി തുടങ്ങിയ ദുർബ്ബല വിഭാഗങ്ങൾ താമസിക്കുന്ന കോളനികൾ വൈദ്യുതീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരണം പൂർത്തിയാക്കേണ്ടതാണ്.

സൗരോർജ്ജം ഉപയോഗപ്പെടുത്തി ലൈറ്റുകൾ കത്തിക്കുന്നതിനും മറ്റ് ഇന്ധനാവശ്യങ്ങൾ നടത്തുന്നതിനും തയ്യാറുള്ളവർക്ക് സബ്സിഡി നൽകി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

ബഹു ഭൂരിപക്ഷം ആളുകളും വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ഇവർക്ക് പുകയില്ലാത്ത അടുപ്പുകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ഭക്ഷണവും ശുദ്ധജലവും കഴിഞ്ഞാൽ ഏറ്റവും അടിയന്തിര പ്രാധാന്യമുള്ളതാണ് പാർപ്പിടപ്രശ്നം. ലഭ്യമായ വിവരങ്ങളനുസരിച്ച് പഞ്ചായത്തിൽ നിലവിലുള്ള പാർപ്പിട സൗകര്യങ്ങളെ സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ആകെ വീടുകൾ | - 9477 |
| ഇരുനില കെട്ടിടങ്ങളും അതിന് മുകളിലുള്ളതും | - 727 |
| കോൺക്രീറ്റ് കെട്ടിടങ്ങൾ | - 3098 |
| ഓടിട്ട കെട്ടിടങ്ങൾ | - 3070 |
| ഓലമേഞ്ഞ കെട്ടിടങ്ങൾ | - 1971 |
| മറ്റുള്ളവ | - 611 |
| കരം കൊടുക്കുന്നവ | - 8866 |
| കരത്തിൽ നിന്നും ഒഴിവായിട്ടുള്ളവ | - 611 |
| മോശമായ വീടുകൾ | - 611 |
| ചേരിയിൽ താമസിക്കുന്നവർ | ഇല്ല |
| ഭവന രഹിതർ | - 500 |
| പുനരുദ്ധരിക്കേണ്ട വീടുകൾ | - 300 |
| വാസ്തുശില്പമാതൃകയിലുള്ള വീടുകൾ | ഇല്ല |

നിർമ്മാണസാധനങ്ങൾ സുലഭമായി കിട്ടുന്നുണ്ട്. നിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ചു വരുന്ന വില നിലവാരം നിയന്ത്രിക്കേണ്ടതാണ്. നിർമ്മാണ തൊഴിലാളികൾ ലഭ്യമാണ്.

1. കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത് മേഖലയിൽ സ്ഥിരതാമസക്കാരായ 500ഓളം ഭവനരഹിതരുണ്ട്. അങ്ങനെയുള്ളവർക്ക് വീട് വച്ച് നൽകുന്ന ഒരു സ്കീം നടപ്പിലാക്കണം. പഞ്ചായത്തിൽ വീട് വക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ഫ്ലാറ്റുകളായോ, നിർമ്മിതികേന്ദ്രയുടേയോ, ബക്കർമോഡലായോ ചിലവ് കുറഞ്ഞ വീടുകൾ വച്ച് നൽകേണ്ടതാണ്. ഒരു വർഷം 100 വീടുകൾ വീതം വച്ച് നിർമ്മിച്ച് നൽകേണ്ടതാണ്. അങ്ങനെ 5 വർഷംകൊണ്ട് മുഴുവൻഭവനരഹിതർക്കും വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കേണ്ടതാണ്.
2. സ്വന്തമായി സ്ഥലമുള്ളവരും ഭവനം നിർമ്മിക്കാൻ കഴിയാത്തവരുമായ 300ഓളം പേർ നമ്മുടെ പഞ്ചായത്ത് മേഖലയിലുണ്ട്. ഒരു വർഷം75 പേർക്ക് വീതം 5 വർഷംകൊണ്ട് മുഴുവൻ ഭവനരഹിതർക്കും വീട് നിർമ്മിച്ച് നൽകേണ്ടതാണ്.
3. 3സെന്റിൽ കുറയാത്ത ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് നിയമം ഉദാരവൽക്കരിക്കുക. കൈവശഭൂമിക്ക് പട്ടയം നൽകണം. പട്ടയം ഇല്ലാത്തതു കാരണം ഗവൺമെന്റിൽ നിന്നു കിട്ടുന്ന ആനുകൂല്യങ്ങൾ നഷ്ടമാകുന്നു. തോടുപുറമ്പോക്കുകളും മറ്റു പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് വേറെ സ്ഥലങ്ങൾ കണ്ടു പിടിച്ച് പാർപ്പിടസൗകര്യം ഉണ്ടാക്കി കൊടുക്കേണ്ടതാണ്.
4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഓല മേഞ്ഞ വീടുകൾ ഓടിടുന്നതിനും, ജീർണാവസ്ഥ മാറ്റുന്നതിനും, കക്കൂസ് നിർമ്മാണത്തിനും, കുടിവെള്ളത്തിനായി കിണറുകൾ കുഴിക്കുന്നതിനും, സാമ്പത്തിക സഹായം നൽകേണ്ടതാണ്.
5. കുടിലുകൾ കെട്ടി താമസിക്കുന്നവർക്ക് കരമൊഴിവാക്കി നമ്പർ കൊടുക്കേണ്ടതാണ്.
6. സ്വന്തമായി വായ്പ എടുത്ത് വീടുകൾ നിർമ്മിക്കുവാൻ കഴിവുള്ളവർക്ക് ഭവന സഹകരണ സംഘങ്ങൾ മുഖേന വായ്പലഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക. വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥയും പലിശയും ഉദാരവൽക്കരിക്കണം, ദീർഘകാല വായ്പകളാക്കണം, മുതലിനു മാത്രം പലിശ ഈടാക്കണം, കൂടുതൽപേർക്ക് വായ്പ ലഭിക്കുന്നതിനുള്ള സാമ്പത്തികസ്വരൂപണം നടത്തുന്നതിന് ഭവന സഹകരണസംഘങ്ങളെ സഹായിക്കണം.
7. വളരെ വർഷങ്ങളായി നിലം നികത്തിയതും ഇന്ന് കരയായി രൂപാന്തരപ്പെട്ടതുമായ പ്രദേശ

ങ്ങളിൽ (കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥല ങ്ങൾ) വീടു വക്കുന്നതിനുള്ള ലൈസൻസ് നൽകേണ്ടതാണ്.

8. നമ്മുടെ പഞ്ചായത്ത് മേഖലയിൽ നൂറോളം ലക്ഷംവീടുകളുണ്ട്. അവ കുടപ്പനക്കുന്ന്, ഇര പ്പുകുഴി, ഉളിയനാട് എന്നീ സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. തുമ്പിക്കോണം, പുല്ലു കുളം, ഇരപ്പുകുഴി എന്നീ സ്ഥലങ്ങളിൽ മിച്ച ഭൂമി കോളനികൾ സ്ഥിതിചെയ്യുന്നു. പഴയ ലക്ഷം വീടുകൾ ഭൂരിപക്ഷവും കൈമാറ്റം ചെ യ്തിട്ടുണ്ട്. അതുപോലെ മിച്ചഭൂമിയിലെ വീടുക ളും കൈമാറ്റംചെയ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥലങ്ങൾ കൈമാറ്റം ചെയ്യപ്പെടാതെ താമസിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കുകയും ജീർണ്ണിച്ച ഭവനങ്ങൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യുകയും വേണം. ഒരു പ്രാ വശ്യം ലക്ഷം വീടോ മിച്ചഭൂമിയോ ഗവ. മറ്റേ തെങ്കിലും ഭവന പദ്ധതിയിലോ വീട് ലഭിച്ചിട്ടു ള്ളവർ കൈമാറ്റം നടത്തിയിട്ടുണ്ടെങ്കിൽ അങ്ങ നെയുള്ളവർക്ക് ടി ആനുകൂല്യങ്ങൾ നൽകാൻ പാടില്ല.

മിച്ചഭൂമി, ലക്ഷംവീട് കോളനി എന്നിവയിൽ കുടിവെള്ളം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക. എല്ലാ വീടുകളിലും കക്കൂസ് നൽകുക. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കണം. പൊതു കിണറുകൾ നിർമ്മിച്ച് വൃത്തിയായി സൂക്ഷിക്കണം. നില വിലുള്ളവ വൃത്തിയാക്കണം. ടി കോളനിക ളിലെ പൊതു സ്ഥലങ്ങൾ പൊതു ആവശ്യ ങ്ങൾക്കുപയോഗിക്കുന്നതിനായി അതിരുകൾ കെട്ടി തിരിച്ച് സൂക്ഷിക്കണം.

മറ്റാളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ജീർണ്ണഭവനങ്ങൾ ഉള്ളതുമായ സ്ഥലങ്ങൾ കോളനികളായി അംഗീകരിച്ച് കോളനികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. തെക്കേവീട് അയ്യർകോളനി, അമ്പഴംകോട്, ഇര പ്പുകുഴി, പുതുവൽ എന്നിങ്ങനെയുള്ള സ്ഥല ങ്ങൾ കോളനികളായി അംഗീകരിക്കുക. ടി സ്ഥലങ്ങളിൽ വെള്ളവും വെളിച്ചവും നൽകേ ണ്ടതാണ്.

ചെലവു കുറഞ്ഞ കെട്ടിടനിർമ്മാണത്തിനാ വശ്യമായ പരിശീലനം നൽകുക. നിർമ്മാണ തൊഴിലാളികളുടെ രജിസ്ട്രേഷൻ പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം. കാലാകാലങ്ങളിലുള്ള ഇവിടത്തെ കൂലി പരസ്യപ്പെടുത്തണം. നിർബ ന്ധമായും നിർമ്മാണ തൊഴിലാളികളെ ക്ഷേമ നിധിയിൽ രജിസ്റ്റർ ചെയ്യിക്കണം.

സാമൂഹ്യക്ഷേമവകുപ്പ് മുഖാന്തിരം ഭവന നിർമ്മാണ പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ ക്കാർക്ക് നൽകുന്നതോടൊപ്പം മറ്റു വിഭാഗ ക്കാർക്കും കുടി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. (J.R.Y, ഇന്ദിര ആവാസ്യോ ജന, രാജീവ് ദശലക്ഷം പദ്ധതി) 10 ലക്ഷം രൂപക്ക് മുകളിൽ നിർമ്മാണചിലവുള്ള കെട്ടിട ങ്ങൾ നിർമ്മിക്കുന്നവർ തൊട്ട് അടുത്തുള്ള ഭവ നരഹിതർക്ക് 25000 രൂപയിൽ അധികരിക്കാത്ത തുകയുള്ള വീട് നിർമ്മിച്ച് കൊടുക്കേണ്ടതാ ണ്.

**സാമൂഹ്യക്ഷേമം**

നമ്മുടെ പഞ്ചായത്ത് മേഖലയിൽ വിവിധ പെൻഷൻ ലഭിക്കുന്ന വിഭാഗങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| | |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | - 51 |
| വിധവപെൻഷൻ | - 74 |
| വാർദ്ധക്യകാലപെൻഷൻ | - 52 |
| വികലാംഗപെൻഷൻ | ഇല്ല |
| അവശകലാകാരൻമാർക്കുള്ള പെൻഷൻ | ഇല്ല |
| വിധവാ പെൻഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളവർ | - 74 |

കാലതാമസം ഒഴിവാക്കി ടി പെൻഷൻ വിത രണം ചെയ്യാനുള്ള അടിയന്തിര നടപടി സ്വീക രിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 31 അംഗൻവാടി കൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 10 എണ്ണം സ്വന്തം കെട്ടിടങ്ങളിലും ബാക്കിയുള്ളവ വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാകുന്നതോടൊപ്പം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കണം. അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികൾക്ക് പോ ഷകാഹാരം യഥാസമയം കിട്ടുന്നില്ല. കിട്ടുന്ന തിനുള്ള നടപടി സ്വീകരിക്കണം. അംഗൻവാ ടികളുടെ പ്രവർത്തനത്തിന് സഹായകമായി പ ഞ്ചായത്ത് തലത്തിൽ ഉപദേശക സമിതി രൂപീ കരിക്കണം.

റെഡിമെയിഡ് ഗാർമെന്റ്സും, കരകൗശല ഉല്പന്നങ്ങൾ, പൂകൃഷി, കൂൺവളർത്തൽ എന്നി വക്ക് പരിശീലനം നൽകേണ്ടതാണ്.

മലിനീകരണം തടയണം. പൊതു സ്ഥലങ്ങൾ റോഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കണം. വർദ്ധിച്ചുവരുന്ന കൊതുകുകളെ നശിപ്പിക്കുന്നതിന് കൊതുകു നിർമ്മാർജ്ജന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

അലഞ്ഞു നടക്കുന്ന നയ്ക്കളെ കൊല്ലുന്നതിനും വളർത്തുപട്ടികൾക്ക് പേ വിഷയ്ക്കെതിരായ കുത്തി വയ്പ്പ് നടത്തുന്നതിനും ധനം വിനിയോഗിക്കണം. വളർത്തു നായ്കൾക്ക് ലൈസൻസ് ഏർപ്പെടുത്തണം.

വികലാംഗർക്കുള്ള യാത്രബത്ത, വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ് എന്നിവ താമസം വിനാ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

IRDP സർവ്വെലിസ്റ്റിലുള്ള അർഹരായവർക്ക് മുൻഗണനാക്രമത്തിൽ ആനുകൂല്യം നൽകണം. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും സഹകരണസംഘങ്ങളും ഉണ്ടാകേണ്ടതാണ്.

പാവപ്പെട്ട കുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹാര പരിപാടിയും, പ്രതിരോധ ചികിത്സാ സംവിധാനങ്ങളും മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ വനിതകൾക്കായുള്ള സ്വയം തൊഴിൽകണ്ടെത്താനുള്ള പരിപാടി നടപ്പിലാക്കണം. പഞ്ചായത്തിൽ രണ്ട് അഗതിമന്ദിരങ്ങൾ സ്ഥാപിക്കേണ്ടതാണ്. വൃദ്ധന്മാരെ പാർപ്പിക്കാൻ ഒരു വയോജന കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

വിവാഹ ആവശ്യത്തിനും പഠനത്തിനുമുള്ള സാമ്പത്തിക സഹായങ്ങൾ അർഹതപ്പെട്ടവർക്ക് വർദ്ധിപ്പിക്കുകയും അവ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുകയും വേണം.

ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം വിപുലമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളോടുമുള്ള കെട്ടിടം നിർമ്മിക്കുകയും ചികിത്സക്കും രോഗ പ്രതിരോധത്തിനുമായ എല്ലാ ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഒരു പ്രൈമറി ഹെൽത്ത് സെന്റർകൂടി സ്ഥാപിക്കേണ്ടതാണ്.

# സംസ്ക്കാരം

ഈ പഞ്ചായത്തിൻെറആവീർഭാവത്തിനു മുൻപുതന്നെ ഏതാനും പ്രാഥമിക വിദ്യാലയങ്ങളും ഗ്രന്ഥശാലകളും ഈ പ്രദേശത്തുള്ളവരുടെ സാംസ്ക്കാരികാഭിവൃദ്ധിക്ക് സഹായകമായി പ്രവർത്തിച്ചിരുന്നു. ഇപ്പോഴും കലാരംഗത്തും, കായികരംഗത്തും, സാംസ്ക്കരിക രംഗത്തും പ്രവർത്തിക്കുന്ന കുറെ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

ഗ്രന്ഥശാലകളും, വായനശാലകളും, കലാസമിതികളും, കൊച്ചു കൊച്ചു ക്ലബ്ബുകളും ഒക്കെയാണ് സാംസ്ക്കാരികം എന്ന മേഖലയിൽ വിവക്ഷിക്കാവുന്ന പ്രധാന പ്രവർത്തന കേന്ദ്രങ്ങൾ. കുടപ്പനക്കുന്നു പഞ്ചായത്തിൽ ആകെ അഞ്ചു ഗ്രന്ഥശാലകളാണ് നിലവിലുള്ളത്. ഇവയിൽ നാലെണ്ണം ഗ്രന്ഥശാലാസംഘത്തിൻെറ കീഴിലും ഒരെണ്ണം പഞ്ചായത്തിൻെറ കീഴിലും പ്രവർത്തിച്ചു വരുന്നു.

### *ഗ്രന്ഥശാലകൾ*

ഗ്രന്ഥശാലാസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ

1. ബാപ്പുജി ഗ്രന്ഥശാല - പേരൂർക്കട
2. വി.പി. തമ്പി മെമ്മോറിയൽ ഗ്രന്ഥശാല - കുടപ്പനക്കുന്ന്
3. ഗ്രാമസേവാസമിതി ഗ്രന്ഥശാല - പുല്ലാംകോണം.
4. ജനതാ റീഡിംഗ് റൂം - പേരാപ്പൂർ

പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല:-
സാംസ്കാരിക നിലയം - നാലാഞ്ചിറ

### ബാപ്പുജി ഗ്രന്ഥശാല - പേരൂർക്കട

പേരൂർക്കട ജംഗ്ഷനോട് ചേർന്ന് വളരെ പ്രധാനപ്പെട്ട ഭാഗത്തു സ്ഥിതി ചെയ്യുന്ന ബാപ്പുജി ഗ്രന്ഥശാല 1946- ലാണ് സ്ഥാപിതമായത്. ഗ്രന്ഥശാലാസംഘത്തിൻെറ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ എല്ലാവിഭാഗത്തിലും കൂടി 9362 പുസ്തകങ്ങൾ ഉണ്ട്. 200 പേർ സജീവ അംഗങ്ങളാണ്. സജീവ അംഗങ്ങൾ പുസ്തകങ്ങൾ എടുക്കുകയും കൃത്യമായും കൈമാറ്റം നടത്തുകയും ചെയ്തു വരുന്നു. ദിനംപ്രതി 50 ഓളം അംഗങ്ങൾ പുസ്തകങ്ങൾ എടുക്കുന്നതിനും തിരികെ നൽകുന്നതിനുമായി ഇവിടെ എത്താറുണ്ട്. വളരെ വിലപിടിപ്പുള്ള ശാസ്ത്രീയ ഗ്രന്ഥങ്ങൾ ഇവിടെ ഇല്ല. റഫറൻസിനായി ഇവ ലഭ്യമാക്കേണ്ടതുണ്ട്. ഗസറ്റ് വരുത്തുന്നില്ല. തൊഴിൽ വാർത്താ പ്രസിദ്ധീകരണങ്ങൾ ലഭ്യമല്ല. വായനശാല കഴിഞ്ഞ് ഒരു ചെറിയ മുറിയ്ക്കുള്ളിലാണ് ഗ്രന്ഥശാല സ്ഥിതി ചെയ്യുന്നത്. അവശ്യം വേണ്ട ഷെൽഫുകളോ ഫർണീച്ചറോ ഇല്ല. പ്രതിവർഷം 5000 രൂപയാണ് ഈ ഗ്രന്ഥശാലയ്ക്ക് ഗ്രാൻറായി ഗ്രന്ഥശാലാസംഘം നൽകുന്നത്. ഇതു കൂടാതെ ലൈബ്രേറിയന് 500 രൂപാ നിരക്കിൽ പ്രതിമാസ ശമ്പളവും ഗ്രന്ഥശാലാസംഘം നൽകുന്നുണ്ട്. മുഴുവൻ സമയ ലൈബ്രേറിയന് ഈ ശമ്പളം വളരെ തുച്ഛമാണ്. കിട്ടുന്ന ഗ്രാൻറ് കൊണ്ട് നല്ല രീതിയിൽ ഗ്രന്ഥശാലകൾ പ്രവർത്തിപ്പിക്കുക ബുദ്ധിമുട്ടാണ്. ഫണ്ടില്ലാത്തതുകാരണം വാർഷികാഘോഷങ്ങൾ നടത്താറില്ല. പുതിയ പുസ്തകങ്ങൾ വളരെ കുറവാണ്. കാലാകാലങ്ങളിൽ പുസ്തകങ്ങൾ ബൈൻഡ് ചെയ്ത് വൃത്തിയായി സൂക്ഷിക്കാത്തതുമൂലം വിലപ്പെട്ട പുസ്തകങ്ങൾക്കു നാശം സംഭവിക്കുന്നു. ഒരു TV ഗ്രന്ഥശാലയുടെ വകയായി 12 വർഷമായി കൈകാര്യം ചെയ്തു വരികയാണ്. ഈ ഗ്രന്ഥശാലയോട് ചേർന്ന് ഒരു നേഴ്സറി സ്ക്കുൾ പ്രവർത്തിക്കുന്നുണ്ട്. 40 കുട്ടികൾ പഠിക്കുന്ന നേഴ്സറിയിലെ കുട്ടികൾക്കു ഒരു വാട്ടർ ടാപ്പ് ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകേണ്ടതാണ്. വായനശാല മൂന്നിലേയ്ക്ക് മാറ്റി പണിഞ്ഞാൽ ഗ്രന്ഥശാലയ്ക്ക് കുറെക്കൂടി സ്ഥലസൗകര്യം ലഭിക്കുവാൻ കഴിഞ്ഞേനേ. ഈ സ്ഥലത്തിന് പട്ടയം കിട്ടേണ്ടതുണ്ട്.

### വി. പി. തമ്പി മെമ്മോറിയൽ ഗ്രന്ഥശാല കുടപ്പനക്കുന്ന്.

ഇത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഗ്രന്ഥശാലയാണ്. ഇവിടെ 10,600 ഓളം പുസ്തകങ്ങൾ എല്ലാവിഭാഗങ്ങളിലുമായി ശേഖരത്തിലുള്ളത്. 2000 അംഗങ്ങൾ സജീവ വായനശീലം

പുലർത്തുന്നവരാണ്. നേരത്തെ പ്രസ്താവിച്ച എല്ലാവിധ പരാധീനതകളും ഈ ലൈബ്രറിക്കും ബാധകമാണ്. ഗ്രന്ഥശാലയിൽ നിന്നു കിട്ടുന്ന ഗ്രാന്റ് ഈ ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങൾക്ക് തികയുന്നില്ല. വൈദ്യുതി, വെള്ളം ഇവയുടെ ചാർജ് പഞ്ചായത്ത് വഹിക്കേണ്ടതാണ്.

## ജനതാ റീഡിംഗ് റൂം, പേരാപ്പൂർ

ജനതാ ഗ്രന്ഥശാലയിൽ 3600 പുസ്തകങ്ങളാണ് നിലവിലുള്ളത്. 250ഓളം പേർ സജീവാംഗങ്ങളാണ്. ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റിനെ മാത്രം ആശ്രയിച്ചു കഴിയുന്ന ഈ ഗ്രന്ഥശാലക്ക് ഗ്രാന്റ് വർദ്ധിപ്പിക്കാതെ വികസനം അസാദ്ധ്യമാണ്.

## ഗ്രാമസേവാ സമിതി ഗ്രന്ഥശാല, പുല്ലാംകോണം

1950 ൽ സ്ഥാപിതമായ ഗ്രാമസേവാ സമിതി ഗ്രന്ഥശാലയിൽ ഏകദേശം 5000 പുസ്തകങ്ങളുണ്ട്. ഏകദേശം 300 സജീവാംഗങ്ങൾ വായനാശീലരാണ്. പ്രതിവർഷം 6000 രൂപ ലൈബ്രേറിയൻ ഗ്രാന്റും 3000 രൂപ പുസ്തകഗ്രാന്റും ലഭിക്കുന്നുണ്ട്. കെട്ടിടം ജീർണ്ണിച്ച് നിലംപതിക്കാറായിരിക്കുന്നു. ഇത് സംരക്ഷിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ നിലനിൽപും പുരോഗതിയും ശ്രദ്ധിക്കേണ്ടതാണ്.

## സാംസ്കാരിക നിലയം, നാലാഞ്ചിറ

ഏകദേശം 3600 പുസ്തകങ്ങൾ സാംസ്കാരിക നിലയത്തിന്റെ ശേഖരത്തിലുണ്ട്. ഇത് പഞ്ചായത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ഗ്രന്ഥശാലാസംഘം യാതൊരു സഹായവും നൽകുന്നില്ല. 85 അംഗങ്ങൾ സജീവമായി വായനാശീലരാണ്. നിലവിൽ ഒരു part time Librarian ആണ് ഉള്ളത്.

## ജനകീയവികസനവേദി

1988- ൽ കുടപ്പനക്കുന്ന് പഞ്ചായത്തിൽ പാതിരിപ്പള്ളി കേന്ദ്രീകരിച്ച് 454/88-ാംനമ്പരായി രജിസ്റ്റർ ചെയ്തുപ്രവർത്തിച്ചു വരുന്ന ഒരു സാമൂഹ്യ സാംസ്ക്കാരിക കേന്ദ്രമാണ്. ബോധവൽക്കരണം, വനിതാ വികസനം, തൊഴിൽ പരിശീലനം, തുടർ വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ സ്തുത്യർഹമായ പ്രർത്തനം നടത്തി വരുന്നു.

## വായനശാലകൾ

1. വെയലിക്കുന്ന് റീഡിങ്ങ് റൂം, വെയിലിക്കുന്ന്
2. കുശവർക്കൽ റീഡിങ്ങ് റൂം , പൂമല്ലിയൂർക്കോണം
3. പാർത്ഥസാരഥി റീഡിങ്ങ് റൂം, കിണവൂർ

## കലാകായിക സമിതികൾ

1. പാർത്ഥസാരഥി - കിണവൂർ
2. കുശവർക്കൽ സ്പോർട്ട്സ് ക്ലബ്ബ് - പൂമല്ലിയൂർക്കോണം
3. കുടപ്പനക്കുന്ന് ബ്രദേഴ്സ് - കുടപ്പനക്കുന്ന്
4. ഭാവനാ ആർട്ട്സ് സ്പോർട്ട്സ്
5. മാമൂട് ആർട്ട്സ് സ്പോർട്ട്സ് - ഇരപ്പുകുഴി
6. കാലിസ്റ്റോ ആർട്ട്സ് സ്പോർട്ട്സ് - പൈപ്പ്ലൈൻ, പേരൂർക്കട
7. സാഗര ആർട്ട്സ് സ്പോർട്ട്സ് - ഹാർവിപുരം
8. ദർശൻ നഗർ ആർട്ട്സ് സ്പോർട്ട്സ് - ദർശൻ നഗർ
9. എ കെ ജി നഗർ ആർട്ട്സ് സ്പോർട്ട്സ് -എ കെ ജി നഗർ
10. മാതൃഭൂമി സ്റ്റഡി സർക്കിൾ
11. നാസ് ക്ലബ്ബ് - നാലാഞ്ചിറ

സംസ്ഥാനത്തെ ദൂരദർശൻ കേന്ദ്രം കുടപ്പനക്കുന്ന് പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇക്കാരണത്താൽ ഈ പഞ്ചായത്തിന്റെ പേര് ഭാരതം ഒട്ടുക്കും എത്തിപ്പെടാൻഇടയായിട്ടുണ്ട്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കൂടുതൽ പുസ്തകങ്ങൾ വേണം. ഗസറ്റും, തൊഴിൽ വാർത്താ പ്രസിദ്ധീകരണങ്ങളും റഫറൻസിനു ലഭ്യമാക്കണം. ശാസ്ത്രീയ, പൊതുവിജ്ഞാന, ബാലസാഹിത്യ കൃതികൾ തുടങ്ങിയവ റഫറൻസ് വിഭാഗത്തിൽ ആരംഭിക്കണം.

2. ഗ്രന്ഥശാലകൾക്ക് നൽകിവരുന്ന ലൈബ്രറി കൗൺസിൽ ഗ്രാന്റ് കുറഞ്ഞത് 15,000 രൂപയായി വർദ്ധിപ്പിക്കണം. നല്ലയിനം പുസ്തകങ്ങൾ ലഭ്യമാക്കാൻ ലൈബ്രറികൗൺസിൽ നേതൃത്വം നൽകണം. ഗ്രന്ഥശാലകളിൽ മുഴുവൻ സമയ ലൈബ്രേറിയൻമാരെ നിയമിക്കണം. അവരുടെ സേവന വ്യവസ്ഥകൾ പരിഷ്കരിക്കണം.

3. ഗ്രന്ഥശാലകൾക്ക് പുസ്തകം സൂക്ഷിക്കുന്നതിന് ആവശ്യമായ ഷെൽഫുകൾ നൽകണം. പുസ്തകങ്ങൾ നശിച്ചുപോകാതിരിക്കാൻ കാലാകാലങ്ങളിൽ ബൈൻഡ് ചെയ്തു സൂക്ഷിക്കണം. കെട്ടിടം വർഷംതോറും അറ്റകുറ്റപണികൾ ചെയ്യണം.

4. ബാപ്പുജി ഗ്രന്ഥശാലയുടെ മുൻപിലായി റീഡിംങ്ങ് റൂം കെട്ടി ഗ്രന്ഥശാലക്ക് സ്ഥലസൗകര്യം വർദ്ധിപ്പിക്കണം. അവശ്യം വേണ്ട വികസന പ്രവർത്തനം നടത്തണം. ബാപ്പുജി ഗ്രന്ഥശാലക്ക് പട്ടയം നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

5. ഗ്രാമസേവാസമിതി ഗ്രന്ഥശാലാ കെട്ടിടം രണ്ടു നിലയായി പുതുക്കി പണിത് ഒരു നിലയിൽ ബാലവാടി, ക്രഷ്, നേഴ്സറി ഇവയിൽ ഏതെങ്കിലും ഒന്ന് പഞ്ചായത്താഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

6. കലാകായിക സാംസ്കാരിക മേഖലകളിൽ വളരെ പേരുകേട്ട ഒരു പഞ്ചായത്ത് ആയിരുന്നു കുടപ്പനക്കുന്ന് പഞ്ചായത്ത്. ഒട്ടനവധി പ്രതിഭകളെ ഈ പഞ്ചായത്ത് സംഭാവന ചെയ്തിട്ടുണ്ട്. പക്ഷെ പണ്ട് ഉണ്ടായിരുന്ന പ്രതാപം ആ ഊർജ്ജസ്വലത ഇവ ഒന്നും തന്നെ ഇന്ന് കാണുവാൻ സാധിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ നിരവധി കുളങ്ങളുണ്ട്. പഴയ ആൾക്കാർ കുളിക്കുവാനും അലക്കുവാനും കൃഷിക്കും ഒക്കെ ഈ കുളങ്ങളെ ഉപയോഗിച്ചിരുന്നു. കുട്ടികളിൽ ഭൂരിഭാഗവും നീന്താനറിയാമായിരുന്നു. നീന്തൽ കളിയായും നീന്തൽ പരിശീലനമാക്കിയും മത്സരിച്ചും വിജയിച്ചും ഉന്നത നിലകളിൽ കയറിപ്പറ്റിയവർ ധാരാളമുണ്ട്. ഇക്കാര്യത്തിൽ മുൻ നിരയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ് കുശവർക്കൽ Sports Club. ഇന്ന് നീന്താനറിയാവുന്നവർ ചുരുക്കം. അതിനാൽ കുശവർക്കൽ സ്പോർട്ട്സ് ക്ലബ്ബിന്റെ നിലനിൽപിനും അതു വഴി നീന്തൽ താരങ്ങളുടെയും മറ്റും ഉന്നതിക്കും വേണ്ട കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നീന്തലിൽ നിന്നും വ്യത്യസ്തമല്ല മറ്റു കായിക രംഗങ്ങളും. ഫുട്ബാൾ, ബാസ്കറ്റ് ബാൾ, വോളിബാൾ തുടങ്ങിയ വിഭാഗങ്ങളിലും കായികതാരങ്ങൾ ഉണ്ടായിരുന്ന പഞ്ചായത്തിലെ കായികരംഗം ഇന്ന് തീരെ ശോഷിച്ച മട്ടാണ്. TV യുടേയും മറ്റ് വിദേശ ദൃശ്യമാധ്യമങ്ങളുടേയും മാസ്മര വലയത്തിൽ അകപ്പെട്ട് ഇന്ന് കുട്ടികളും മുതിർന്നവരും കളിക്കാനല്ല പകരം കളി കാണാനാണ് കൂടുതൽ താല്പര്യമെടുക്കുന്നത്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ നീന്തൽക്കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കുക. Sports Council മുഖേന നീന്തൽ പരിശീലനത്തിനു വേണ്ട പ്രോത്സാഹനം നൽകുക.
2. റേഡിയോ പാർക്കിനോടു ചേർന്നു TV Park സ്ഥാപിക്കുക. കേടായ ടി വികൾക്കു പകരം പുതിയ ടി വി നൽകുക.
3. പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലം സ്ഥാപിക്കുക.
4. പഞ്ചായത്തിൽ ഒരു കലാകേന്ദ്രം സ്ഥാപിക്കണം. പാരമ്പര്യ കലകൾക്ക് പ്രോത്സാഹനം നൽകണം. നാടൻ കലാരൂപങ്ങളിൽ പഞ്ചായത്തിൽ ഉള്ള കമ്പടികളി, കാക്കാരിശി നാടകം തുടങ്ങിയവക്ക് പ്രോത്സാഹനം നൽകുക. നാടക സംഘങ്ങൾക്കും, കലാസമിതികൾക്കും ധന സഹായം നൽകുക.
5. അമ്പലങ്ങൾ, ക്രിസ്ത്യൻ പള്ളികൾ, മുസ്ലിം പള്ളികൾ തുടങ്ങിയവയിൽ അവരവരുടെ വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് സർവ്വമത മൈത്രിക്കായി സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുക.
6. വായനാശീലം വർദ്ധിപ്പിക്കുവാൻ പഞ്ചായത്ത് വാർഡ് തലങ്ങളിൽ മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
7. സാംസ്കാരിക മൂല്യശോഷണത്തിന് എതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുക.

# വനിതാക്ഷേമം

## I 1991 സെൻസസ്പ്രകാരം നിലവിൽ ഉള്ള ജനസംഖ്യ

| | |
|---|---|
| Total population | 33534 |
| Female | 17028 |
| S.C. Female | 1743 |
| S.T.Female | 13 |

## II സ്വയം തൊഴിൽ

പഞ്ചായത്ത് തലങ്ങളിൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കണം. ബ്ലോക്കിൽ നടക്കുന്ന ട്രൈയിസം ട്രയിനിങ്ങ് പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കണം. പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട സർക്കാർ സ്ഥലത്ത് ഒരു വനിതാസഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുക. Banking സമ്പ്രദായം ഉദാരവൽക്കരിക്കുക.

## III. വിധവകളുടെ ഉന്നമനം

അഗതി, വാർദ്ധക്യ, വിധവ പെൻഷൻ വിതരണം ത്വരിതപ്പെടുത്തുക. പെൻഷൻസ്കീം ഉദാരവൽക്കരിക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിരാലംബരായ സ്ത്രീകളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു അഗതിമന്ദിരം സ്ഥാപിക്കുക.

## IV ആരോഗ്യം

Public Health Centre വിപുലീകരിക്കുക. നിലവിലുള്ള അംഗൻവാടികൾ വിപുലീകരിക്കുക. അംഗൻവാടികളിൽ ശുചിത്വം നടപ്പിലാക്കുക. വനിതകൾക്കുവേണ്ടി ഒരു വനിതാ ഡോക്ടറെ ഹെൽത്ത് സെന്ററിൽ നിയമിക്കുക.

## V മദ്യനിരോധനം

സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുകയും ബോധവൽക്കരണത്തിനുവേണ്ടി ഒരു വനിതാ സെൽ രൂപീകരിക്കുകയും ചെയ്യുക. പുകവലി, മദ്യം എന്നിവയുടെ പരസ്യങ്ങളിൽ നിന്ന് സ്ത്രീകളെ ഒഴിവാക്കുക. ദൃശ്യമാധ്യമങ്ങളിൽ കൂടിയുള്ള അശ്ലീല ചിത്രപ്രദർശനവും സ്ത്രീ വിരുദ്ധ ആവിഷ്കാരങ്ങളും നിർത്തലാക്കുക. വനിതാ സംരക്ഷണ സമിതിയുടെ കീഴിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സമൂഹ വിവാഹം നടപ്പിലാക്കുക, പഞ്ചായത്ത് തലത്തിൽ ലീഗൽ സെൽ രൂപീകരിക്കുക.

# സഹകരണം

## സഹകരണപ്രസ്ഥാനം

തിരുവനന്തപുരം സിറ്റിയോട് ചേർന്ന് കിടക്കുന്ന ഒരു പഞ്ചായത്താണ് കുടപ്പനക്കുന്ന് പഞ്ചായത്ത്. അതുകൊണ്ട് തന്നെ സിറ്റിയുടേതായ കുറെ സൗകര്യങ്ങളും ഗുണങ്ങളും ഇവിടെ അനുഭവിക്കുവാനുള്ള ഭാഗ്യവും പഞ്ചായത്ത്കാർക്ക് വന്നുഭവിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിലെ ചില വാർഡുകളും കുടപ്പനക്കുന്ന് പഞ്ചായത്ത് മുഴുവനായും ഉൾക്കൊണ്ട്കൊണ്ടാണ് പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്തിരിക്കുന്നതും പ്രവർത്തിക്കുന്നതും ഈ ബാങ്ക് അഭിമാനിക്കാവുന്ന തരത്തിൽ ഉയർച്ചയിലേക്ക് കുതിച്ച് കയറിക്കൊണ്ടിരിക്കുന്നു.

ഈ ബാങ്ക് സാക്ഷരതാ പ്രവർത്തനം, കേരളോൽസവം എന്നിവക്കും, പഞ്ചായത്തിന്റെ പൊതുവായ പരിപാടികൾക്കും നിർലോഭമായ സഹായസഹകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഇന്ദിരാവികാസ് പത്ര സമാഹരണ (I.V.P) പദ്ധതി പ്രകാരം പ്രസ്തുത ബാങ്ക് പഞ്ചായത്ത് മുഖാന്തിരം നിക്ഷേപിച്ച തുകയിൽ നിന്നും ഇൻസന്റീവായി ലഭിച്ച നല്ലൊരു തുക ഉപയോഗിച്ച് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും, ഇവിടെ കക്കൂസ്സുകളില്ലാത്തവർക്ക് കക്കൂസ്സുകളുണ്ടാക്കി കൊടുക്കുന്നതിനും, ഇവിടങ്ങളിലെ റോഡുകളുടെ പുനരുദ്ധാരണപണികൾ ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ വികസനത്തിന് പ്രത്യേക പ്രാധാന്യം വഹിക്കുന്ന സ്ഥാപനമെന്ന നിലയിൽ പേരൂർക്കട സർവ്വീസ് സഹകരണ ബാങ്കിന്, പഞ്ചായത്തിനു വേണ്ടി ഇനിയും നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാനാകും എന്ന കാര്യത്തിൽ തർക്കമില്ല.

ഈ ബാങ്കിന്റെ ഹെഡോഫീസ് കോർപ്പറേഷൻ അതിർത്തിയാലാണെങ്കിലും രണ്ട് പ്രധാന ബ്രാഞ്ചുകളും ഒരു സ്റ്റോറും പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. കുടപ്പനക്കുന്നിലും പരുത്തിപ്പാറയിലും പൂമല്ലിയൂർക്കോണത്തുമാണ് ഇവ പ്രവർത്തിക്കുന്നത്. ഇതു കൂടാതെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗവികസന സഹകരണ സംഘങ്ങൾ, ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ, കൺസ്യൂമർസ്റ്റോർ തുടങ്ങിയവ പല സമയങ്ങളിലായി വളരെ ചെറിയ മൂലധനവും കുറഞ്ഞ അധികാര പരിധിയും നിശ്ചയിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അവയെല്ലാം പ്രവർത്തനക്ഷമമല്ലാതായിട്ടുണ്ട്.

## I സഹകരണമേഖലയുടെ പ്രസക്തി

(a) കാർഷികമേഖല

ഒരു കാലത്ത് ഈ പഞ്ചായത്തിൽ നോക്കെത്താ ദൂരത്ത് നീണ്ട് വിസ്തൃതമായികിടന്നിരുന്ന നെൽപ്പാടങ്ങൾ ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായിരിക്കുകയാണ്. നല്ല ഫലം നൽകികൊണ്ടിരുന്ന തെങ്ങിൻ തോപ്പുകൾ പലതും വൻകിട വ്യവസായങ്ങളുടെ നേതൃത്വത്തിലുള്ള ഹൗസിങ്ങ് കോളനികളായി മാറിക്കൊണ്ടിരിക്കുകയാണ്. നഗരപ്രദേശത്തിന് സമീപമായതിനാൽ കൃഷി മേഖലകൾ വ്യാപകമായ ഭവന നിർമ്മാണ മേഖലകളായി മാറി. കർഷകരേയും കർഷക തൊഴിലാളികളെയും വളരെയേറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. വളരെ വിസ്തീർണ്ണം കുറഞ്ഞ കൃഷിയിടങ്ങളിൽ കൃഷി ഇറക്കുവാൻ ആഗ്രഹമുണ്ടെങ്കിൽപോലും കൊച്ചു കൊച്ചു കർഷകർ ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ നിഷ്കർഷിക്കുന്ന വിസ്തീർണ്ണമോ ജാമ്യക്കാരുടേയോ മറ്റു വ്യവസ്ഥകളോ പാലിക്കാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ട് തന്നെ ഈ പഞ്ചായത്തിൽ കാർഷികമേഖലയിൽ എന്തെങ്കിലും മാറ്റം സംഭവിക്കണമെന്ന് ആഗ്രിക്കുന്നു എങ്കിൽ അതിന് സഹകരണബാങ്കുകളുടെ ആത്മാർത്ഥമായ സഹകരണം കൂടിയേ കഴിയൂ.

(b) ചെറുകിട വ്യവസായങ്ങൾ

ഒറ്റപ്പെട്ട കർഷക സംരംഭകർക്ക് വായ്പകൾ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുന്നതായി മനസ്സിലാക്കുന്നു. ബാങ്ക് വായ്പകൾ ലഭിക്കുവാൻ ഇന്നുള്ള നിയമതടസ്സങ്ങൾ മാറ്റുകയും നിയമങ്ങൾ ലഘൂകരിക്കുകയും ചെയ്ത് വായ്പകൾ അർഹതയുള്ള കർഷകർക്ക് ഏറ്റവും എളുപ്പം

ലഭ്യമാക്കുന്നതിന് ഉദാരമായ സമീപനം ബാങ്ക് അധികൃതരിൽ നിന്ന് ഉണ്ടാകേണ്ടതാണ്.

(c) തൊഴിൽ സാധ്യത

ഈ പഞ്ചായത്തിലെ തൊഴിൽ രഹിതർക്ക് സഹകരണവ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ പേരൂർക്കട സഹകരണ ബാങ്ക് ഉദാരമായ വ്യവസ്ഥകളിൽ വായ്പകൾ ലഭ്യമാക്കണം.

(d) നിക്ഷേപ സമാഹരണം

പഞ്ചായത്തിലെ ജനങ്ങൾ സഹകരണ പ്രസ്ഥാനങ്ങൾക്കു വേണ്ടത്ര സഹായം എപ്പോഴും നൽകി പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. സ്വരൂപിക്കുന്ന പണം പഞ്ചായത്തിലെ വിവിധ രംഗങ്ങളിലെ യഥാർത്ഥ വികസനത്തിന് പ്രയോജനപ്പെടുത്തുവാനുള്ള സംവിധാനം സഹകരണ ബാങ്ക് ഡയറക്ടർബോർഡ് സ്വീകരിക്കേണ്ടതാണ്.

**II മേഖല**

1. ക്ഷീരമേഖല
2. കോഴികൃഷി
3. വനിതാ ക്ഷേമം
4. പാരലൽ കോളേജ്
5. സഹകരണ ആശുപത്രി
6. സഹകരണ മോട്ടോർസ്ഥാപനങ്ങൾ
7. പട്ടിക ജാതി /പട്ടിക വർഗ്ഗ വികസന സഹകരണ സംഘങ്ങൾ
8. ഈറ്റവ്യവസായ സഹകരണ സംഘങ്ങൾ
9. തുകൽവ്യവസായ സഹകരണ സംഘങ്ങൾ
10. മത്സ്യകൃഷി സഹകരണ സംഘങ്ങൾ

മേൽ പ്രസ്താവിച്ച പത്ത് മേഖലകളിലാണ് ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയും പ്രത്യേക അവസ്ഥയും കണക്കിലെടുത്ത് സഹകരണമേഖല വികസന പ്രക്രിയക്ക് സഹായമാകേണ്ടതാണ്.

## ക്ഷീരവ്യവസായം

കുടപ്പനക്കുന്ന് എന്ന നാമം പണ്ടു മുതലേ പുറംലോകം അറിയപ്പെടുന്നത് തന്നെ ഇവിടെ സ്ഥിതിചെയ്യുന്ന ഡയറിഫാമിലൂടെയാണ്. പശുക്കൾ ധാരാളം ഉണ്ടായിരുന്നു. പുല്ലുകൃഷി, പാൽവിതരണം എന്നിവ ഉണ്ടായിരുന്നു. ഇന്ന് ആ സ്ഥാപനത്തിൽ പേരിനുമാത്രമുള്ള പശുക്കളെ ഉള്ളു. ഈ പഞ്ചായത്തിൽ ക്ഷീര കർഷകർ വളരെക്കൂടുതൽ താമസിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വേണ്ട ക്ഷീരവ്യവസായ സാധ്യത വളരെക്കൂടുതലുമാണ്. മൃഗാശുപത്രികൾ നന്നായി പ്രവർത്തിക്കുന്നതിനാൽ കന്നുകാലികൾക്ക് ആരോഗ്യപരിപാലനത്തിനു എളുപ്പവുമാണ്. ക്ഷീരവ്യാവസായം സഹകരണമേഖലകൾ സംഘടിപ്പിച്ച് ആസൂത്രിതമായ കാഴ്ചപ്പാടോടെ കാര്യക്ഷമമായി നടത്തുന്ന പക്ഷം ഈ വ്യവസായം വൻവിജയമായിരിക്കും. ഒന്നാം വാർഡായ കിണവൂരും, മൂന്നാം വാർഡായ നാലാഞ്ചിറയും, നാലാം വാർഡായ പനയറയും, അഞ്ചാം വാർഡായ പാതിരിപ്പള്ളിയും ക്ഷീരവ്യവസായ സഹകരണസംഘംങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ആയതിലേക്ക് ടി പേരൂർക്കട സർവ്വീസ് സഹകരണ ബാങ്കിന്റെ സഹായം ലഭിക്കേണ്ടതുമാണ്.

## കോഴിക്കൃഷി

കുടപ്പനക്കുന്നിലും പേരൂർക്കടയിലും സർക്കാർവക പൗൾട്രിഫാം നിലവിലുണ്ട്. എങ്കിലും കാര്യമായ പ്രയോജനം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല. തിരുവനന്തപുരം സിറ്റിയോട് ചേർന്ന് കിടക്കുന്ന പ്രദേശമാകയാൽ ഇറച്ചിക്കോഴി, കോഴിമുട്ട തുടങ്ങിയവക്ക് നല്ല വിപണനസാധ്യയാണുള്ളത്. ഇത്തരം കൃഷികളിലും വ്യവസായങ്ങളിലും താല്പര്യവും അഭിരുചിയുമുള്ളവരെ ഉൾപ്പെടുത്തി ഒരു സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

## വനിതാ ക്ഷേമം

വനിതകളുടെ ക്ഷേമപ്രവർത്തനങ്ങളും വികസന സാധ്യതകളും വളരെയേറെ ചർച്ചചെയ്യപ്പെടുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. ലക്ഷം വീട് കോളനികൾ ഹരിജൻ കോളനികൾ എന്നിവിടങ്ങളിലൊക്കെയായി അവശതയനുഭവിക്കുന്ന വനിതകൾക്ക് അനുപേക്ഷണീയമായ ഒരു തൊഴിൽ സംരംഭമാണ് സഹകരണ മേഖല. സോപ്പുനിർമ്മാണം, ശാമ്പ്രാണി നിർമ്മാണം, അച്ചാർ കറിപൗഡർ നിർമ്മാണം, റെഡിമെയ്ഡ് തുണിത്തരങ്ങൾ, തീപ്പെട്ടി, മെഴുകുതിരി, ചിപ്സ്, പർപ്പടകം തുടങ്ങി വനിതകൾക്ക് എളുപ്പം കൈകാര്യം ചെയ്യാവുന്ന മേഖല ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്

## സഹകരണ ആശുപത്രി

പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരാശുപത്രിയും മെഡിക്കൽസ്റ്റോറും സ്ഥാപിക്കേണ്ടതാണ്. ആയതിലേക്ക് പേരൂർക്കട സർവ്വീസ് സഹകരണ ബാങ്കിന്റെ സഹായസഹകരണം ലഭ്യമാക്കേണ്ടതാണ്.

## സഹകരണ മോട്ടോർ സ്ഥാപനങ്ങൾ

ബസ്സ്, കാർ, ആട്ടോറിക്ഷ എന്നീ സഹകരണ സംഘം രൂപീകരിക്കണം.

## പട്ടികജാതി -പട്ടികവർഗ്ഗ വികസന സഹകരണ സംഘം

എല്ലാ പദ്ധതികളിലും പട്ടികജാതി പട്ടിക വർഗ്ഗ വികസനങ്ങൾക്ക് വേണ്ടി ഫണ്ടുകൾ മാറ്റിവയ്ക്കപ്പെടുന്നുണ്ടെങ്കിലും യഥാർദ്ധത്തിൽ അർഹതപ്പെട്ടവരുടെ കൈകളിൽ എത്തുവാൻ പ്രത്യേക ശ്രദ്ധവേണ്ടതാണ്. പട്ടികജാതി, പട്ടികവർഗ്ഗക്കാരുടേത് മാത്രമായി ഒരു സഹകരണസംഘം രൂപീകരിക്കണം.

ഈറ്റവ്യവസായത്തിനും തുകൽ വ്യവസായത്തിനും പ്രോത്സാഹനം നൽകാൻ സഹകരണ സംഘം രൂപീകരിക്കണം. പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ കോർപ്പറേഷനും ഖാദി വില്ലേജ് & ഇൻഡസ്ട്രീസും ഈ രംഗത്ത് പ്രവർത്തിക്കുന്നുവെങ്കിലും തദ്ദേശീയമായ പ്രോത്സാഹനത്തിന് സഹകരണസംഘം വളരെ ഉപകരിക്കും.

### മത്സ്യകൃഷി

പഞ്ചായത്തിൽ നിരവധി കുളങ്ങൾ ഉണ്ട്. മത്സ്യകൃഷി നന്നായി നടത്താൻ കർഷക സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

മറ്റ് ആവശ്യങ്ങൾ

## III ക്രോഡീകരിക്കപ്പെട്ട നിർദ്ദേശങ്ങൾ

1. ക്ഷീരവ്യവസായം, കോഴികൃഷി, വനിതാക്ഷേമം, പാരലൽകോളേജ്, ആശുപത്രി, മോട്ടോർ വ്യവസായം, പട്ടികജാതി /പട്ടിക വർഗ്ഗ വികസനം, ഈറ്റ വ്യവസായം, തുകൽ വ്യവസായം, മത്സ്യകൃഷി എന്നീ രംഗങ്ങളിൽ പരിശീലനം നൽകണം.
2. സഹകരണ ബാങ്കുകളിലെ നിലവിലുള്ള വായ്പാ വിതരണ സമ്പ്രദായം പരിഷ്കരിക്കേണ്ടതാണ്. ഉദ്യോഗസ്ഥ ജാമ്യം നൽകാൻ കഴിയാത്തവർക്ക് വസ്തുവിന്റെ ജാമ്യത്തിൽ വായ്പ അനുവദിക്കണമെന്ന് സർക്കാർ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകണം.. 2000 രൂപവരെയുള്ള തുകകൾ സ്വന്തം ജാമ്യത്തിൽ അനുവദിക്കുവാനും നിർദ്ദേശം ഉണ്ടാകണം.
3. പേരൂർക്കട സർവ്വീസ് സഹകരണബാങ്ക് ഉദ്യോഗസ്ഥ ജാമ്യത്തിൻമേലാണ് വായ്പകൾ വിതരണം ചെയ്യുന്നത്. ഉദ്യോഗസ്ഥ ജാമ്യം നൽകാൻ കഴിയാത്തവർക്ക് കൃഷി വസ്തുവിൻമേൽ വായ്പാ വിതരണം നടത്തുന്ന ഒട്ടനധി സഹകരണ സ്ഥാപനങ്ങൾ ജില്ലയിൽതന്നെയുണ്ട്. അതുപോലെ വസ്തു ഈടിൻമേൽ വായ്പ അനുവദിക്കാൻ പേരൂർക്കട സഹകരണബാങ്ക് തയ്യാറാവണം.
4. ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ പഞ്ചായത്തിൽ നിലവിലില്ല. ശാഖ അനിവാര്യമാണ്.
5. സഹകരണ മാവേലിസ്റ്റോർ എല്ലാ വാർഡിലും സ്ഥാപിക്കേണ്ടതാണ്.
6. പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തണം. എല്ലാ വാർഡുകളിലും ഇതിന്റെ പ്രയോജനം ലഭ്യമാക്കണം.
7. സഹകരണ മെഡിക്കൽസ്റ്റോർ പഞ്ചായത്തിൽ കുറഞ്ഞത് രണ്ടെണ്ണമെങ്കിലും ആരംഭിക്കണം.
8. പേരൂർക്കട സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കണം. വായ്പാവിതരണവും ക്ഷേമപരിപാടികളും കൂടുതൽ ഉദാരവൽക്കരിക്കണം. കാർഷിക വ്യവസായിക പദ്ധതികൾക്ക് മുൻതൂക്കം നൽകണം.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിൽ 14 പട്ടികജാതി കോളനികൾ ഉണ്ട്. കോളനികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. വഴയില വാർഡ്-ഹാർവിപുരം കോളനി
2. വഴയില വാർ ഡ് -ഊന്നാംപാറ കോളനി
3. ടി വി വാർഡിലുള്ള ഇരപ്പുകുഴി ലക്ഷം വീട് കോളനിയും അതിനോട് ചേർന്ന നാല് സെന്റ് കോളനിയും
4. ടി വി വാർഡിലുള്ള പുല്ലുകുളം പട്ടിക ജാതി കോളനി
5. പാതിരിപ്പള്ളി വാർഡിലുള്ള കുഴിവിള കോളനി
6. ഓഫീസ് വാർഡിൽ ഇളയം പള്ളി ക്കോണം- പാറപ്പൊറ്റ കോളനി
7. തെക്കേവീട് വാർഡിൽ കുടപ്പനക്കുന്ന് ലക്ഷം വീട് കോളനി
8. ചെട്ടിവിളാകം വാർഡിൽ ഉളിയനാട് ലക്ഷം വീട് കോളനി
9. പുല്ലാംകോണം വാർഡിൽ പനവൂർ തറട്ട കോളനി
10. മുണ്ടൈകോണം വാർഡിൽമുണ്ടെയ് കോണം കോളനി
11. കുടപ്പനക്കുന്ന് വാർഡിൽ മിച്ചഭൂമി കോളനി
12. കുടപ്പനക്കുന്ന് വാർഡിൽ പറയൻവിളാകം കോളനി
13. നെടുമ്പ്രം വാർഡിൽ രാമപുരം ചിറ്റല്ലൂർ കോളനി
14. ചൂഴമ്പാല പട്ടികജാതി കോളനി

ഈ കോളനികളിൽ 145 കുടുംബങ്ങൾ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവരാണ്. അതോടൊപ്പം 175 കുടുംബങ്ങൾ ഓല മേഞ്ഞ വീടുകളിൽ താമസിക്കുന്നവരുമുണ്ട്. ഈ പഞ്ചായത്തിൽ കിഴക്കേ വിളയിൽ തീപ്പെട്ടിക്കമ്പനിക്ക് അടുത്ത് സർക്കാർ ഏറ്റെടുത്ത മിച്ച ഭൂമിയിൽ വസ്തുവും വീടും ഇല്ലാത്ത പട്ടിക ജാതിക്കാരെ അധിവസിപ്പിക്കാൻ കെട്ടിടം വച്ച് നൽകിയാൽ ഈ വിഭാഗത്തിൽപെട്ട കുറെ പേരെയെങ്കിലും പുനരധിവസിപ്പിക്കാൻ കഴിയും. മിച്ചഭൂമി പ്രത്യേകിച്ചും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് അവകാശപ്പെട്ടതാണ്. അതുപോലെ ഓല മേഞ്ഞ വീടുകളിൽ താമസിക്കുന്നവരുടെ വീടുകൾ ഉടൻതന്നെ ഓട് ഇടുന്നതിന് സത്വര നടപടി എടുക്കേണ്ടതാണ്.

ഏറ്റവും അത്യാവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായ 80 വീടുകൾ ഈ കോളനികളിലുണ്ട്. ഇവ ഉടനെതന്നെ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കി കൊടുക്കേണ്ടതാണ്. കോളനികളിൽ 50 വീടുകൾക്ക് കക്കൂസ് നിർമ്മിച്ച് നൽകിയിട്ടില്ല. കക്കൂസില്ലാത്ത ഈ വീടുകളിൽ അടിയന്തിരമായി കക്കൂസ് നിർമ്മിച്ച് നൽകേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള കക്കൂസുകൾ തന്നെ ഉപയോഗയോഗ്യമല്ലാതിരിക്കുന്നുണ്ട്. അവയും ഉടൻ തന്നെ മാറ്റി സ്ഥാപിക്കേണ്ടതാണ്. അതുപോലെതന്നെ പൊതു കക്കൂസുകൾ പുതുതായി ഈ കോളനികളിൽ നിർമ്മിച്ച് നൽകാവുന്നതാണ്. ഈ കോളനികളിലെ കുടിവെള്ള ക്ഷാമം മറ്റൊരു അടിയന്തിര പ്രശ്നമാണ്. ഇതിൽ ഇരപ്പുകുഴി ലക്ഷം വീടും നാലു സെന്റ് കോളനിയിലെയും കുടിവെള്ള പ്രശ്നം ഉടനെ പരിഹരിക്കണം. അതിനായി കോളനികളിൽ കുഴൽ കിണറുകൾ കുഴിച്ച് ശുദ്ധജലവിതരണം നടത്താവുന്നതാണ്. ഇപ്പോൾ എല്ലാ കോളനികളിലും പബ്ലിക് ടാപ്പുകൾ മാത്രമെ ഉള്ളു. എന്നാൽ ഓരോ വീടുകൾക്കും പ്രത്യേകം ടാപ്പുകൾ ഇട്ട് ശുദ്ധജല വിതരണം നടത്തേണ്ടതാണ്. ഓരോ വീടിനും പ്രത്യേകമായി കുളിമുറി ഇല്ലാത്തതിനാൽ എല്ലാവരും കുളിക്കാൻ പബ്ലിക് ടാപ്പുകളെ യും കുളങ്ങളെയുമാണ് ആശ്രയിക്കുന്നത്. ഇത് ആരോഗ്യരംഗത്ത് പല പ്രയാസങ്ങളും ഉണ്ടാക്കുന്നു. ഇതിനായി കോളനികളിൽ പൊതു കുളിമുറികൾ ഉണ്ടാക്കുകയും അവിടത്തെ മലിന ജലം ഒഴുക്കികളയാൻ ഓടകൾ നിർമ്മിക്കേണ്ടതുമാണ്.

സ്വന്തമായി സ്ഥലം ഉള്ളവരും എന്നാൽ വീട് വയ്ക്കാൻ നിവൃത്തിയില്ലാത്തവരുമായ 75 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അവർക്ക് വീട്വച്ച് കൊടുക്കാൻ ഉടനെ നടപടികൾ സ്വീകരിക്കണം.

പരമ്പരാഗത തൊഴിലും കൂലിപ്പണിയും ചെയ്യുന്നവരാണ് ഈ പഞ്ചായത്തിലുള്ള പട്ടികജാതിക്കാർ, പ്രത്യേകിച്ചും കൃഷിപ്പണി ഇന്ന്

അന്യമായിക്കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് ഏതെങ്കിലും വ്യവസായശാലകൾ ഉണ്ടാകണം, ഈ സാഹചര്യത്തിൽ വെയിലിക്കുന്നിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് സ്ഥലത്ത് ഒരു ചെറുകിട വ്യവസായശാലയും അവർക്ക് ട്രെയിനിംഗ് കൊടുക്കാനുള്ള ഒരു ട്രെയിനിംഗ് സെന്ററും തുറക്കേണം. അപ്രകാരം തുറക്കുന്ന സെന്ററിൽ ഇലക്ട്രോണിക് ചോക്ക്, മെഴുകുതിരി നിർമ്മാണം മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഉണ്ടാക്കാവുന്നതാണ്. അതോടൊപ്പം തന്നെ ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം നടത്താൻ സർക്കാർ തലത്തിൽ തന്നെ വ്യവസ്ഥ ഉണ്ടാക്കുകയും വേണം. അതോടൊപ്പംതന്നെ ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ പരിശീനത്തിന് സൗകര്യമുണ്ടാക്കുകയും വേണം. ഇപ്രകാരം ട്രെയിനിംഗ് ലഭിക്കുന്നവർ ഈ സെന്ററിൽ വച്ച് മറ്റുള്ളവരേയും പരിശീലിപ്പിക്കേണ്ടതാണ്. അങ്ങനെ ഈ വിഭാഗത്തിൽപ്പെട്ട ഈ പഞ്ചായത്തിലെ കുറെ കുടുംബങ്ങൾക്ക് തൊഴിൽ കിട്ടാവുന്നതാണ്.

പാതിരിപ്പള്ളി വാർഡിൽ ഇളയംപള്ളിക്കോണം പട്ടികജാതി Co-operative Society ഉണ്ടായിരുന്നു. അത് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ആ സൊസൈറ്റിയെ പുനരുദ്ധരിക്കുകയും അതിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതുമാണ്. അതോടൊപ്പം തന്നെ ഈ വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന ഓഫീസ്വാർഡ്,തെക്കേവീട്, രാമപുരം എന്നിവിടങ്ങളിൽ കൂടുതൽ സൊസൈറ്റികൾ ആരംഭിക്കേണ്ടതാണ്. പട്ടികജാതിക്കാർക്ക് കിട്ടേണ്ട തൊഴിൽ, ലോണുകൾ എന്നിവയെപ്പറ്റി അവരെ ബോധവാന്മാരാക്കാൻ പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇത് പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ സംഘടിപ്പിക്കേണ്ടതാണ്.

പറയൻവിളാകം കോളനിയിൽ വീടുകൾ അടുത്തടുത്തും ഓരോ വീടിനും കക്കൂസും കിണറുമുണ്ട്. കക്കൂസുകളുടെ ആധിക്യം മൂലം കിണറുകളിലെ ജലം മലിനമാകുന്നു. അതിനാൽ ഈ കോളനിയിൽ കുടിവെള്ളം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിന് കുഴൽകിണർ ഉണ്ടാക്കിയാൽ പ്രശ്നം ഏറെക്കുറെ പരിഹരിക്കാൻ സാധിക്കുന്നതാണ്. അതുപോലെ തന്നെ പൊതു കക്കൂസ് നിർമ്മിക്കുന്നതും ഉചിതമായിരിക്കും.

പറയൻവിളാകം പ്രദേശത്തിന് കിഴക്ക് വശത്ത് ക്രൈസ്റ്റ്നഗർ റോഡിൽ Y.W.C.A നഴ്സറിസ്കൂളിൽ നിന്ന് വടക്കോട്ട് ഏതാണ്ട് 300 മീറ്റർ നീളത്തിൽ ഓടയില്ല. ഇവിടത്തെ വെള്ളം പടിഞ്ഞാറേ ചരിവിലേക്കൊഴുകി ക്രൈസ്റ്റ്നഗർ റോഡിന് സമാന്തരമായി കിടക്കുന്ന തടത്തിൽ കെട്ടി നിൽക്കുന്നു. ഇത് സമീപത്തെ വീടുകൾക്കും മതിലുകൾക്കും നാശമുണ്ടാക്കുകയും അവിടം കവിഞ്ഞൊഴുകി പാവപ്പെട്ട പട്ടികജാതിക്കാരുടെ കിണറുകളിലേക്കും ഒഴുകുന്നതുമൂലം കിണറുകൾ ഉപയോഗശൂന്യമാണ്. ഇതിനായി വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം മണ്ണിട്ട് നികത്തുകയും അവിടെനിന്ന് ഓടവെട്ടി മുകളിൽ നിന്നുള്ള വെള്ളത്തിന്റെ ഒഴുക്ക് കാവുവിള തടം വഴി പറയൻവിളാകം തോട്ടിലേക്ക് വിടാൻ വേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്.

നെടുംമ്പ്രം വാർഡിൽ വാട്ടർലൈനിൽ നിന്നും പറമ്പിൽലൈൻവഴി 45 മീറ്റർ മണ്ണടിക്ഷേത്ര നട വഴി N C C റോഡുമായി ബന്ധിപ്പിച്ചാൽ ഈ പ്രദേശത്ത് താമസിക്കുന്ന 25ഓളം പട്ടികജാതി കുടുംബങ്ങൾക്ക് ഗതാഗത സൗകര്യമുണ്ടാക്കാൻ സാധിക്കുന്നതാണ്.

പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന കോളനികളിലെ ആരോഗ്യം, ശുചിത്വം എന്നിവ പരിശോധിക്കുന്നതിന് ഓരോ ആഴ്ചയിലും ഹെൽത്ത് സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർ ഈ കോളനികൾ സന്ദർശിക്കുകയും അവിടത്തെ ശുചിത്വം ഉറപ്പാക്കുകയും അവർക്ക് വേണ്ട ബോധവൽക്കരണം നടത്തേണ്ടതുമാണ്. പട്ടയം കിട്ടാത്ത പട്ടിക ജാതിക്കാർക്ക് ഉടനെ പട്ടയം വിതരണം ചെയ്യണം.

ഈ കോളനികളിൽ താമസിക്കുന്ന 80 വീടുകൾക്ക് വൈദ്യുതി കിട്ടിയിട്ടില്ല. ഇവരുടെ വീടുകൾ വൈദ്യുതീകരിക്കാൻ അടിയന്തിര നടപടി എടുക്കേണ്ടതാണ്.

പട്ടികജാതിക്കാർ അധിവസിക്കുന്ന കോളനികളിൽ വായനശാല, ലൈബ്രറി എന്നിവയുടെ സൗകര്യങ്ങൾ കുറവായതിനാൽ ഈ സ്ഥലങ്ങളിൽ പബ്ലിക് റേഡിയോ, ടെലിവിഷൻ എന്നിവ സ്ഥാപിക്കേണ്ടതാണ്.

കുടപ്പനക്കുന്ന് പഞ്ചായത്ത് മേഖലയിൽ അർഹതപ്പെട്ട പല കർഷകത്തൊഴിലാളി

കൾക്കും പെൻഷൻ കിട്ടുന്നില്ല. അതുപോലെ തന്നെ പട്ടികജാതിയിൽപ്പെട്ട അർഹരായ പലർക്കും വിധവാപെൻഷൻ വാർദ്ധക്യകാല പെൻഷൻ ഇവ കിട്ടുന്നില്ല. ഇവ കിട്ടുന്നതിനുള്ള സത്വര നടപടികൾ നടപ്പാക്കണം.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സർക്കാർ അനുവദിച്ചുകൊടുക്കുന്ന സാമ്പത്തികാനുകൂല്യങ്ങളും മറ്റുവികസന പ്രവർത്തനങ്ങളും യഥാസമയം അർഹതപ്പെട്ടവർക്ക് കിട്ടുകയോ അവർ അറിയുകയോ ചെയ്യുന്നില്ല. തന്മൂലം പല ആനുകൂല്യങ്ങളും ലാപ്സായിപോകുന്നു. ഇവ യഥാസമയം അവർ അറിയുന്നതിനും അവർക്ക് കിട്ടുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ തന്നെ പട്ടികജാതിക്കാരായ സാധുക്കളായ പെൺകുട്ടികളെ വിവാഹം ചെയ്ത് അയക്കുന്നതിനുള്ള സാമ്പത്തിക സഹായം സർക്കാർ തലത്തിൽ പഞ്ചായത്തിൽ കൂടി നടപ്പാക്കണം.

ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിന് വളരെയേറെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നു. അതിന് കാലോചിതമായ മാറ്റം വരുത്തേണ്ടതാണ്.

# വിഭവ സമാഹരണം

## വിഭവ സമാഹരണം

കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിലെ ധനാഗമന മാർഗ്ഗങ്ങൾ ചിലവുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവാണ്. ഇതിനെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം 1995 - 96

| വരവ് | | Rs. |
|---|---|---|
| 1. കെട്ടിട നികുതി | - | 8,47,312.60 |
| 2. സർവ്വീസ് നികുതി | - | 88,096.60 |
| 3. തൊഴിൽ നികുതി | - | 76,865.00 |
| 4. ലൈസൻസ് ഫീസ് | - | 11,084.00 |
| 5. വസ്തുകൈമാറ്റ നികുതി(75%) | | 2,57,953.00 |
| 6. വസ്തുകൈമാറ്റ നികുതി(25%) | | 5,45,000.00 |
| 7. ഡെപ്പോസിറ്റ് | - | 26,584.20 |
| 8. മറ്റു വരവുകൾ | - | 2,61,282.10 |
| ആകെ വരവ് | - | 21,14,177.50 |

| ചെലവ് | | Rs |
|---|---|---|
| 1. പ്രസിഡന്റിനും അംഗങ്ങൾക്കും നൽകുന്ന സിറ്റിങ്ങ് ഫീസും അലവൻസും | - . | 65,616.00 |
| 2. ജീവനക്കാരുടെ ശമ്പളം | - | 5,52,819.55 |
| 3. തപാൽ,ഫോൺ | - | 15,352.00 |
| 4. പ്രിന്റിംഗ് | - | 8,313.00 |
| 5. തെരഞ്ഞെടുപ്പ് | - | 15,057.00 |
| 6. നിയമസംബന്ധമായ ചിലവ് | | 5,450.00 |
| 7. പൊതുമരാമത്ത് | - | 11,75,409.00 |
| 8. ഗ്രന്ഥശാല | - | 2,751.00 |
| 9. വിദ്യാഭ്യാസ ചെലവ് | - | 5,044.00 |
| 10. വാട്ടർവർക്സ് | - | 2,000.00 |
| 11. പൊതുജനാരോഗ്യം | - | 32,056.00 |
| 12. വിളക്ക് (വിദ്യുച്ഛക്തി) | - | 4,37,776.00 |
| 13. ഡെപ്പോസിറ്റ് | - | 44,233.20 |
| 14. മറ്റു ചെലവുകൾ | - | 1,96,430.65 |
| ആകെ ചെലവ് | - | 25,56,327.20 |

മേൽപറഞ്ഞവസ്തുതകളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ പുതിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നൂതന വിഭവ സമാഹരണമേഖലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും ഇടത്തരം ജീവനക്കാരും ചെറുകൃഷിക്കാരും തൊഴിലാളികളുമാണ്, 23383 പേർ തൊഴിൽ രഹിതരാണ്. ഇവരുടെ മനുഷ്യാദ്ധ്വാനം നമ്മുടെ വികസനപ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ്.

ഈ ഗ്രാമപഞ്ചായത്തിൽ പേരൂർക്കട സഹകരണ ബാങ്കിന്റെ രണ്ടുശാഖകളും ഇൻഡ്യൻ ഓവർസീസ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കോർപ്പറേഷൻ ബാങ്ക്, സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് ഇവയുടെ ഓരോ ശാഖയും പ്രവർത്തിച്ചു വരുന്നു. ഈ നാല് ധനകാര്യ സ്ഥാപനങ്ങളിലും ലഭിക്കുന്ന ഡെപ്പോസിറ്റിന്റെ 40% ലഭ്യമായാൽ പഞ്ചായത്തിലെ കാർഷികവും വ്യാവസായികവുമായ ഉന്നമനത്തിനും മറ്റു പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങൾക്കും ഉപയുക്തമാക്കാൻ കഴിയും.

**പുതിയതായി ഏറ്റെടുക്കാൻ കഴിയുന്ന വികസന പ്രവർത്തനങ്ങൾ.**

1. നാലാഞ്ചിറ ജംഗ്ഷനിൽ പഞ്ചായത്ത് വക സ്ഥലത്ത് ഒരു പൊതു മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും ആരംഭിക്കുക.
2. കുടപ്പനക്കുന്നിൽ കൊക്കോട്ട് കോണത്തുള്ള പഞ്ചായത്ത് വക സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു കല്യാണ മണ്ഡപവും ഷോപ്പിംഗ് കോംപ്ലക്സും പണിയുക.
3. പേരൂർക്കട പ്രഭാത് ടൂട്ടോറിയലിനടുത്തുള്ള പഞ്ചായത്ത് വക സ്ഥലത്ത് ഒരു ലോഡ്ജ് പണിയുക.
4. രാമരത്ത് പഞ്ചായത്ത് വക സ്ഥലത്ത് നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിനെ നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുക.
5. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ടൗൺ ബസ്സ് സർവ്വീസ് ആരംഭിക്കുക.
6. പേരൂർക്കട മൃഗാശുപത്രിക്കു സമീപം കിടക്കുന്ന പുറമ്പോക്ക് സ്ഥലത്ത് മിനി സിവിൽസ്റ്റേഷൻ സ്ഥാപിക്കുക. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളെല്ലാം

ഒരേ കൂരയ്ക്ക് കീഴിൽ കൊണ്ടു വരിക.

7. നാലാഞ്ചിറ ജംഗ്ഷനിൽ വാഹനങ്ങൾ പാർക്ക് ചെയ്യുനന്നതിനുള്ള വണ്ടിതാവളം സ്ഥാപിക്കുക.

മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിയാൽ ചിലവ് കഴിഞ്ഞ് ഏറ്റവും കുറഞ്ഞത് 5 ലക്ഷം രൂപ വാർഷിക മിച്ചമുണ്ടാക്കാൻ പഞ്ചായത്തിന് കഴിഞ്ഞേക്കും.

# അനുബന്ധം - 1

# കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്

# 1.1 ഭരണം സംബന്ധിച്ച വിവരങ്ങൾ

***Ref : A***

| | | |
|---|---|---|
| 1 | പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ | കുടപ്പനക്കുന്ന് |
| 2 | വിസ്തീർണ്ണം Sq Km<br>ജനസംഖ്യ | 7.69 Sq. K.M.<br>33534 |
| 3 | വാർഡുകൾ<br>സംവരണ വാർഡുകൾ ഏതെല്ലാം<br>1. വനിത<br>2. പട്ടികജാതി/പട്ടികവർഗ്ഗം | 13<br><br>5<br>1 |
| 4 | പഞ്ചായത്ത് രാജ് നിയമ പ്രകാരം രൂപീകരിക്കപ്പെട്ട സമിതികൾ ഏവ (ജോയിന്റ് കമ്മിറ്റി മുതലായവ) | സ്റ്റാന്റിംഗ് കമ്മിറ്റി |
| 5 | പഞ്ചായത്ത് വികസന പരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട മറ്റു സമിതികൾ ഏവ? (പഞ്ചായത്ത് വികസന സമിതി, വാർഡ് വികസന സമിതികൾ വിദ്യാഭ്യാസ സമിതി, ആരോഗ്യ സമിതി) | ഇല്ല |
| 6 | സ്വന്തമായി ആഫീസ് കെട്ടിടമുണ്ടോ?<br>ഇല്ലെങ്കിൽ പ്രതിമാസ വാടക എത്ര? | ഉണ്ട് |
| 7 | പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ<br>Ref: A annexure XXXIV | 12 Nos |
| 8 | ഭരണ ചെലവ് എത്ര?<br>വരുമാനത്തിന്റെ എത്ര ശതമാനം | Rs. 6,25,353/-<br>40.38% |

# 1.7വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

## Ref.AVG.

| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S/H.S | | | | | U.P.S. | | | | | L.P.S. | | | | | നഴ്സറി | | | | | | | | | | | | |
| | സർക്കാർ | എയിഡഡ് | അൺ.എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ.എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ.എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ.വക | സ്വകാര്യ | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസുകൾ നടത്തുന്നവ | കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ | സ്കൂൾ-കോളേജ് ക്ലാസുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| 1 | | | | | | | | | | | | | | | | | | | | | | | | | | | | |
| 2 | | 1 | | | 1 | | | | | | | 1 | | | 1 | | | 1 | 1 | | | | | | | | | 2 |
| 3 | | | | | | | | | | | | | | | | | | | | | | | | | | | | |
| 4 | | | | | | | | | | | | | | | | | | | | | | | | | | | | |
| 5 | | | | | | 1 | | | | 1 | | | | | | | | | | | | | | | | | | |
| 6 | | | 3 | | 3 | | | | | | | | | | | | | | | | | | | | | | | |
| 7 | | | | | | | | | | | | | | | | | | | | | | | | | | | | |
| 8 | | | | | | 1 | | 1 | | 2 | | | | | | 1 | | 1 | 2 | | | | | | | | | 2 |
| 9 | 1 | 1 | | | 2 | 1 | | | | 1 | 1 | | | | 1 | 1 | | 1 | 2 | | | | | | | | | |
| 10 | | | | | | | | | | | | | | | | | | | | | | | | | | | | |
| 11 | | | | | | | | | | | | | | | | | | | | | | | | | | | | 1 |
| 12 | | | | | | | | | | | | | | | | | | | | | | | | | | | | |
| 13 | | | | | | | | | | | | | | | | | | | | | | | | | | | | 3 |
| ആകെ | 1 | 2 | 3 | - | 6 | 3 | | 1 | | 4 | 1 | 1 | | | 2 | 2 | | 3 | 5 | | | | | | | | | 8 |

## 1.8 അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

**Ref.AVFG.**

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | കെട്ടിടം | | ഫർണിച്ചർ | |
| | | | | | | | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H.S. | | | | | | | | | | |
| P.S.N.M.B.H.S. | 3 | 8 | 11 | 250 | | 250 | | | | |
| C.L.H.S.S. | 9 | 18 | 27 | 329 | 118 | 447 | | | | |
| St.Gorotis H.S. | - | 34 | 34 | 135 | 870 | 1005 | | | | |
| St.Thomas H.S.S | | | | | | | | | | |
| U.P.S | | | | | | | | | | |
| Govt. U.P.S. Kudappa nakunnu | 5 | 16 | 21 | 332 | 299 | 631 | | | | |
| Govt. U.P.S. Kusavarkal | - | 8 | 8 | 40 | 36 | 76 | | | | |
| L.P.S | | | | | | | | | | |
| Marygiri LPS | - | 10 | 10 | 156 | 124 | 280 | | | | |
| St.Gorotis LPS | - | 15 | 15 | 276 | 464 | 740 | | | | |
| Pre -Primary | | | | | | | | | | |
| Mary Giri Nursary | - | 5 | 5 | 97 | 65 | 162 | | | | |
| St.Gorotis Nursary | | 6 | 6 | 122 | 42 | 264 | | | | |
| ആകെ | 17 | 120 | 137 | 1339 | 1512 | | | | | |

വിദ്യാഭ്യാസ ആവശ്യത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക
മൊത്തം ചിലവിന്റെ എത്ര ശതമാനം(1995-96)

# ലൈബ്രറികൾ, വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ
## Ref. AV, G.

| ലൈബ്രറികൾ | | | വായനശാലകൾ | | |
|---|---|---|---|---|---|
| പഞ്ചായത്ത് വക | മറ്റുള്ളവ | ആകെ | പഞ്ചായത്ത് വക | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | |
| 1 | 4 | 5 | 1 | 12 | 13 |

ലൈബ്രറി, വായനശാല ആവശ്യത്തിലേക്ക് പഞ്ചായത്ത് ചെലവഴിച്ച തുക (1995-96)
ആകെ ചെലവിന്റെ എത്ര ശതമാനം

## 2.11 ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ(1995-96)
**Ref.AVI, G,F**

| ഏതുവിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| അലോപ്പതി | 1 | 1 | 1 | - | - | - | 22 |
| ആയുർവേദം | - | - | 1 | 1 | 1 | - | 8 |

## 1.13 സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ(എണ്ണം)
Ref. G

| വിദ്യാഭ്യാസം | ആരോഗ്യം | ചെറുകിട വ്യവസായം | വൻകിട വ്യവസായം | കച്ചവടം/വ്യാപാരം | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 12 | 4 | 30 | | 35 | 10 |

## 1.14(a) കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)
## Ref.E

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | വിവധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 1103 | - | 452 | 338 | 313 | 60 | |
| II | 500 | 69 | 175 | 160 | 96 | - | |
| III | 729 | 30 | 400 | 179 | 110 | 10 | |
| IV | 732 | 114 | 186 | 227 | 205 | - | |
| V | 805 | 20 | 172 | 312 | 301 | | |
| VI | 550 | 27 | 114 | 263 | 98 | 48 | |
| VII | 562 | - | 145 | 264 | 153 | - | |
| VIII | 867 | 87 | 248 | 197 | 195 | 160 | |
| IX | 925 | 140 | 228 | 248 | 58 | 221 | |
| X | 698 | 50 | 206 | 206 | 121 | 115 | |
| XI | 523 | 58 | 181 | 176 | 63 | 45 | |
| XII | 762 | 70 | 334 | 221 | 101 | 36 | |
| XIII | 678 | 81 | 184 | 230 | 163 | 20 | |

**1.17. പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ Ref. Q**

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | - | 3000-00 | 3000-00 |
| ആരോഗ്യം | | 17000-00 | 17000-00 |
| കൃഷി | 216860-00 | - | 216860-00 |
| P.W.D | 82100 | - | 82100 |
| ഹരിജനക്ഷേമം | | | |
| മറ്റുള്ളവ | 1125-00 | - | 1125-00 |
| ആകെ | 300085-00 | 20,000-00 | 320085-00 |

## 1.27:JRY പണി സംബന്ധിച്ച വിവരങ്ങൾ Ref. JRY ആക്ഷൻ പ്ലാൻ

| | പണിയുടെ പേര് | ജനറൽ സെന്റർ തുക.രൂ. | SC/ST വിഭാഗം തുക.രൂ. | ആകെ തുക.രൂ. |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1. | കുശവർക്കൽ നാലാഞ്ചിറ പാത്തുവേ പ്രൊട്ടക്ഷൻ | 8141-00 | 63200-00 | 402176-00 |
| 2. | കുഴിവിള കോളനി പാത്തുവേ പ്രൊട്ടക്ഷൻ | 8141-00 | | |
| 3. | പുതിച്ചി ലൈൻ പാത്തുവേ പ്രൊട്ടക്ഷൻ | 8141-00 | | |
| 4. | ഇരപ്പുകുഴി മിച്ചഭൂമി പാത്തുവേ പ്രൊട്ടക്ഷൻ | 8141-00 | | |
| 5. | മേരിഗിരി ലൈൻ പാത്തുവേ പ്രൊട്ടക്ഷൻ | 8141-00 | | |
| 6. | മൂങ്ങോട് കോണം വരെ ബണ്ട് പ്രൊട്ടക്ഷൻ | 8141-00 | | |
| 7. | ഉളിയനാട് ലക്ഷംവീട് അംഗൻവാടി കെട്ടിടം മെയിന്റനൻസ് | 75060-00 | | |
| 8. | ക്രിസ്ത്യൻ മെഡിക്കൽ സെന്റർ റോഡ് കലുങ്ക് നിർമ്മാണം | 71710-00 | | |
| 9. | ഇരപ്പുകുഴി മിച്ച ഭൂമി റോഡിൽ സൈഡ്‌വാൾ | 71710-00 | | |
| 10. | ഹാർവിപുരം കോളനി സൈഡ്‌വാൾ | 71710-00 | | |

കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്

## 2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

## (Ref.: പുറമ്പോക്ക് രജിസ്റ്റർ)

| വില്ലേജിന്റെപേര് | വിസ്തീർണ്ണം(ഏക്കറിൽ) | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റെയിൽവെ | റവന്യൂ | വനം | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| കുടപ്പനക്കുന്ന് | 78.31 | 18.62 | 11.60 | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| ആകെ | 78.31 | 18.62 | 11.60 | | | | | | | |

കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്

## 2.4.സംരക്ഷിത വൃക്ഷങ്ങളുടെ വിവരങ്ങൾ

## (Ref: രജിസ്റ്റർ നമ്പർ 5)

| | വൃക്ഷങ്ങളുടെ എണ്ണം | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | ഈട്ടി | തേക്ക് | മരുത് | തേമ്പാവ് | ആഞ്ഞിലി | ചന്ദനം | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| കുടപ്പനക്കുന്ന് | - | 160 | - | - | 303 | - | - | - | 463 |
| | | | | | | | | | |
| | | | | | | | | | |
| ആകെ | - | 160 | - | | 303 | | - | - | 463 |

## കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്
## 3.2വിള വിസ്തീർണ്ണവും ഉല്പാദനവും
## (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല്(ഒന്നാംവിള) | 79 Hectars | 30 tonns | 2050kg/ha |
| നെല്ല്(രണ്ടാംവിള) | 79 Hectars | 27 tonns | 1810kg/ha |
| നെല്ല്(മൂന്നാംവിള) | | | |
| പയർ | | | |
| എള്ള് | | | |
| പച്ചക്കറികൾ | 4Hectars | | |
| തെങ്ങ് | 389 Hectars | 204422.50nuts | 5250nuts/ha |
| വാഴ | 40 Hectars | 300 tonns | 7.5 tonns/ha |
| മരച്ചീനി | 49 Hectars | 882 tonns | 18 tonns/ha |
| കുരുമുളക് | | 250 kg | 250kg/ha |
| പ്ലാവ് | | | |
| കശുമാവ് | | | |
| മാവ് | | | |
| റബ്ബർ | | | |
| കവുങ്ങ് | 5 Hectars | | |
| --------- | | | |
| --------- | | | |
| --------- | | | |
| പച്ചക്കറി | | | |
| മുളക് | - | 2.5 tonns/ha | |
| വെള്ളരിക്ക | - | 5 tonns/ha | |
| ചീര | - | 2.5 tonns/ha | |
| വെണ്ട | - | 3.75 tonns/ha | |
| കത്തിരി | - | 10 tonns/ha | |

## കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്

## 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം(ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94<br>1994-95<br>1995-96<br>1996-97 | 17.85 ഏക്കർ<br>Nil<br>Nil<br>12.30 ഏക്കർ | - | - | - | 34 Nos<br>279kg<br>നെൽവിള<br>26Nos | 7850.00 |

## കുടപ്പനകുന്ന് ഗ്രാമപഞ്ചായത്ത്

## 3.തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം Acrs | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ്റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| 1 | 85.79 | 3623 | 5602 | 9225 | | | | | | |
| 2 | 80.81 | 1418 | 3922 | 5340 | | | | | | |
| 3 | 136.75 | 4417 | 7044 | 11461 | | | | | | |
| 4 | 16870 | 5556 | 13063 | 18619 | | | | | | |
| 5 | 124.94 | 3158 | 8207 | 11365 | | | | | | |
| 6 | 149.00 | 4291 | 12010 | 16301 | | | | | | |
| 7 | 123.82 | 5159 | 5937 | 11096 | | | | | | |
| 8 | 99.49 | 5329 | 7255 | 12584 | | | | | | |
| 9 | 143.89 | 3240 | 6291 | 9531 | | | 5% | 4% | | |
| 10 | 132.57 | 3135 | 7552 | 10687 | 2 | | | | | |
| 11 | 49.28 | 1884 | 2823 | 4707 | 1 | | | | | |
| 12 | 94.38 | 1734 | 9549 | 11283 | | | | | | |
| 13 | 50.31 | 1023 | 5321 | 6344 | | | | | | |
| Total | 1439.78 Acre 576 Hecter | 43967 | 94576 | 138543 | 3 | | | | | |

## അനുബന്ധം - 4

## കുടപ്പനക്കുന്ന് ഗ്രാമ പഞ്ചായത്ത്

## 4.1 വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാളനാടൻ | | കാള സങ്കരം | | പശുനാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| | | 508 | | 479 | 1047 | 676 | 2070 | 1361 | 659 | 471 | 224 | 1304 | 3173 | |

## 4.3 രോഗവിവരങ്ങൾ

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ<br>Digestive disorders | 2152 | 48 | 751 | 19 | 214 | 1832 | - | 3 | - | 24 |
| 2 | ശ്വാസകോശസംബന്ധം<br>Respiratory diseases | 114 | 9 | 34 | 2 | - | 414 | | | | - |
| 3 | ഉപാപചയ സംബന്ധം<br>Metabolic diseases | 42 | - | 9 | | | | | | | - |
| 4 | ത്വക് രോഗങ്ങൾ<br>Skin diseases | 434 | 3 | 74 | 2 | 139 | | | | | 9 |
| 5 | ധാതു ലവണങ്ങളുടെ അഭാവം<br>Dificiency diseases | 46 | 2 | 9 | 8 | | | | | | |
| 6 | പരാദ രോഗങ്ങൾ<br>Parasitic diseases | 2150 | 7 | 468 | 46 | 314 | 135 | | | | 5 |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 118 | 7 | 268 | - | 23 | - | | | | |
| 8 | വന്ധ്യത<br>Infertility | 29 | - | 2 | | | | | | | |
| 9 | അകിടുവീക്കം<br>Mastitis | 308 | 1 | 29 | | | | | | | |
| 10 | മുടന്തൻ പനി<br>Ephemeral Fever | 262 | 4 | 28 | | | | | | | |
| 11 | പകർച്ചവ്യാധികൾ<br>contagion diseases | | | | | | | | | | |
| | others | 552 | 4 | 155 | 8 | 75 | 1366 | - | 2 | - | 12 |

*എന്നെ സംബന്ധിച്ച് സ്വരാജ് എന്റെ രാജ്യത്തിലെ ഏറ്റവും നിസ്വാരായവരുടെ സ്വാതന്ത്ര്യമാണ്. ഉറക്കം തൂങ്ങുന്നവരുടേയും അജ്ഞരുടേയുമല്ല. ഉണർത്തപ്പെട്ടവരുടേതാണ് സ്വരാജ്.*

ഗാന്ധിജി

# കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്
## (സ്പെഷ്യൽ ഗ്രേഡ്)

## വികസന റിപ്പോർട്ട്

## അനുബന്ധം

## 30-11-1996

## കുടപ്പനക്കുന്ന് ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

*30-11-1996 ശനിയാഴ്ച പേരൂർക്കട P.S.N.M ബോയ്സ് ഹൈസ്ക്കൂളിൽ വച്ച് നടത്തുകയുണ്ടായി. രാവിലെ ഒൻപത് മണി മുതൽ രജിസ്ട്രേഷൻ ആരംഭിച്ചു. പത്ത് മണിയ്ക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സി. സരസമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബി. സത്യൻ സെമിനാർ ഉദ്ഘാടനം ചെയ്യുകയും ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വക്കറ്റ് എൽ.കെ. മോഹൻ കുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എം. ഹരിലാൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. കെ. ശ്രീകുമാർ എന്നിവർ ആശംസാപ്രസംഗം നടത്തുകയുണ്ടായി. ഉദ്ഘാടന സമ്മേളനത്തിനു ശേഷം ഹാജരായ ഇരുന്നൂറോളം പ്രതിനിധികൾ പന്ത്രണ്ട് വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞ് വിശദമായ ചർച്ചകൾ നടത്തി. ഉച്ചയ്ക്ക് മൂന്ന് മണിയ്ക്ക് ഗ്രൂപ്പ് ചർച്ച അവസാനിയ്ക്കുകയും വീണ്ടും പൊതു സഭ കൂടുകയും ഓരോ ഗ്രൂപ്പും തയ്യാറാക്കിയ പരിഹാര നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഓരോ വിഷയത്തിനും കർമ്മ സമിതികൾ രൂപീകരിക്കപ്പെട്ടു. ഗ്രൂപ്പ് ചർച്ചകളിൽ ഓരോ മേഖലയെ സംബന്ധിച്ചും ഉരിത്തിരിഞ്ഞു വന്ന പുതിയ പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും അനുബന്ധമായി ഇവിടെ ചേർത്തിരിക്കുന്നു.*

# 1. കൃഷിയും ജലസേചനവും

സ്വകാര്യ വ്യക്തികൾക്ക് കുളങ്ങളോ, ബണ്ടുകളോ പതിച്ചുനൽകാൻ പാടില്ല. അപ്രകാരമുള്ള സ്ഥലങ്ങൾ പൊതു ആവശ്യത്തിലേയ്ക്കായി പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്. തോടുകൾ നികത്താൻ അനുവദിക്കരുത്. നികത്തപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ വെള്ളം സുഗമമായി ഒഴുകുന്നതിന് ആവശ്യമായ ഓടകൾ നിർമ്മിക്കേണ്ടതാണ്. മറ്റു കൃഷികൾക്കൊപ്പം കുരുമുളക്, മഞ്ഞൾ, ഇഞ്ചി എന്നിവ ഇടവിളയായി കൃഷി ചെയ്യാൻ പ്രോത്സാഹനം നൽകേണ്ടതാണ്. കാപ്പി, മാഞ്ചിയം, തേക്ക് എന്നിവയും അനുയോജ്യമായ സ്ഥലങ്ങളിൽ പരീക്ഷിക്കാവുന്നതാണ്.

### *കൃഷിഭവന്റെ പ്രവർത്തനം*

കൃഷിഭവനെ ഒരു സമ്പൂർണ്ണ കാർഷിക സേവനയൂണിറ്റാക്കി തീർക്കണം.

വിത്ത്, വളം, കീടനാശിനി, കാർഷികയന്ത്രോപകരണങ്ങൾ എന്നിവ കൃഷി ഭവൻ മുഖേന ആവശ്യാനുസരണം ലഭ്യമാക്കണം.

കൃഷി ഭവനിൽ എഴുത്ത്കുത്തുകളും, തുകയിടപാടുകളും നടത്തുന്നതിന് ക്ലറിക്കൽ ഉദ്യോഗസ്ഥരെ നിയമിക്കുകയും കൃഷി ഓഫീസറേയും, ഫീൽഡ് അസിസ്റ്റന്റുമാരേയും, കാർഷിക വികസന പരിപാടികൾക്ക് വേണ്ടി മാത്രം വിനിയോഗിക്കേണ്ടതുമാണ്. വളരെ പരിമിതമായ കൃഷി സ്ഥലമുള്ളവർക്കും, കൂടുതൽ കൃഷിയിടങ്ങൾ ഉള്ളവർക്കും അവരവരുടെ മണ്ണിന് അനുയോജ്യമായ പച്ചക്കറി തുടങ്ങിയ കൃഷി വിളകൾ ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങളും, സഹായവും കൃഷി ഭവനിൽ നിന്നും യഥാസമയം ഉണ്ടാകേണ്ടതാണ്. സാമ്പത്തിക ആനുകൂല്യം നൽകുന്നതിന് സെന്റ് ഒന്നിന് ഇത്രതുക എന്ന നിരക്കിൽ കണക്കാക്കുകയാണ് വേണ്ടത്.

### *യന്ത്രവൽക്കരണം*

കർഷകതൊഴിലാളികളുടെ ദൗർലഭ്യവും കൂലിക്കൂടുതലും കാരണം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് ട്രാക്ടർ, പവ്വർ ടില്ലർ മുതലായ കാർഷിക യന്ത്രോപകരണങ്ങൾ പഞ്ചായത്തിൽ നിന്നോ കൃഷിഭവനിൽ നിന്നോ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

### *ബോധവൽക്കരണം*

ആധുനിക കൃഷിരീതികളിലും യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലും ആവശ്യമായ അറിവ് ലഭിക്കുന്നതിന് കർഷകർക്ക് പരിശീലന പരിപാടികൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കൃഷിഭവന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനും ഒരു സ്ഥിരം സംവിധാനം ഉണ്ടാകേണ്ടതാണ്.

### വിപണനം

കാർഷികോൽപ്പന്നശേഖരണം, വിപണന സൗകര്യങ്ങൾ എന്നിവ ഉണ്ടാക്കുന്നതിന് ആവശ്യമായ ഒരു കേന്ദ്രം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തുടങ്ങേണ്ടതാണ്. അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്ന പനയറ വാർഡിലെ തോപ്പിൽ കുളം, പാതിരപ്പള്ളി വാർഡിലെ മേലേക്കുളം, തെക്കേവീട് വാർഡിലെ പണയിൽകുളത്തിനോട് അനുബന്ധിച്ച തോട് എന്നിവ അടിയന്തിരമായി പുനരുദ്ധരിച്ച് കൃഷിയ്ക്ക് ഉപയുക്തമാക്കേണ്ടതാണ്. സ്വകാര്യവ്യക്തിക്ക് പതിച്ചുകൊടുത്ത് താമരഭാഗംകുളം തിരിച്ച് കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. റ്റി.വി. വാർഡിലെ ഒരേക്കർ നാല് സെന്റ് വരുന്ന അണ്ടൂർക്കോണംകുളം എത്രയും പെട്ടെന്ന് പഞ്ചായത്ത് ഏറ്റെടുത്ത് ശുദ്ധജല വിതരണ പദ്ധതിയ്ക്കായി ഉപയോഗിക്കണം.

# 2. മൃഗസംരക്ഷണവും മത്സ്യബന്ധനം

പഞ്ചായത്തിൽ ആധുനിക സംവിധാനത്തോടുകൂടിയ ഒരു അറവുശാല സ്ഥാപിക്കാനും, അനധികൃത മാംസക്കച്ചവടം നിരോധിക്കുന്നതിനുമുള്ള നടപടികൾ ശക്തമാക്കേണ്ടതാണ്. മത്സ്യകാർഷിക വികസന ഏജൻസി മുഖാന്തിരം മത്സ്യകൃഷിയിൽ താൽപ്പര്യമുള്ളവർക്ക് പരിശീലനം നൽകാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. കേരളാസ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുകയും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തേണ്ടതാണ് (ഈ സ്ഥാപനത്തെ മൃഗസംരക്ഷണ പരിശീലന സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്).

# 3. വിദ്യാഭ്യാസം

അൺ എയ്ഡഡ് വിദ്യാഭ്യസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് നിരുൽസാഹപ്പെടുത്തണം. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികൾ അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കണം. ഒരു വാർഡിലെ ഒന്നിലധികം അങ്കണവാടികളെ ഒരു സ്ഥാപനമാക്കി വിപുലീകരിക്കണം. അങ്കണവാടികളെ ബേബി ക്രഷ്, എൽ.കെ.ജി, യു.കെ.ജി എന്നിങ്ങനെ മൂന്നായി തരംതിരിക്കണം. ഈ സ്ഥാപനങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ പ്രാഥമിക കേന്ദ്രമായി, അമ്മമാരുടെ പ്രാഥമികാരോഗ്യകേന്ദ്രമായും നവസാക്ഷരരുടെ പുനർ വിദ്യാഭ്യാസകേന്ദ്രമായും പ്രവർത്തിക്കണം.

പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്തെ പാഠ്യ പദ്ധതിയും മറ്റു പ്രവർത്തനങ്ങളും ഏകീകരിക്കണം. എൽ.പി, യു.പി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ കുട്ടുകളെ പഞ്ചായത്ത് ദത്തെടുത്ത് പഠിപ്പിക്കണം. നിലവിലുള്ള പി.റ്റി.എ ക്കു പകരം സാമൂഹ്യ പ്രവർത്തകർ, സാംസ്ക്കാരികപ്രവർത്തകർ തുടങ്ങിയവരെക്കൂടെ ഉൾപ്പെടുത്തി വിദ്യാഭ്യാസ കർമ്മ സമിതികൾ രൂപീകരിക്കണം.വിദ്യാലയങ്ങളിൽ അക്രമ രാഷ്ട്രീയം അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

# 4. കുടിവെള്ളവും പൊതുജനാരോഗ്യവും

കൂടുതൽ പൊതു കിണറുകൾ നിർമ്മിക്കണം. പൈപ്പ് ലൈൻ എത്താത്ത സ്ഥലങ്ങളിൽ പുതിയ ലൈനിട്ട് പബ്ലിക് ടാപ്പുകൾ സ്ഥാപിക്കണം. ശുദ്ധജല വിതരണത്തിന് പണയിൽകുളം, ഊരുക്കേണം കുളം എന്നിവ കൂടെ ഉപയോഗിക്കതക്ക രീതിയിൽ തയ്യാറാക്കുക.

# 5. വ്യവസായം

പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്തെ ഒരു മിനി ഇൻഡസ്ട്രിയൽ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് കൈകൊള്ളേണ്ടതാണ്. പേരൂർക്കട പ്രഭാത് ട്യൂട്ടോറിയലിനടുത്തുള്ള പഞ്ചായത്തുവക നാൽപ്പത്സെന്റ് സ്ഥലത്ത് ഒരു വ്യവസായ/ വിപണനകേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കേണ്ടതാണ്. അഗ്രോബെയ്സിഡ് ഇൻഡസ്ട്രിയുടെ വിവിധോദ്ദേശ സഹകരണ സംഘത്തിന്റെ കേന്ദ്ര ഓഫീസും, ഓഫീസ് പ്രവർത്തനവും ഈ സ്ഥലത്ത് നടത്തുന്നത് അഭികാമ്യമായിരിക്കും.

കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് രംഗത്തും, മറ്റു വൻ വ്യവസായങ്ങൾക്കും ആവശ്യമുള്ള കംപോണന്റുകൾ, ഇന്റർമീഡിയറ്റ് ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ സഹായം ചെയ്ത് കൊടുക്കേണ്ടതാണ്. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഒരു വലിയ അളവുവരെ ഇത് സഹായകമായിരിക്കും.

പഞ്ചായത്തിന് വ്യവസായപുരോഗതിയുടെ പാതയിലെത്തിക്കുന്നതിന് ഒരു സമഗ്ര എൻജിനീയറിംഗ് യൂണിറ്റും, Foundry machine shop-ഉം സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യവസായ സംരംഭകർക്ക് സഹായകമാകുന്ന അടിസ്ഥാന സൗകര്യം ഇതുമൂലം ലഭ്യമാകുന്നതാണ്. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന്, ദുർബല വിഭാഗങ്ങളുടെ ജീവിത നിലവാര വർദ്ധനവിന്, കൂടുതൽതൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അഗ്രോ ബെയ്സ്ഡ് ആയിട്ടുള്ള (കൃഷി അടിസ്ഥാനമാക്കിയിട്ടുള്ള) ഉൽപ്പാദനം, സംഭരണം, വിപണനം എന്നിവ ഏറ്റെടുത്ത് നടത്തുന്നതിനും ആവശ്യമായ ഒരു വിവിധോദ്ദേശ സഹകരണ സംഘം സ്ഥാപിക്കേണ്ടതാണ്. വനിതാ വ്യവസായ സംഘങ്ങളെകൂടി ഈ കേന്ദ്ര വ്യവസായ സംഘത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്. സഹകരണാടിസ്ഥാനത്തിൽ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യിക്കുന്നതിലും അവരുടെ പ്രവർത്തനത്തിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും (വായ്പാ, ധനസഹായം) പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

നെടുമ്പ്രം വാർഡിൽ ഖാദിബോർഡിന്റെ ഒരു യൂണിറ്റ് ഉദ്ഘാടനം ചെയ്തിട്ട് പ്രവർത്തനം ഇല്ലാതെ കിടക്കുന്നു. അതിന്റെ പുനർ പ്രവർത്തനത്തിന് പഞ്ചായത്ത് ശ്രമിക്കണം.

# 6. ഗതാഗതവും ഊർജ്ജവും

## ഗതാഗതം

### വാർഡ് 1 കിണവൂർ

അഞ്ചുമുക്കു വയൽ ക്ഷേത്രത്തിന് പടിഞ്ഞാറ് വശം കുഞ്ചുവീട് ലൈൻ ഗതാഗത യോഗ്യമാക്കണം.
പാണൻവിള കൊപ്രാമില്ലിനു സമീപത്തു കൂടിയുള്ള വഴി കിഴക്കോട്ട് തുറക്കുക.
മാടൻ കോവിൽ റോഡ് മുണ്ടക്കൽകുളം വരെ നീട്ടുക.
മുട്ടട എൻ.എസ്സ്.എസ്സ്. കരയോഗ മന്ദിരത്തിന്റെ പടിഞ്ഞാറ് വശത്തു നിന്നും തുടങ്ങി താമരക്കാട്ടേക്ക് പോകുന്ന റോഡ് പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുക.

അഞ്ചുമുക്ക് വയൽ ക്ഷേത്രത്തിന്റെ സമീപത്തു നിന്നും അംഗൻ വാടിയുടെ സമീപത്തുകൂടി പോകുന്ന റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

പാണംവിള മുണ്ടൈക്കോണം റോഡ് ശേഷിക്കുന്നഭാഗം കൂടി കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കുക.

മുട്ടട ജംഗ്ഷനിൽ നിന്നും അഞ്ചുമുക്ക് വയലിലേക്കുള്ള റോഡിന്റെ കിഴക്കുഭാഗത്തേക്ക് പോകുന്ന മെറിഗോൾഡ് ലൈൻ അറ്റകുറ്റപണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

ചൂഴംപാല ക്ഷേത്രത്തിൽ നിന്നും അഞ്ചുമുക്ക് വയലിലേക്കു വരുന്ന വഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കുക.

എൻ.എസ്സ്. എസ്സ്. കരയോഗമന്ദിരത്തിൽ നിന്നും കിഴക്കോട്ട് മുളക്കാപ്പറമ്പിൽ ചേരുന്ന രണ്ട് വഴികളും ഓടകെട്ടി ഗതാഗതയോഗ്യമാക്കുക.

മഴവഞ്ചേരിക്കോണം, മാടൻകോവിൽനട, മുണ്ടക്കൽറോഡ്, കുന്നുപുറം അഞ്ചുമുക്ക് ചൂഴംപാല ശാസ്താനട റോഡ്

മാടൻകോവിൽ റോഡിൽ താമരക്കാട്ട് ഭാഗത്ത് നിന്നും മുണ്ടൈക്കോണവുമായി ബന്ധിപ്പിക്കുന്ന ഭാഗത്ത് കലുങ്ക് കെട്ടി സഞ്ചാരയോഗ്യമാക്കുക.

മറ്റ് നിർദ്ദേശങ്ങൾ

മഴുവൻചേരിക്കോണം കുളം പുറമ്പോക്ക് പൊതുജന ആവശ്യത്തിനായി തുറന്നു കൊടുക്കുക.

### വാർഡ് 2 മുണ്ടൈക്കോണം.

പറക്കോട്ട് അഞ്ചുമുക്ക് വയൽ നടവരമ്പ് ജനപങ്കാളിത്തത്തോടെ 16 അടി വീതിയുള്ള റോഡാക്കി ഫോം ചെയ്തിട്ടുണ്ട്. ട്രി റോഡിന്റെ അറ്റകുറ്റ പണികൾ തീർത്ത് ഗതാഗതയോഗ്യമാക്കണം. ഈ റോഡിന് ഇടയിൽ വെള്ളം ഒഴുകുന്ന ചാൽ കലുങ്ക്കെട്ടി ബാക്കി ഭാഗം കൂടി റോഡാക്കി പറക്കോട് അഞ്ചുമുക്ക് വയൽ റോഡിൽ മുട്ടിക്കണം
ക്രിസ്ത്യൻ മെഡിക്കൽ സെന്റർ റോഡിൽ 2 കലുങ്ക് പണിയണം.
സെമിത്തേരി റോഡ് അവസാനിക്കുന്ന ഭാഗത്ത് 1 കലുങ്ക് പണിയണം
ജഗതിക്കട നടയിൽ നിന്നും നാലാഞ്ചിറയിലേക്കുള്ള കോൺവെന്റ് റോഡിൽ വെള്ളം കെട്ടി നില്ക്കുന്നതിന് പരിഹാരമുണ്ടാ ക്കണമെന്നും റോഡ് സൈഡിലെ കാടുകൾ വെട്ടിമാറ്റണമെന്നും ഉള്ള ആവശ്യം.

### വാർഡ് 3 നാലാഞ്ചിറ.

അഞ്ചുമുക്കുവയൽ ചാത്തിയോട് റോഡ് പള്ളിവിളാകം ആനൂർ നടവഴി നാട്ടുകാർ ഫോം ചെയ്ത റോഡ് സൈഡ്വാൾ കെട്ടി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കി മാറ്റണം.

നാലാഞ്ചിറ കുശവർക്കൽ റോഡ് അടിയന്തരമായി ടാർ ചെയ്ത ഗതാഗത യോഗ്യമാക്കണം.

നാലാഞ്ചിറ (വേടൻവിള) മഠത്തിൽ നട റോഡ് നീട്ടി, സൈഡ്വാൾ കെട്ടി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

നാലാഞ്ചിറ സാംസ്കാരിക നിലയത്തിന്റെ കിഴക്കു ഭാഗത്ത് കൂടി വടക്കോട്ട് ഉദിയന്നൂർക്കോണം കുളത്തിന്റെ ബണ്ടിലേക്കു പോകുന്ന റോഡ് ഓടകെട്ടി ടാർ ചെയ്ത് അടിയന്തരമായി ഗതാഗതയോഗ്യമാക്കണം

അഞ്ചുമുക്ക് വയൽ റോഡിൽ നിന്നും ചിത്തിര ലൈൻ വഴി പള്ളി വിളാകത്തേക്കു പോകുന്ന വഴി നാട്ടുകാരുടെ ശ്രമഫലമായി വെട്ടി പൂർത്തിയാക്കിയിട്ടുള്ളത് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

അഞ്ചുമുക്ക് വയൽ റോഡിൽ നിന്നും അമ്പലത്തറ കുളം വഴി മുക്കോല ചൂഴംപാല, റോഡിൽ കയറുന്ന റോഡ് സൈഡുകെട്ടി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

നാലാഞ്ചിറ സൗഭാഗ്യ ലൈനിൽ 200 മീറ്റർ നീളം വരുന്ന കോളനി റോഡ് ടാർ ചെയ്യുകയും സൈഡിൽ ഓട നിർമ്മിക്കുകയും വേണം.

നാലാഞ്ചിറ കോൺവെന്റ് റോഡിന്റെ പകുതി ഭാഗത്തു നിന്ന് അനുപമ നഗറിലേയ്ക്ക് പോകുന്ന റോഡ് ബാക്കി ഭാഗം കൂടി ടാർ ചെയ്യണം.

കാഞ്ഞിരംപാറ ലൈൻ കുശവർക്കൽ നാലാഞ്ചിറ റോഡിലേക്ക് ബന്ധപ്പെടുത്തി ടാർ ചെയ്യണം.

നാലാഞ്ചിറ കുശവർക്കൽ റോഡിൽ നിന്നും ചാത്തിയോട്ട് കുളത്തിലേക്കുള്ള വഴി വീതി കൂട്ടി വെള്ളകെട്ട് മാറ്റി ഗതാഗതയോഗ്യമാക്കണം.

വേടൻ വിള മഠത്തുനട റോഡിന് മദ്ധ്യഭാഗത്തു നിന്ന് കുശവർക്കൽ നാലാഞ്ചിറ റോഡിൽ തോട്ടത്തു നട ഭാഗത്തേക്കുള്ള വഴി വീതി കൂട്ടി ടാർ ചെയ്ത് സഞ്ചാര യോഗ്യ മാക്കി മാറ്റണം.

കാഞ്ഞിരംപാറ ലൈനിൽ നിന്ന് ഇടത്തോട്ട് അമരത്ത്ലൈൻ ടാർ ചെയ്ത് വേടൻവിള മഠത്തുനട റോഡുമായി ബന്ധിപ്പിക്കണം. കൂടാതെ കാഞ്ഞിരപാറ അമരത്തു ലൈൻ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

നാലാഞ്ചിറ അഞ്ചുമുക്ക് വയൽ റോഡ് ടാർ ചെയ്ത് വൃത്തിയാക്കണം.

നാലാഞ്ചിറ അഞ്ചുമുക്കുവയൽ റോഡിൽ ജഗതിനട വളവിലും, കുരിശ്ശടി വള വിലും റോഡ് ബംബുകൾ സ്ഥാപിക്കണം.

### വാർഡ് 4 പനയറ

കൂരവിള മുതൽ ഉദിയന്നൂർകോണം വരെയുള്ള റോഡും ഉദിയന്നൂർകോണം പണ യിൽ റോഡ്,പേരാപ്പൂരമ്പലത്തിനു സമീപം കാവുവിള വടശ്ശേരിക്കോണം റോഡ്,പെരുമ്പാലമൺ നട റോഡ് എന്നിവ ടാർ ചെയ്യണം. അമ്പനാട് കല്ലുപാലം മുതൽ മലവേൽ നടവരെ റോഡ് ഗതാഗത യോഗ്യമാക്കണം.

നൂള്ളിനട റോഡു ടാർ ചെയ്ത്സഞ്ചാര യോഗ്യമാക്കണം.

ഉദിയന്നൂർ അമ്പലക്കുളത്തിന് വടക്കുവശം കൂടി പുളിയമ്പള്ളിക്കോണം വഴി തററ്റോ ഡിൽ കയറുന്ന റോഡ് പണിയണം.

മലമേൽ നടയിൽ നിന്ന് കളിയിൽവിള നടപ്പാത നിർമ്മിക്കണം.

മലമേൽ നട മുതൽ പട്ടത്താനം ചിറ വരെയുള്ള നടപ്പാത നിർമ്മിച്ച് കുളവരമ്പ് പുതുക്കി പണിയുകയും തോട് കല്ല് കെട്ടുകയും വേണം.

പുല്ലിപ്ര മലമേൽ നട റോഡിലെ 200 മീറ്റർ ഭാഗം ടാർ ചെയ്യണം.

മുക്കോല റോഡിൽ നിന്നും ഒഴുകി വരുന്ന വെള്ളം ഓട നിർമ്മിച്ച് നേരെ പോകാൻ തക്കവണ്ണം വേണ്ടത് ചെയ്യുക.

കുഴക്കാട്ടുകോണം റോഡ് സഞ്ചാരയോഗ്യമാക്കുക.

### വാർഡ് 5 പാതിരിപ്പള്ളി

പുല്ലിപ്ര കിഴക്കേഭാഗം റോഡ്, കുഴിവിള കോളനിക്കകത്തുള്ള റോഡുകൾ, ചൂഴംപാല പാതിരിപ്പള്ളി റോഡ്,

എം.എൽ.എ. റോഡ് ഉൾപ്പെടെ മൊത്തം 20 കി.മീറ്റർ റോഡിനും ഓട നിർമ്മി ക്കണം.

**വാർഡ് 6 തെക്കേവീട്**

വി.പി.തമ്പി വായനശാല അമ്പഴംകോട് വിവേകാനന്ദനഗർ മുക്കോലറോഡ് അമ്പഴം കോട് വിവേകാനന്ദ നഗർ ഭാഗത്തെ ബന്ധിപ്പിക്കുന്ന പാലം നിർമ്മിച്ച് മെറ്റിലിടേണ്ട ഭാഗങ്ങൾ മെറ്റൽ ചെയ്ത് ടാറിട്ട് വാഹന ഗതാഗത യോഗ്യമാക്കണം.

കുറ്റിച്ചക്കോണം പെരിങ്ങാംകോണം പുതിച്ചി റോഡ് മെറ്റലിട്ട് ടാർ ചെയ്യണം.

കൂലിയോട്ടുകോണം പാറച്ചാണി ഇരപ്പുകുഴി റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

കുടപ്പനക്കുന്ന് ദേവീക്ഷേത്രം പേരാപ്പൂർ റോഡ് മഴക്കാലത്ത് വെള്ളവും ചെളിയും കെട്ടി ദുർഘടമായി മാറുന്ന അവസ്ഥ മാറ്റാൻ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

കൂലിയോട്ടുകോണത്തേക്കുള്ള വഴിയും പാലവും തകർന്ന് കിടക്കുന്നു. പണി ഉടനെ ചെയ്യിക്കണം.

കൂലിയോട്ടുകേണം കുളക്കോട് ഇടവഴി പാലം ഉൾപ്പെടെ പണി പൂർത്തിയാക്കണം

പാലം പണി ചെയ്താൽ ബാക്കി ഭാഗം ശ്രമദാനമായി ചെയ്യാൻ കഴിയും.

കൊടിത്തറ വീടിനു കിഴക്കുവശം പുതിച്ചിയിൽഭാഗത്ത് ഇരുപതോളം വീടുകൾ ഉണ്ട്. സഞ്ചാരയോഗ്യമല്ലാതിരുന്ന ചെറിയ വഴി വെട്ടിയിട്ടുണ്ട്. തോടിനു കുറുകെയുള്ള കലുങ്ക് തകർന്ന് കിടക്കുന്നു. പുതുക്കിപണിയണം.

അമ്പഴംകോട് മുതൽ പേരാപ്പൂര് വരെയുള്ള ഭാഗം ഗതാഗത സൗകര്യമില്ല. പുറമ്പോക്ക്, വഴിയായി ഉപയോഗിച്ചു വന്ന വരമ്പുകൾ സ്വകാര്യവ്യക്തികൾ കൈയടക്കി വച്ചിരിക്കുന്നു. ഗതാഗത സൗകര്യം ഉണ്ടാക്കണം.

പേരാപ്പൂർ പണയിൽ കുളത്തിലേക്കും അമ്പലത്തു നടയിലേക്കും 2 വഴികൾ ഉണ്ട്. സ്വകാര്യ വ്യക്തികൾ വഴിയും 4 ബണ്ടുകളും കൈയേറി തെങ്ങ് വച്ചിരിക്കുന്നു. അടിയന്തിരമായി വേണ്ടത് ചെയ്യണം.

പേരാപ്പൂര് റോഡിൽ നിന്നും ക്ഷേത്രത്തിലേക്ക് ശ്രമദാനമായി വെട്ടിയിട്ടുള്ള റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കണം.

കുടപ്പനക്കുന്ന് കുറ്റിച്ചക്കോണം കുളത്തിനു സമീപത്തു കൂടിയുള്ള റോഡ് ഗതാഗതയോഗ്യമാ ക്കണം.

**വാർഡ് 7 ടി.വി. സെന്റർ വാർഡ്**

ഇരപ്പുകുഴി ലക്ഷം വീട് റോഡ് വീതികൂട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

പുല്ലുകുളം പ്രദേശത്തു നിന്നും ഫാമിന്റെ സൈഡിൽ കൂടി ഒരു റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം

തിരുത്തു പറമ്പ് യമുനാ കോളനി റോഡിന്റെ ബാക്കി ഭാഗം കൂടി പൂർത്തിയാക്കി ഗതാഗതയോഗ്യമാ ക്കണം.

തരംഗിണി ജംഗ്ഷനിൽ നിന്നും പുല്ലുകുളം റോഡും മടത്തു വീട്ടുനട റോഡും കൊക്കരവാരത്തു നിന്നും യമുനാ കോളനിയിലേക്ക് പകുതി പൂർത്തിയാക്കിയ റോഡും ഇടശ്ശേരി നട കുഞ്ചിലാംമൂട് യമുനാകോളനി റോഡു് കൂടി ഒരുമിച്ച് കുഞ്ചിലാണ മൂട് നട ഒരു ജംഗ്ഷൻ ആക്കി മാറ്റുക.

ഇരപ്പുകുഴിയിൽ നിന്നും കോളശ്ശേരിക്കോണം വഴിയുള്ള റോഡ് കല്ലയം റോഡുമായി ചേർത്ത് ഗതാഗത യോഗ്യമാക്കണം.

മുത്തൂറ്റ്കാരുടെ ഹൗസിംഗ് കോളനിക്ക് സമീപത്തുകൂടി ഇരപ്പുകുഴിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

തുമ്പെക്കോണം ചർച്ചിന്റെ താഴെ കൊക്കരവാരത്തു നിന്നും ഫോം കോമ്പൗണ്ടു വരെയുള്ള റോഡ് വീതികൂട്ടണം.

പുല്ലുകുളം മിച്ച ഭൂമിയുടെ ഭാഗത്തുനിന്നും ഉള്ള റോഡ് ഫാം കോമ്പൗണ്ടിനു താഴെ അവസാനത്തെ ഇലക്ട്രിക്കൽ പോസ്റ്റുവരെ വീതികൂട്ടണം.

ഇരപ്പുകുഴി കല്ലയം റോഡിന്റെ ഭാഗത്തുകൂടി ടാർ ചെയ്യുകയും സൈഡ് കെട്ടേണ്ട ഭാഗം കെട്ടുകയും ചെയ്യുക.

ഇരപ്പുകുഴി ലക്ഷം വീട്റോഡിൽ ഇരപ്പുകുഴി മിച്ച ഭൂമി വരെയുള്ള ഭാഗം സൈഡ് വാൾ കെട്ടണം. ആ റോഡിലെ വെള്ളം അടുത്തുള്ള തോടിൽ എത്തിക്കാൻ ഓട നിർമ്മിക്കണം.

ജയപ്രകാശ് ലൈനിന്റേ സൈഡ് ഓട കെട്ടി സംരക്ഷിക്കണം. റോഡ് പൊളിയുന്നതിനു നുമ്പ് റീ ട്ടാറിംഗ് നടത്തണം.

തുമ്പെക്കോണം ജയപ്രകാശ് റോഡിന്റെ കൊക്കരവാരത്തേക്കുള്ള SubRoadSlope കുറച്ച് ഗതാഗതയോഗ്യമാക്കണം.

വാർഡ് 8 കുടപ്പനക്കുന്ന്.

പറയൻവിളാകം റോഡിന്റെ വീതി കൂട്ടൽ ജോലി കുഞ്ചിലാംമൂട് പുല്ലുകുളം വരെയും യമുനാകോളനി വരെയും ചെയ്തു തീർക്കണം.

യമുനാകോളനി സബ് റോഡുകൾ ടാർചെയ്യുക.

യമുനാകോളനിയിൽ നിന്നും റോഡ് നീട്ടി കുഞ്ചിലാംമൂട് വരെയും പറയൻവിളാകം വരെയും പുല്ലുകുളം വരെയും സൈഡ് കെട്ടി വീതി എടുക്കുക.

തുമ്പെക്കോണം മിച്ച ഭൂമി റോഡ് നന്നാക്കുകയും മിച്ച ഭൂമിയിലെ ഓടകൾ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

പതിക്കോട്ലൈൻ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക. (ജയപ്രകാശ് ലൈനിൽ നിന്നുള്ള സബ്റോഡ്)

മതിൽമുക്ക് റോഡ് കോൺക്രീറ്റ് ചെയ്യുക.

ജയപ്രകാശ് ലൈൻ റോഡ് ഓടകെട്ടി സംരക്ഷിക്കുക. റോഡ് റീട്ടാറിംഗ് നടത്തുക.

എതിക്കരവിളാകം ഇടവഴി വീതികൂട്ടി ദർശൻ നഗർ റോഡുമായി ബന്ധിപ്പിക്കുക.

തരംഗിണി ജംഗ്ഷനിൽ നിന്നും കുഞ്ചിലാംമൂട് വഴിയുള്ള ഒരു റോഡ് ഫോം ചെയ്ത് മേരിഗിരി സബ്ബ് റോഡുമായി ബന്ധിപ്പിക്കുക.

മേരിഗിരി മഠത്തുവീട് സബ്ബ് റോഡ് ടാർ ചെയ്യുക.

മേരിഗിരി ദർശൻ നഗർ റോഡ് കോൺക്രീറ്റ് ചെയ്ത് സൈഡിൽ വെള്ളം ഒഴുകുന്നതിന് ചെറിയ DIP ഉണ്ടാക്കുക.

ഇടശ്ശേരി നട റോഡ് വരമ്പ് വീതികൂട്ടി ദർശൻ നഗർ റോഡുമായി ബന്ധിപ്പിക്കുക.

ചെന്യോട്ട് നടയിൽ നിന്ന് മുകളിലേക്കുള്ള റോഡ് വീതി കൂട്ടുക.

കാവുവിള നടയിൽ നിന്നും ബത്ലഹേം വീട്ടിലേക്കും മറ്റ് വീടുകളിലേക്കുമുള്ള ചെറിയ ഇടവഴി നന്നാക്കുക.

കൃഷ്ണനഗർ റോഡിൽ നിന്നും ആരംഭിച്ച് കുന്നുംപുറം ക്രൈസ്റ്റ് നഗർ റോഡ് പണി വട്ടിയൂർക്കാവ് പഞ്ചായത്തുമായി സഹകരിച്ച് ബ്ലോക്ക് പഞ്ചായത്തിനെക്കൊണ്ട് ചെയ്യിക്കുക.

കുടപ്പനക്കുന്ന് യമുനാ കോളനി മിച്ചഭൂമി പ്രദേശത്തു നിന്നും കുടപ്പനക്കുന്ന് മഠത്തു നടമുതൽ ശാസ്താംകോവിൽ നടവരെ തോടുവരമ്പ് വീതി കൂട്ടി സഞ്ചാര യോഗ്യ മാക്കണം.

കൊല്ലം വിളാകം റോഡ് നാലുമുക്കിൽ നിന്നും ആരംഭിക്കുന്ന ഭാഗം മുതൽ കോൺക്രീറ്റ് ചെയ്ത് കൊല്ലം വിളാകം ഭാഗത്ത് Slop കുറച്ച് ഗതാഗത യോഗ്യമാക്കണം.

വാർഡ് 9 വഴയില

ദർശൻ നഗർ ലൈൻ വശങ്ങളിൽ ഓടകെട്ടി റീടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുകയും സൈഡ് റോഡുകൾ ദർശൻനഗർ റോഡുകൾ മെറ്റലിട്ട് ലൈനുകൾ ടാർ ചെയ്യുക. 2,3,4,5,5 ലൈനുകൾ റീ ടാർ ചെയ്യുക.

ദർശൻ നഗർ 6ാം ലൈൻ റീട്ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം ഈ ലൈൻ കൃഷ്ണനഗർ കുടപ്പനക്കുന്ന് റോഡുമായി യോജിപ്പിക്കുവാൻ തക്കരീതിയിൽ പുതുതായി റോഡ് വീതികൂട്ടി നിർമ്മിക്കണം.

ഹാർവീപുരം കോളനിയിലേക്ക് പോകുന്നതും കോളനിക്കകത്തും ഉള്ള ഇടറോഡുകൾ നന്നാക്കണം. ഇടറോഡുകളിൽ പടികെട്ടിയവ പടികെട്ട് മാറ്റി വാഹനഗതാഗതത്തിനുള്ള സൗകര്യം ഉണ്ടാക്കണം.

ഹാർവ്വീപുരം ലോഅക്കാഡമി, വാട്ടർ അതോറിട്ടി റോഡിന്റെ ഒരു വശം വളരെ ഉയർന്ന വീടുകളിലുള്ള മതിലുകൾ പൊളിഞ്ഞു വീണ് റോഡിനും വീടുകൾക്കും ഭീഷണിയാകുന്നതു തടയാൻ റീട്ടയിനിംഗ് വാൾ കെട്ടി സംരക്ഷിക്കണം.

കുന്നിൻപുറം റോഡ് ബാക്കി ഭാഗം കൂടി ടാർ ചെയ്യണം.

ഉന്നാംപാറക്കു സമീപം KP9/454 ന് സമീപത്തു കൂടിയുള്ള വഴി കോൺക്രീറ്റ് ചെയ്ത് നന്നാക്കണം.

ഈ വാർഡിലെ മിക്ക റോഡുകൾക്കും ഹാനികരമാകുന്ന വെള്ളപ്പാച്ചിൽ തടയുന്നതിന് കുടപ്പനക്കുന്ന് പേരൂർക്കട റോഡിൽ പഞ്ചായത്ത് ഓഫീസിന് സമീപം റോഡിനു കുറുകെ കലുങ്ക് കെട്ടി കിഴക്കു ഭാഗത്തു നിന്നും വരുന്നവെള്ളത്തെ പടിഞ്ഞാറു ഭാഗത്തെ റോഡിന് സൈഡിലൂടെ തിരിച്ചു വിടാൻ സത്വര നടപടി ഉണ്ടാക്കണം.

ദർശൻ നഗറിലെ 6 ലൈനിന്റെ വടക്കുവശം വെള്ളം കെട്ടി നില്ക്കുന്നത് ഒഴിവാക്കാൻ ഒട കെട്ടി വെള്ളം തോട്ടിലേക്ക് തിരിച്ചു വിടണം.

എ. കെ. ജി നഗറിലെ മെയിൻ ബസ് റൂട്ട് ഭാഗം Resurface ചെയ്യണം. മറ്റു റോഡുകൾ ടാർ ചെയ്ത് ഓടകെട്ടി സഞ്ചാര യോഗ്യമാക്കണം വെള്ളക്കെട്ട് ഒഴിവാക്കാൻ ഓടകൾ നിർമ്മിക്കണം.

ദർശൻ നഗർ 5 ാം ലൈനിനന്റെ സബ്റോഡ് KP/648 അവസാനിക്കുന്ന ഭാഗം വരെ ടാർ ചെയ്യണം.

കട്ടക്കാൽ കുളം മുതൽ ശാസ്താംകോവിൽ നടവരെ റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം. ഇട റോഡ് സിമന്റ് ചെയ്ത് ഗതാഗത യോഗ്യമാക്കണം.

### വാർഡ് 10 ആഫീസ് വാർഡ്

മരുപ്പൻകോട് ക്ഷേത്രത്തിൽ നിന്നും വടക്കോട്ട് എം.എൽ.എ.റോഡിൽ കയറുന്നതിന് കുളക്കോട് നടയിൽ പാലം ഉൾപ്പെടെ 2 കി.മീറ്റർ നീളമുള്ള റോഡിന്റെ നിർമ്മാണം.

പാതിരിപ്പള്ളി ചെറുപുഷ്പം ദേവാലയത്തിനു സമീപം ആരംഭിച്ച് ദുർഗാലൈനിൽ ചേരുന്ന റോഡ് , പ്രിയദർശിനി നഗർറോഡ് 300 മീറ്റർ ടാർ ചെയ്യണം.

കുന്നത്ത് ക്ഷേത്ര റോഡ് നന്നാക്കി ടാർചെയ്യണം.

പഞ്ചായത്ത് ഓഫീസ് ഇളയംപള്ളിക്കോണം റോഡ് 500 മീറ്റർ മെറ്റൽ ചെയ്ത് ടാർ ചെയ്യണം

പഞ്ചായത്ത് ഓഫീസ് ലൈൻ കുന്നത്തു നടവഴി മെയിൻറോഡ് കണക്റ്റ് ചെയ്യുന്നത് 800 മീറ്റർ മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

പാതിരിപ്പള്ളി പട്ടികജാതി കോളനി റോഡ് ഓഫീസ് റോഡുമായി ബന്ധിപ്പിച്ച പൂർണ്ണമായി ടാർചെയ്ത് വൃത്തിയാക്കണം.

ബണ്ട് റോഡ് പഞ്ചായത്ത് ഓഫീസ് കലുങ്ക് മുതൽ കുന്നത്തു നടവഴി എം.എൽ.എ റോഡിൽ ചേരുന്നതു ശരിയാക്കി ടാർ ചെയ്യണം.

കൈലാസ് ലൈൻ റോഡ് - വഴൽ വഴി എം.എൽ.എ റോഡിൽ ചേരുന്നത് 250 മീറ്റർ ടാർ റോഡ് കഴിച്ച് ബാക്കിയുള്ള 400 മീറ്റർ സൈഡ് വാൾ കെട്ടി ടാർ ചെയ്യണം.

### വാർഡ് 11 ചെട്ടിവിളാകം

ടാറിടാത്ത താഴെപ്പറയുന്ന റോഡുകൾ ടാർ ചെയ്യുകയോ മറ്റു രീതിയിൽ നന്നാക്കുകയും വേണം

കുറുക്കോട്ടി ലൈൻ, ശ്രീ നഗറിൽ നിന്ന് ഒന്നാമത്തെ ഇടറോഡും ഉളിയനാട് കുളത്തിലേക്കുള്ള റോഡ്,ഉല്ലാസ് നഗർ ചരുവിള റോഡിലെ ഇടറോഡ്, എള്ളുവിള ലൈൻ, ഊരുക്കോണം റോഡ്, ഉളിയനാടു നിന്നും മരുപ്പൻകോട് ക്ഷേത്തത്തിലേക്കുള്ള റോഡ് പുല്ലാംകോണത്തു നിന്നും നെടുമ്പ്രത്തേക്കു് പോകുന്ന റോഡ്, ഉല്ലാസ് നഗറിൽ നിന്നും എൻ.സി.സി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.

എൻ. സി.സി. റോഡു ജംഗ്ഷനിൽ നിന്നും കുശവർക്കൽ കയറുന്നതിന് റോഡ് പുതുതായി നിർമ്മിക്കുക.

മറ്റു റോഡുകൾ പുനരുദ്ധരിക്കേണ്ടവ.

എൻ.സി.സി.റോഡ് വടക്കെ ബൈപാസുകൾ,കുഴിവിള ഇട വഴി, കൈതറത്തല ഇടവഴി,ഊരുക്കോണം ഇടവഴികൾ (2 എണ്ണം),കലാടൈലറിംഗിന് സമീപമുള്ള ഇടവഴി,എൻ.സി.സി. റോഡിൽ നിന്നും വട്ടവിളയിലേക്കുള്ള വഴി ,തെക്കേ മണ്ണാംകോണം ,ഇടവഴി,അക്കരവിള ഇടവഴി,വടക്കേ കൈതറത്തലയിൽ നിന്നും ചുണ്ടവിളയി ലേക്കു പോകുന്ന ഇടവഴി.

ഓടകൾ നിർമ്മിക്കേണ്ട റോഡുകൾ

എൻ.സി.സി റോഡ്, ശ്രീ നഗർ റോഡ്, ഉല്ലാസ് നഗർ ,റോഡ് എൻ.സി.സി നഗർ റോഡ്, ഉളിയനാട് പനവൂർനട ബണ്ട് റോഡ്, എൻ.സി.സി റോഡ് ,ഹൗസിംഗ് ബോർഡ് ചുഴംപാല വളവുംമൂല റോഡ്, പനവൂർകുഴി മരിപ്പൻകോട് റോഡ്, ഊറ്റുകുഴിയുടെ സമീപത്തു തുടങ്ങി ഹൗസിംഗ് ബോർഡിൽ അവസാനിക്കുന്ന റോഡ്.

വാർഡ് 12 പുല്ലാംകോണം

എൻ.സി.സി നഗർ റോഡിന്റെ ഓടകളുടെ പുനരുദ്ധാരണവും ഓടയില്ലാത്ത പ്രദേശത്ത് ഓട കെട്ടാനുള്ള നടപടി ഉണ്ടാവുക.

എൻ സി സി റോഡ് പാലംവിള റോഡിന്റെ പണി പൂർത്തിയാക്കി റീട്ടയിനിംഗ് വാളും ഓടയും നിർമ്മിച്ച് ടാർ ചെയ്യുക.

വിളവിളാകം ലൈനിൽ വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം നാട്ടുകാരുടെ സഹായത്തോടെ വിലക്കു വാങ്ങി റോഡ് ടാർ ചെയ്യുക.

എൻ.സി.സി റോഡിൽ നിന്നും മരിപ്പൻകോട് ദേവീക്ഷേത്രത്തിലേക്ക് എത്തിച്ചേരുന്ന റോഡിന്റെ മദ്ധ്യഭാഗത്തുനിന്നും ആരംഭിച്ച് ചുഴംപാല റോഡിൽ ചെന്നു ചേരുന്നതിന് നിർമ്മാണം നടത്തി വരുന്ന റോഡിന്റെ പണി പൂർത്തിയാക്കുക.

എൻ.സി.സി റോഡിൽ നിന്നും പനവൂർ തറട്ട റോഡിന്റെ വശത്തുള്ള -ാംനമ്പർ ഇലക്ട്രിക്കൻ പോസ്റ്റിനു സമീപമുള്ള വഴി വിപുലീകരിച്ച് ടാറോ സിമന്റോ ഇട്ട് ഗതാഗതയോഗ്യമാക്കണം.

വിളവിളാകം റോഡിലേയും, രാമപുരം റോഡിനേയും വികസിപ്പിക്കുന്ന നടപ്പാത വികസനം പനവൂർകുഴി വെള്ളം കൊള്ളി റോഡ്, പനവൂർ തറട്ട ഉളിയനാട് റോഡ്, ഗുരുസ്ലൈയിൻ റോഡ്,

വളവുംമൂല റോഡ്, ശാന്തി റോഡ്, ദ്വാരക റോഡ്,

വാർഡ് 13 നെടുമ്പ്രം

പൈപ്പ് ലൈൻ റോഡ് അമ്പലംമുക്ക് ഊറ്റുകുഴി ഭാഗം സംരക്ഷണ ഭിത്തികൾ നിർമ്മിച്ച് നിരപ്പാക്കി ഗതാഗത യോഗ്യമാക്കണം - നാട്ടുകാർ ശ്രമദാന സന്നദ്ധരാണ് - എസ്റ്റിമേറ്റ് 6 ലക്ഷം രൂപ

രാമപുരംറോഡ് വീതികൂട്ടി വെള്ളവും വാർന്നുപോകാൻ സൗകര്യമുണ്ടാക്കി Retarming Wall കെട്ടി മണ്ണ് നിറച്ച് ഉപരിതലം ടാറിംഗ് നടത്തണം 600മീറ്റർ എസ്റ്റിമേറ്റ് 5 ലക്ഷംരൂപ

വിളവിളാകം റോഡ്എൻ.സി.സി റോഡിനോട് തൊട്ടുകിടക്കുന്ന 100 മീറ്റർ അഭിവൃദ്ധിപ്പെടുത്തണം (ആകെ നീളം 50 മീറ്റർ) എസ്റ്റിമേറ്റ് 50,000രൂപ

രാമപുരം റോഡിനേയും അമ്പലമുക്ക് ചിറ്റല്ലൂർ PWD റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ് ഗതാഗത യോഗ്യമാക്കണം. നീളം 200മീറ്റർ എസ്റ്റിമേറ്റ് 1 ലക്ഷം രൂപ

ദേവീ വിലാസം റോഡ് മംഗലത്തു നടപ്പാത

വെള്ളക്കെട്ട് മൂലം ഉപയോഗ യോഗ്യമല്ലാതായി രിക്കുന്നു. പുനരുദ്ധരിക്കണം ചിലവ് 30000 രൂപ.

മണ്ണടി കുളങ്ങര ജംഗ്ഷൻ പണയിൽ ജംഗ്ഷൻ

റോഡ് ആകെ 700 മീറ്റർ നീളം 8 ലക്ഷംരൂപ പുതുതായി നിർമ്മിക്കേണ്ട റോഡ്

ഊറ്റുകുഴി ജോർണലിസ്റ്റ് കോളനി റോഡ് ആകെ

445 മീറ്റർ 4 ലക്ഷം രൂപ എസ്റ്റിമേറ്റ്

എൻ സി സി റോഡ് അമ്പലത്തിൽ ഹാൾ കള്ളാട്ട് രാമപുരം റോഡ് നടപ്പാത നിലവിലുള്ളത് വീതി കൂട്ടി റോഡാക്കണം 4 ലക്ഷം രൂപ എസ്റ്റിമേറ്റ്.

## PWD ചെയ്തുതീർക്കേണ്ട ജോലികൾ

പഞ്ചായത്തിന്റെ ഒരു ഭാഗത്തുകൂടി കടന്നു പോകുന്ന അമ്പലമുക്ക് -മുട്ടട-പരുത്തിപ്പാറ റോഡിന്റേ ദയനീയസ്ഥിതി PWD യോട് ആവശ്യപ്പെടണമെന്നും, വയലിക്കട-ചുഴംപാല റോഡിൽ വയലിക്കട ഭാഗത്തു് വെള്ളംകെട്ടി നിന്ന് റോഡിലൂടെ വാഹനഗതാഗതം അസാദ്ധ്യമാക്കിതീർക്കുന്ന സാഹചര്യം ഇല്ലാതാക്കണമെന്നും ശുപാർശ ചെയ്യുന്നു.

കുടപ്പനക്കുന്ന് - മണ്ണന്തല റോഡിൽ ആവശ്യമായ ഓടകൾ നിർമ്മിച്ച് കുടപ്പനകുന്ന് ജംഗ്ഷൻ മാച്ച് ഫാക്ടറിക്കു സമീപം, ടി.വി സെന്ററിന്റേ ഗൈറ്റിനു സമീപം എന്നീ സ്ഥലങ്ങളിൽ സ്ഥിരമായി വെള്ളം കെട്ടി നിന്ന് റോഡ് തകരാറിലാകുന്ന സ്ഥിതി ഒഴിവാക്കുവാൻ നടപടി കൈക്കൊള്ളണമെന്ന് ശുപാർശ ചെയ്യുന്നു.

പേരൂർക്കട എ. കെ .ജി. നഗർ, കൃഷ്ണനഗർ റോഡിൽ ഓടകളില്ലാത്ത ഭാഗത്ത് ഓടകൾ നിർമ്മിക്കാനും, റീ ടാറിംഗ് നടത്താനും ശുപാർശ ചെയ്യുന്നു..

ചുഴംപാല മുക്കോല റോഡിൽ ഓട നിർമ്മിക്കണം.

കുടപ്പനക്കുന്ന് പാതിരിപ്പള്ളി എം.എൽ.എ റോഡിൽ പാതിരിപ്പള്ളി ജംഗ്ഷനു സമീപം വെള്ളം കെട്ടി റോഡുതകരാറായി കിടക്കുന്നു. ഓട നിർമ്മിച്ച് റോഡ് ഗതാഗത യോഗ്യമാക്കണം.

### വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യേണ്ട ജോലികൾ

രാമപുരം തോട്ടിൽ നിന്നും ഒഴുകിഎത്തുന്ന ജലം വയലിക്കട ഭാഗത്ത് എത്തുകയും, പട്ടം തോട്ടിലേക്ക് തിരിച്ചു വിടുന്നതിന് സംവിധാനം ഇല്ലാത്തതുമൂലം റോഡിന് ഹാനികരമായിതീരുന്നതും, ഇത് പരിഹരിക്കാൻ രാമപുരം തോടിന്റെ ചിറ്റല്ലൂർ ഭാഗം പുനർനിർമ്മാണം നടത്തണം.

മഴക്കാലത്ത് ഒഴുകി എത്തുന്ന വെള്ളം കുടപ്പനക്കുന്ന് ഫാമിലെ ടി.വി സെന്റർ വാർഡിലെ കൊക്കരവാരം യമുനാകോളനി റോഡിനെ തോടാക്കി മാറ്റുന്നു. റോഡ് സൈഡ് വാൾ കെട്ടി നിർമ്മിച്ച് ഈ പ്രശ്നം പരിഹരിക്കണം.

## ഊർജ്ജം

വോൾട്ടേജ് ഇംപ്രൂവ്മെന്റിന് സ്ഥായിയായ പരിഹാരം എന്ന നിലയിൽ 5 -ാം പഞ്ചവത്സര പദ്ധതിയിൽ തന്നെ തീരുമാനിച്ചിരുന്ന പേരൂർക്കട 66 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കൽ ഉണ്ടാകണം. അഞ്ചാം പഞ്ചവത്സര പദ്ധതിയിൽ സ്കീം ഉൾപ്പെടുത്തി സ്ഥലം അക്വയർ ചെയ്യുന്ന ഘട്ടം വരെ എത്തിയതാണ്. Japanese സഹായവും വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. അന്ന് സാദ്ധ്യമായില്ല. ലൈനിന് താഴെ നിരവധി സ്ഥലങ്ങൾ 66 കെവി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ലഭിക്കുന്നതാണ്.

സ്ട്രീറ്റു ലൈറ്റുകൾ കത്തുന്നില്ല അന്നുള്ള നിരന്തരം ഉണ്ടാകുന്ന പരാതി അവസാനിപ്പിക്കാൻ പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് ചുമതല ഏറ്റെടുക്കണമെന്ന നിർദ്ദേശത്തോടൊപ്പം Electronic Timer സംവിധാനം ഉപയോഗിച്ച് തന്നെ സ്ട്രീറ്റു ലൈറ്റ് കത്തിക്കാനും അണയ്ക്കാനും ഉള്ള സംവിധാനം ഏർപ്പെടുത്തി ചിലവ് കുറക്കാവുന്നതാണ്.

ആറ് മാസത്തിനകം മെഡിക്കൽ കോളേജ് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതോടുകൂടി പരുത്തിപ്പാറ സബ്സ്റ്റേഷനിൽ ഉണ്ടാകുന്ന സൊകയർ കപ്പാസിറ്റി ഉപയോഗിച്ച് രണ്ട് 11 കെവി ലൈനുകൾ മുട്ടട ഭാഗത്തേക്കും നാലാഞ്ചിറ ഭാഗത്തേക്കും പ്രത്യേകമായി വലിക്കണം എന്നും മുട്ടട ലൈൻ ഇപ്പോൾ ഉള്ള അരുവിക്കര 11 കെവി ലൈനുമായി മുട്ടടയിലും പേരൂർക്കട, നെടുമങ്ങാട് 11 കെ.വി ലൈനുമായി കുശവർക്കലും, ചുഴമ്പാലയിലും ഇന്റർലിങ്കിംഗ് സ്ട്രക്ച്ചറുകൾ ഉണ്ടാക്കി തമ്മിൽ തമ്മിൽ ബന്ധിപ്പിക്കണം.

നാലാഞ്ചിറക്കുള്ള ലൈൻ മെയിൻ ഗേറ്റിനു സമീപമുള്ള ഇപ്പോഴുള്ള സ്ട്രക്ച്ചറുമായി ഇന്റർലിങ്ക് ചെയ്യണം.

റോഡുകൾ വീതി കൂട്ടുമ്പോൾ കുറുകെ നില്ക്കുന്ന ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചിലവ് ഇലക്ട്രിസിറ്റി ബോർഡ് തന്നെ നടത്തണമെന്ന് ഗവ.ഓർഡറും, ബോർഡ് ഓർഡറും ഇറങ്ങിയിട്ടുണ്ട്. അവ പലയൂണിറ്റുകളിലും പാലിക്കുന്നില്ല. അവ

നടപ്പിലാക്കാൻ വേണ്ടത് ചെയ്യണം.

വാർഡ് II

പുലിയൂർ ഗാർഡൻ പ്രദേശം മൊത്തം Single phase line ആണ്. അതു മാറ്റി 3phase കണക്ഷൻ സൗകര്യമുണ്ടാക്കണം.

അഞ്ചുമുക്കുവയൽ മുണ്ടേക്കോണം എന്നീ പ്രദേശങ്ങളിൽ Single phase കണക്ഷനുകൾ മാറ്റി 3 phase കണക്ഷൻ നല്കാൻ നടപടി ഉണ്ടാകണം.

വാർഡ് IX

ദർശൻ നഗർ ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. കൺകോർഡിയാലൈനിൽ ത്രീ ഫേസ് ലൈൻ വലിക്കണം.

വാർഡ് X

പഞ്ചായത്ത് ഓഫീസ് ലൈനിൽ കലുങ്കിനടുത്ത് പുറമ്പോക്ക് സ്ഥലത്തും കുന്നത്ത് കോവിൽ റോഡിൽ പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലത്തും ഓരോ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. കണിവിളാകത്തു നടയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

വാർഡ് XI

കുളക്കോട് നടയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. മരുപ്പൻകോട് ക്ഷേത്ര നടയിൽ നിന്നും കുന്നത്തുനടയിൽ കയറുന്ന റോഡ് പുതുതായി നിർമ്മിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

വാർഡ് XII

പുല്ലാംകോണം വാർഡിൽ ഒന്നിലധികം ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് കുറയുന്നതു മൂലമുള്ള ബുദ്ധിമുട്ട് മാറ്റണം (സ്ഥലം പ്രത്യേകം നിർദ്ദേശിച്ചിട്ടില്ല)

ഹൗസിംഗ് സൊസൈറ്റിയ്ക്ക് മുൻവശത്തുള്ള ഒഴിഞ്ഞ സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണം. മണ്ണടി പറമ്പിൽ നട ലൈനിൽ Single phase line 3 phase line ആക്കി മാറ്റുക.

വാർഡ് XIII

നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കണം.

## പുതിയ സ്ട്രീറ്റുലൈറ്റ് പ്രൊപ്പോസലുകൾ.

1. വാർഡ് 1ൽ മുണ്ടേക്കോണത്ത് താമരഭാഗത്ത് നിലവിലുള്ള ത്രീഫേസ് ലൈനിൽ Post No. Pm 7\12, 7/13, 7/14, 7/15, 7/16, 7/17, 7/18, Pm 7/14 A, Pm 7/14B, Pm 7/12A, 7/12B, 7/12C, Pm 7/6 A എന്നീ പതിനാല് പോസ്റ്റുകൾ Street main വലിച്ച് Tube light വയ്ക്കണം.
2. കിണവൂർ നട മുതൽ മുളക്കാപറമ്പുവരെ പുതിയ ലൈൻ സ്ഥാപിച്ച് ലൈറ്റിടുക.
3. ചുഴമ്പാലക്ഷേത്രത്തിന് മുൻവശം മുതൽ ക്ഷേത്രത്തിന് പുറകിലുള്ള പാലം വരെയുള്ള വഴിയിൽ പുതിയ ലൈൻ കൊണ്ടുവന്ന് തെരുവ് വിളക്ക് സ്ഥാപിക്കണം.
4. അഞ്ച്മുക്ക് വയൽ ട്രാൻസ്ഫോർമറിൽ നിന്നും പാർത്ഥസാരഥി ക്ലബ്ബിലേയ്ക്ക് പോകുന്ന ലൈൻ ത്രീഫേസാക്കി മാറ്റുകയും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും വേണം.
5. മുണ്ടേക്കോണം ഏലായിൽ മാടൻകോവിൽ റോഡിൽ നാല് പോസ്റ്റ് ഇട്ട് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

വാർഡ് II

1. പുലിയൂർ ഗാർഡൻസിൽ ഏതാനും സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കണം.
2. മുണ്ടേക്കൽ റോഡിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.
3. അഞ്ചുമുക്ക് വയൽ, മുണ്ടേക്കോണം റോഡിൽ ലൈറ്റില്ലാത്ത പോസ്റ്റുകളിൽ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കണം.

## വാർഡ് III

1. മുട്ടട പനയപ്പള്ളി നാലാഞ്ചിറ റോഡിൽ സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.
2. ചാത്തിയോട് മുട്ടട റോഡിൽ സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.

## വാർഡ് IV

1. ഉദിയന്നൂർക്ഷേത്ര നടമുതൽ തറട്ട വരെ പുതിയ സ്ട്രീറ്റ്‌ലൈറ്റുകൾ സ്ഥാപിക്കണം.
2. വൈദ്യുതി ലൈനില്ലാത്ത ഇടവഴികളും റോഡുകളും വൈദ്യുതീകരിക്കണം.
3. അമ്പനാട്ടുനട മുതൽ മലമേൽ നടവരെയുള്ള ഭാഗത്ത് ലൈൻ പിടിച്ച് ലൈറ്റ് സ്ഥാപിക്കണം.

## വാർഡ് V

കുമ്പിൾ വിള ഭാഗത്ത് വൈദ്യുതി ലൈൻ സ്ഥാപിച്ച് സ്ട്രീറ്റ് ലൈൻ ഇടണം.

## വാർഡ് VI

1. പേരാപ്പൂര് പണയിൽ കുള ഭാഗത്തും അമ്പഴംകോട് പേരാപ്പൂര് നടവഴിയിലും ഇലക്ട്രിക്കൽ പോസ്റ്റ് സ്ഥാപിച്ച് ലൈറ്റിടണം.
2. പേരാപ്പൂര് റോഡിൽനിന്നും പുതുച്ചിറ യിലേയ്ക്ക് പോകുന്ന ഭാഗത്ത് അണക്കെട്ടിന്റെ സമീപത്തായി ലൈറ്റ് സ്ഥാപിക്കണം.
3. കൂലിയോട്ടുകോണം ഇടവഴിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.
4. പാറച്ചാണി ഇരപ്പുകുഴി ഇടവഴിയിൽ ലൈറ്റ് വേണം.
5. അമ്പലംകോട് മുതൽ പേരാപ്പൂര് വരെയുള്ള സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.
6. കുശവർക്കൽ ദേവിക്ഷേത്രത്തിന് മുമ്പിലുള്ള വരമ്പിലൂടെ വി.പി. തമ്പിൽ റോഡിൽ എത്തിച്ചേരുന്ന ഭാഗത്ത് ലൈറ്റ് സ്ഥാപിക്കണം.
7. അയണിക്കാട് ഭാഗത്തേയ്ക്കുള്ള ഇട വഴിയിൽ സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.
8. പാറച്ചാണി കുന്നുംപുറം മേഖലയിലും, പുളിമൂട് ഭാഗത്തും സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.

## വാർഡ് VII

1. കൊക്കരവാരം തിരുത്ത്പറമ്പ് ഭാഗത്തേയ്ക്ക് സ്ട്രീറ്റ്‌ലൈറ്റ് നീട്ടണം.
2. ഇരപ്പുകുഴി പ്രഭാകരൻ നഗർ റോഡിൽ സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.
3. മരിയഭവൻ റോഡിൽ സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.

## വാർഡ് VIII

1. യമുനാകോളനിയിൽ സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.
2. തുമ്പെക്കോണം മിച്ചഭൂമി റോഡിലും, മിച്ചഭൂമിയ്ക്കകത്തും സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.
3. ചെമ്പോട് മുകൾഭാഗത്തേയ്ക്ക് കുഞ്ചിലാ മുട്ടിൽ നിന്നും തുടങ്ങുന്ന ഇടവഴിയിൽ പോസ്റ്റ് നാട്ടി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.
4. ജയപ്രകാശ് ലൈനിൽ കൂടുതൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.
5. ജയപ്രകാശ് ലൈൻ പതിക്കോട്ട് റോഡിൽ സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.
6. മേരിഗിരി ദർശൻ നഗർ റോഡിൽ കൂടുതൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
7. കൊല്ലംവിള റോഡിൽ രണ്ട് പോസ്റ്റുകൾകൂടി സ്ഥാപിച്ച് സ്ട്രീറ്റ്‌ലൈറ്റ് കൊടുക്കണം.
8. കൊല്ലൻ വിള നടയിൽ നിന്നും മഠത്തുവീട് നടവരെയുള്ള പോസ്റ്റിൽ സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കണം.
9. കുന്നുംപുറത്തുനിന്നും പറയൻ വിളാക ത്തേയ്ക്ക് വരുന്ന പോസ്റ്റിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
10. എതിക്കര വിളാകം ലൈനിൽ ബാക്കി ഭാഗത്തുകൂടി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

## വാർഡ് IX

1. ദർശൻ നഗറിലെ വിവിധ റോഡുകളിലേ യ്ക്കായി 11 ട്യൂബും 21 ബൾബുകളും അനുവദി ക്കണം.
2. കൃഷ്ണൻ നഗർ റോഡിനും കുടപ്പനകുന്ന് റോഡിനും വശത്തുള്ള P VA 233 മുതൽ PVA 233C വരെയുള്ള പോസ്റ്റുകളിൽ സ്ട്രീറ്റ്ലൈറ്റുകൾ ഇടണം.
3. A.K.G. നഗർ ബസ്സ് സ്റ്റോപ്പിൽ വെളിച്ചം കുറവാണ്. ലൈറ്റുകൾ സ്ഥാപിക്കണം.

## വാർഡ് X

1. മരുപ്പൻകോട് ക്ഷേത്രത്തിന് സമീപം എട്ടോളം വീടുകൾക്ക് വൈദ്യുതി എത്തിയിട്ടില്ല. ആ പ്രദേശത്തേയ്ക്ക് പോസ്റ്റുകൾ സ്ഥാപിച്ച് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.
2. ഇളയംപള്ളിക്കോണത്തുനിന്നും N.S.S. കരയോഗം ഓഫീസ് റോഡിൽ പുതിയ ലൈൻ വലിച്ച് നാല് പോസ്റ്റിൽ ട്യൂബ്ലൈറ്റ് സ്ഥാപിക്കണം.
3. പഞ്ചായത്ത് ഓഫീസ് റോഡിൽ നിന്നും തുടങ്ങുന്ന ബണ്ട് റോഡിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.
4. പഞ്ചായത്താഫീസ് റോഡ് മുതൽ വയലിക്കരക്ഷേത്ര റോഡുവരെ പുതിയ ലൈൻ വലിച്ച് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.
5. കുന്നത്തു നട മുതൽ പാലം വിള വരെ ത്രീ ഫേസ് ലൈൻ വലിക്കണം.
6. തെക്കേവീട് നട മുതൽ മരുപ്പംകോട് ക്ഷേത്രനട വരെ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.

## വാർഡ് XI

1. ഊരുക്കോണം ഇടവഴിയിൽ മൂന്ന് പോസ്റ്റ് ഇട്ട് തെരുവ് വിളക്ക് സ്ഥാപിക്കണം.
2. ദുർഗ്ഗാലൈനിൽ P/NCC 3/18 എന്ന പോസ്റ്റിന് സമീപം ഒരു പോസ്റ്റുകൂടി നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കണം.
3. ഉല്ലാസ് നഗറിൽ മൂന്ന് പോസ്റ്റ് പുതുതായി സ്ഥാപിച്ച് ലൈൻ ഇട്ട് തെരുവ് വിളക്ക് സ്ഥാപിക്കണം.
4. വടക്കേകൈതറത്തല ഇടവഴിയിൽ ഒരു പോസ്റ്റ് ഇട്ട് തെരുവ് വിളക്ക് സ്ഥാപി ക്കണം.
5. ശ്രീനഗറിൽ ഒന്നാമത്തെ ഇടവഴിയിൽ മൂന്ന് പോസ്റ്റിൽ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കണം.
6. ശ്രീനഗർ ഉളിയനാട് ലൈനിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
7. തെക്കേ മണ്ണാംകോണം ഇടവഴിയിൽ മൂന്ന് പോസ്റ്റിട്ട് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
8. കുഴിവിളലൈനിൽ രണ്ട് പോസ്റ്റിട്ട് ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപി ക്കണം.
9. N.C.C നഗറിൽ നിന്നും ചുണ്ടവിളയിലേയ്ക്ക് കയറുന്ന ഇടവഴിയിൽ പോസ്റ്റിട്ട് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
10. പുമല്ലിയൂർകോണം ജംഗ്ഷനിലും, N.C.C നഗർ ജംഗ്ഷനിലും, M.V ലാംബ് സ്ഥാപിക്കണം.

## വാർഡ് XII

മെക്കുഴി, കള്ളാട് എന്നീ പ്രദേശങ്ങളിലും പോസ്റ്റുകൾ നാട്ടി സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കണം.

## പൊതുവായ നിർദ്ദേശങ്ങൾ

സ്ട്രീറ്റ്ലൈറ്റുകൾ കത്തുന്നില്ല എന്ന പരാതി എല്ലാ വാർഡ് സഭകളിൽനിന്നും ശക്തമായി ഉയർന്നു വന്നിട്ടുണ്ട്. കത്താത്ത തെരുവ് വിളക്കുകൾ പഞ്ചായത്ത് അധികൃതരും E\Board അധികൃതരും ചേർന്ന് joint verification നടത്തണമെന്ന നിർദ്ദേശം പാലിക്കാതിരുന്നതാണ് ഇതിനു കാരണം. സ്ട്രീറ്റ്ലൈറ്റുകൾ കത്തിക്കാനുള്ള സാധനങ്ങൾ, യൂണിറ്റുകൾ E\Board ആവശ്യത്തിന് സപ്ലൈ ചെയ്യാതിരിക്കുന്നു എന്ന പരാതി ഒഴിവാക്കുന്നതിന് അടിയന്തിര ശ്രദ്ധവേണം. സ്ട്രീറ്റ്ലൈറ്റുകൾ കത്തിക്കുന്നതിന് Materials supply ചെയ്യുന്നതും സ്ട്രീറ്റ്ലൈറ്റിന്റെ കത്തിക്കൽ മെയിന്റനൻസ് എന്നിവ പഞ്ചായത്തിന്റെ ചുമതലയിൽ ആക്കണമെന്ന നിർദ്ദേശവും പരിഗണിക്കാവുന്നതാണ്. എന്തൊക്കെയായാലും സ്ട്രീറ്റ്ലൈറ്റിനുവേണ്ടി വരുമാനത്തിന്റെ ഒരു ഭാഗം ചിലവഴിക്കുന്ന പഞ്ചായത്ത്, അതിന്റെ വിനിയോഗം പരാതിയില്ലാതെ ഫലപ്രാപ്തിയിലെത്തിക്കാൻ ശ്രദ്ധിച്ചേ മതിയാവൂ. അതിന് സഹായകമായ നിലപാട് ഇലക്ട്രിസിറ്റി ബോർഡും കൈക്കൊള്ളേണ്ടതാണ്. താഴ്ന്ന വരുമാനക്കാർക്ക് ഇലക്ട്രിക് കണക്ഷൻ നല്കുന്ന പദ്ധതിപ്രകാരം പഞ്ചായത്തിൽ നിന്നും wiring നടത്തിയ വീടുകളിൽ ചിലതിന് ഏതാനും വാർഡുകളിൽ കണക്ഷൻ കൊടുത്തിട്ടില്ല. ഇത് എത്രയും പെട്ടെന്ന് കൊടുക്കണമെന്ന് ആവശ്യപ്പെടുന്നു.

ഒരു വാർഡിൽ ശരാശരി 100 വീട്ടിൽ വീതം പുകയില്ലാത്ത അടുപ്പുകൾ ഒരു വർഷം വിതരണം ചെയ്യാൻ സബ്സിഡി നൽകണമെന്നും, അത്തരത്തിൽ 1500 വീടുകൾക്ക് ഒരു വർഷം എന്ന നിലയിൽ അഞ്ച് വർഷം കൊണ്ട് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ സബ്സിഡി നൽകേണ്ടതാണ്. പഞ്ചായത്ത് സബ്സിഡി 100 രൂപ കൊടുക്കണം. 150 രൂപ നൽകിയാൽ അനർട്ടിൽ നിന്ന് അടുപ്പ് ലഭിക്കുന്നതാണ്.

## സൗരോർജ്ജപാനലുകൾ നിർമ്മിക്കാൻ സബ്സിഡി

ശരാശരി ഒരു വാർഡിൽ അൻപത് വീടുകൾക്ക് വീതം (ലൈറ്റ് കത്തിക്കുന്നതിനും പാചകാവശ്യത്തിനും) സബ്സിഡി നൽകിയാൽ ഒരു വർഷം 650 വീടുകൾക്ക് സബ്സിഡി നൽകാൻ കഴിയും. പ്രധാന കവലകളിൽ പ്രചരണാർത്ഥം സൗരോർജ്ജ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം ( 20,000 രൂപ ചിലവുവരും). സൗരോർജ്ജ റാന്തലുകൾ സബ്സിഡി നൽകി ഇലക്ട്രിസിറ്റി എത്താത്ത കുറെ വീടുകൾക്ക് നൽകണം. ഒരു വാർഡിൽ പത്ത് വീടുകൾക്ക് നൽകിയാൽ, ഒരുലൈറ്റിന് 850 രൂപ മാത്രമേ ചിലവാകൂ. പ്രസ്തുത തുക പഞ്ചായത്ത് പൂർണ്ണമായി സബ്സിഡി നൽകേണ്ടതാണ്.

# 7. പാർപ്പിടവും, സാമൂഹ്യക്ഷേമം

മൈത്രീഭവന നിർമ്മാണ പദ്ധതിപ്രകാരം വായ്പ എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. നടപടി ക്രമം ലഘൂകരിക്കുകയും ചെയ്യുക.

സാമൂഹ്യക്ഷേമ വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതികൾക്ക് അർഹരായവർക്കുള്ള തുക വർദ്ധിപ്പിക്കുക.

വികലാംഗ പെൻഷനുള്ള കാലതാമസം ഒഴിവാക്കുക. നിലവിലുള്ള പഞ്ചായത്തുവക ശ്മശാനം വൈദ്യുതീകരിക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക.

മൂന്നു സെന്റിൽ കുറവുള്ളവർക്കും വീടു വയ്ക്കുന്നതിന് സൗകര്യപ്പെടതക്കവണ്ണം നിയമവ്യവസ്ഥകൾ ലഘൂകരിക്കുക.

# 8. സംസ്ക്കാരം

പഞ്ചായത്തു മേഖലയിലുള്ള കുട്ടികളുടെ കലാകായിക വളർച്ചയ്ക്ക് ഒരു പൊതു സ്റ്റേഡിയവും കലാകന്ദ്രവും സ്ഥാപിക്കണം. ഓഫീസ് വാർഡിൽ തീപ്പെട്ടികമ്പനിക്ക് പുറകിലുള്ള മിച്ചഭൂമിയിൽ കലാകേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

കുന്നത്തുകുളവും എ.കെ.ജി. നഗറിലുള്ള കട്ടയ്ക്കാൽ കുളവും നീന്തൽ പരിശീലനത്തിന് സൗകര്യപ്രദമാക്കണം.

പഞ്ചായത്തിലെ കലാകായിക താരങ്ങളെ വേണ്ട പ്രോത്സാഹനം നൽകി സംസ്ഥാന ദേശീയ തലത്തിൽ മത്സരത്തിന് പ്രാപ്തരാക്കേണ്ടതാണ്.

കുട്ടികളിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ അഭിരുചിയും പ്രാഗൽഭ്യവും വിജ്ഞാനവും ഉണ്ടാക്കുന്നതിന് പുസ്തകമേളകളും സാംസ്ക്കാരിക സമ്മേളനങ്ങളും പഞ്ചായത്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയും, ഇവ സംഘടിപ്പിക്കുന്ന മറ്റ് സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുകയും ചെയ്യുക.

സാക്ഷരതാ നിലവാരം ഉയർത്തുന്നതിന് സന്നദ്ധ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുകയും നിലവിലുള്ള വിദ്യാജ്യോതി പദ്ധതി കാര്യക്ഷമമാക്കുകയും ചെയ്യുക.

വി.സി.ആർ, കാസറ്റ് എന്നിവ ഉപയോഗിച്ച് ജനകീയാസൂത്രണം മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് സഹായം നൽകുക.

# 9. വനിതാക്ഷേമം

1. പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ സാമൂഹ്യ തൊഴിൽ പങ്കാളിത്തത്തെ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഇത്തരം അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുവാനും അതനുസരിച്ച് പരിപാടികൾ ആസൂത്രണം ചെയ്യാനും സംവിധാനം ഉണ്ടാകണം.

2. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ട പ്രാധാന്യം ഉണ്ടാക്കാനും പഞ്ചായത്തിലെ എല്ലാ സ്ത്രീകൾക്കും താൽപ്പര്യമനുസരിച്ചുള്ള തൊഴിലവസരങ്ങൾ ലഭിക്കാനുമുള്ള സംവിധാനം ഉണ്ടാകണം. ഇതിനായി പഞ്ചായത്തിലെ എല്ലാ സ്ത്രീകൾക്കും രജിസ്റ്റർ ചെയ്യാനും തൊഴിൽ മേഖല കണ്ടെത്താ
നും അവസരം ഉണ്ടാവണം.

3. സ്ത്രീകൾക്ക് ലഭ്യമാകുന്ന വിവിധ തൊഴിലവസരങ്ങൾ, വായ്പകൾ, പരിശീലനങ്ങൾ എന്നിവയെപ്പറ്റി വിശദവിവരം നൽകുവാൻ പര്യാപ്തമായ തൊഴിൽ വിവര ഇൻഫർമേഷൻ കേന്ദ്രം വാർഡ് അടിസ്ഥാനത്തിലുണ്ടാകണം.

4. വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് മതിയായ പ്രാധിനിത്യം ഉണ്ടാകണം. ഒപ്പം സ്ത്രീകൾക്കുള്ള പ്രത്യേക തൊഴിൽ സംവിധാനങ്ങളും ഉണ്ടാകണം. ഉദാ. കാർഷിക രംഗത്ത് വിവിധതരം കൃഷി അനുബന്ധ ഉൽപ്പന്നങ്ങൾ, സംസ്ക്കരണം, വിപണനം എന്നിവയ്ക്ക് സാധ്യതകളും സഹായങ്ങളും വ്യാവസായിക രംഗത്ത് പൊതുസംരഭങ്ങളിൽ സ്ത്രീകൾക്ക് മതിയായ സംവരണം പ്രത്യേക തൊഴിലവസരം എന്നിവയുണ്ടാകണം. സേവനരംഗത്തും സ്ത്രീകൾക്ക് ചെയ്യാവുന്ന തൊഴിലുകൾ മാന്യമായ വ്യവസ്ഥകളോടെ ചെയ്യാൻ അവസരങ്ങളുണ്ടാക്കണം. ചുരുക്കത്തിൽ എല്ലാ സ്ത്രീകൾക്കും സംഘടിതമായോ ഒറ്റയ്ക്കോ എന്തെങ്കിലും തൊഴിൽ ചെയ്യാനും സ്വന്തമായി വരുമാനം ഉണ്ടാക്കാനും അവസരമുണ്ടാകണം. ഇതിനാവശ്യമായ പരിശീലനം ഉണ്ടാകണം. സാമ്പത്തികസഹായം ലഭ്യമാക്കണം.

5. സ്ത്രീകളുടെ കൂട്ടായ്മ പ്രേരിപ്പിക്കുന്നതിന് എല്ലാ വാർഡുകളിലും സ്ത്രീകളുടെ സംഘങ്ങൾ, മഹിളാസമാജങ്ങൾ എന്ന പേരിലോ അയൽക്കൂട്ടങ്ങൾ എന്ന പേരിലോ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് അതുവഴി മറ്റു ക്ഷേമ പ്രവർത്തനങ്ങൾ എത്തിക്കാനുള്ള അവസരങ്ങളൊരുക്കണം.

6. നിലവിലുള്ള സമാജങ്ങൾ തൊഴിൽ പരിപാടികൾ എന്നിവ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം കണ്ടുപിടിച്ച് പരിഹാര മാർഗ്ഗങ്ങൾ തേടണം. ഇത്തരം സന്ദർഭങ്ങളിൽ വിദഗ്ദ്ധരുടെ പിൻതുണ നൽകുകയും കൃത്യമായി അവലോകനം നടത്തി സമയബന്ധിത പരിഹാര നടപടികൾ കൈക്കൊള്ളുകയും വേണം.

7. അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് പുതുമയുള്ള തൊഴിലവസരങ്ങൾക്കുള്ള സാധ്യതകൾ തേടണം. ഉദാ. കമ്പ്യൂട്ടർ സെന്റർ, സർവ്വേ (സെൻസസ്സ്) മുതലായവ നടത്തുന്നതിനുള്ള അവസരം ഉണ്ടാകണം.

8. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കാൻ നിലവിലുള്ള സ്ക്കൂളുകളുമായി അനുബന്ധിച്ച് മാതൃസംഘങ്ങൾ ഉണ്ടാക്കണം. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻതൂക്കം ഉണ്ടാക്കണം. പഠനത്തിൽ പിന്നോക്കമായവർക്ക്, അഭ്യസ്ത വിദ്യരെക്കൊണ്ട് പരിഹാരബോധനം നൽകണം. പഠനോപകരണങ്ങൾ നിർമ്മിക്കാൻ സ്ത്രീകളുടെ സംഘങ്ങളെ പ്രയോജനപ്പെടുത്തണം. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമായും മാതൃഭാഷയിലാക്കണം.

9. ആരോഗ്യരംഗം - സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്ഥലത്തെ ആരോഗ്യകേന്ദ്രങ്ങളെയും അംഗൻവാടികളെയും പരിഷ്ക്കരിച്ച് പ്രവർത്തനങ്ങൾ വിപുലീകരിക്കണം.

10. ആരോഗ്യകേന്ദ്രങ്ങളിൽ വനിതാഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. തൊഴിൽ ജന്യരോഗങ്ങളെപ്പറ്റി പഠനം നടത്തുകയും പ്രാദേശികമായി മെഡിക്കൽ

ക്യാമ്പുകൾ നടത്തി ചികിത്സ ലഭ്യമാക്കുകയും വേണം. സ്ത്രീകൾക്കുണ്ടാകുന്ന വിളർച്ച മുതലായ പൊതു ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ തേടണം.

11. ആരോഗ്യസംരക്ഷണത്തെ സംബന്ധിച്ച് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കണം.

12. സഹകരണരംഗം മെച്ചപ്പെടുത്തി സ്ത്രീകൾക്ക് തൊഴിലവസരങ്ങളും വിപണനസാദ്ധ്യതകളും ഉണ്ടാകണം.

13. സാമൂഹ്യരംഗത്തെ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടണം. പ്രാദേശിക പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാവണം. സാമൂഹ്യവിരുദ്ധരുടെ ശല്യമുള്ള സ്ഥലങ്ങളിൽ ജാഗ്രതാ സമിതികൾ രൂപം കൊള്ളുകയും പോലീസ് സംരക്ഷണം ഉണ്ടാവുകയും വേണം.

14. സ്ത്രീകളുടെ അവകാശങ്ങളേയും നിയമപരി രക്ഷയേയും പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. നിയമ സംരക്ഷണം നൽകാൻ ലീഗൽസെൽ ഉണ്ടാക്കണം.

15. സ്ത്രീധന സമ്പ്രദായം നിരുൽസാഹപ്പെടു ത്താൻ സമൂഹവിവാഹങ്ങൾക്കുള്ള സാദ്ധ്യതകൾ ഉണ്ടാക്കുകയും ബോധവൽക്കരണം നടത്തുകയും വേണം.

16. ഗ്രന്ഥശാലകളിൽ സ്ത്രീകൾക്കുള്ള പ്രവേശനം ഉറപ്പാക്കാൻ ആഴ്ചയിൽ രണ്ടു ദിവസം നീക്കിവയ്ക്കുക. സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ ഏർപ്പെടുത്തുക.

17. സ്ത്രീകൾക്കുള്ള പൊതുകലാകായിക മത്സരങ്ങൾ നടത്തണം. ചർച്ചകൾ, സെമിനാറുകൾ, പരിശീലനങ്ങൾ എന്നിവ സംഘടിപ്പിച്ച് സ്ത്രീകളെ കൂടുതൽ പങ്കെടുപ്പിക്കണം.

18. പൊതുസ്ഥലത്ത് പുകവലി നിരോധിക്കുക. പൊതു ടി.വി, റേഡിയോ എന്നിവ ബോധവൽക്ക രണത്തിനുപയോഗിക്കുക.

19. തുല്യജോലിയ്ക്ക് തുല്യവേതനം ഉറപ്പാക്കുക. തൊഴിൽ നിയമങ്ങളെ സംബന്ധിച്ച് സ്ത്രീ തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്തുക.

20. സ്ത്രീകളുടെ അന്ധവിശ്വാസത്തിനും അനാചാ രത്തിനുമെതിരെ ബോധവൽക്കരണം നടത്തുക.

21. വിധവാ പെൻഷൻ, അഗതിപെൻഷൻ എന്നീ ആനുകൂല്യങ്ങൾ അർഹരായവർക്ക് യഥാസമയം ലഭ്യമാക്കുക.

22. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങൾ വിപുലീകരിക്കാനുള്ള സാദ്ധ്യതകൾ ഒരുക്കുക. ചുരുക്കത്തിൽ സ്ത്രീകൾക്കുള്ള തൊഴിൽ സാദ്ധ്യതകൾ പരമാവധി ഉയർത്തുക. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ച് ഊർജ്ജ സംരക്ഷണം, ആരോഗ്യപരിരക്ഷ എന്നിവ ഉറപ്പാക്കുക. സ്ത്രീകളെ പൂർണ്ണമായും സാക്ഷരരാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

# 10. സഹകരണം

പഞ്ചായത്തിന്റെ അധീനതയിലുള്ള മിച്ച ഭൂമിയും പുറമ്പോക്കു ഭൂമിയും സഹകരണാടി സ്ഥാനത്തിൽ പ്രവർത്തിക്കാനുദ്ദേശിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാതൃകയിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

I സഹകരണ പ്രസ്സ്- നോട്ടുബുക്ക് നിർമ്മാണം, പ്രിന്റിംഗ്, പബ്ലിഷിംഗ് തുടങ്ങിയ മേഖലകൾ ധാരാളം തൊഴിൽ സാദ്ധ്യതയുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഇവ നടത്താവുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതുകൊണ്ട് താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകും.

1. ഷെയർ മുഖേന മൂലധനം സ്വരൂപിക്കാം. സർക്കാരിൽ നിന്നും മറ്റുധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റും വായ്പയും പ്രതീക്ഷിക്കാം.
2. ബന്ധപ്പെട്ട വിഷയങ്ങളിൽ സാങ്കേതിക പരിജ്ഞാനം നേടിയ തൊഴിൽ രഹിതർക്ക് പ്രത്യേകിച്ച് വനിതകൾക്കും പട്ടിക ജാതിക്കാർക്കും തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുണ്ട്.
3. ടി വ്യവസായത്തനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാണ്.
4. ടി വ്യവസായം തുടങ്ങുന്നതുകൊണ്ട് പാരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും തന്നെയുണ്ടാവുകയില്ല.
5. വിപണനം പ്രാദേശികമായി നടത്താവുന്ന താണ്. സ്ക്കൂൾ സഹകരണ സംഘങ്ങൾ സ്വകാര്യ വ്യാപാരികൾ എന്നിവർ മുഖേന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാം.
6. വൈദ്യുതി തുടങ്ങിയ ദൗർലഭ്യം അനുഭവപ്പെടുന്ന ഘടകങ്ങളുടെ ഉപയോഗം താരതമ്യേന കുറവാണ്.
7. കുറഞ്ഞകാലയളവിൽ ഈ വ്യവസായം ആരംഭിക്കാൻ കഴിയും.

II ബേക്കറി വ്യവസായം

III അലക്കുസോപ്പ് നിർമ്മാണം

Iv ശാമ്പ്രാണിത്തിരി, മെഴുകുതിരി എന്നിവയുടെ നിർമ്മാണം

V റെഡിമെയ്ഡ് ഉടുപ്പുകൾ

മുകളിൽ II മുതൽ v വരെ പറയുന്ന വ്യവസായങ്ങൾക്കും പ്രസ്താവ്യമായ മേൻമകൾ ഉള്ളതാണ് കൂടാതെ ഇവ സഹകരണ മേഖലയിൽ ലാഭകരമായി നടത്താവുന്നതാണ്. വേറൊരു പ്രത്യേകത ഈ വ്യവസായ മേഖലകളിൽ അഭ്യസ്തവിദ്യരായ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകും എന്നുള്ളതാണ്.

# 11.പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പുല്ലാംകോണം വാർഡിൽ വെയിലിക്കുന്നിൽ പഞ്ചായത്തു വക സ്ഥലത്ത് ചെറുകിട വ്യവസായ സ്ഥാപനം ആരംഭിച്ച് തൊഴിലവസരം ഉണ്ടാക്കണം.

ഹാർവീപുരം കോളനിയിൽ പഞ്ചായത്തുവക സ്ഥലത്ത് ചെറുകിട വ്യവസായ സ്ഥാപനം തുടങ്ങുകയും ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്.

ഹാർവീപുരം കോളനിയിൽ ഉള്ള വഴികൾ പുതുക്കി പണിതു സഞ്ചാരയോഗ്യമാക്കുക.

പൈപ്പുലൈനിൽ ആരംഭിച്ച് പറമ്പിൽ ലെയിൻ വഴി മണ്ണടി ക്ഷേത്രനടയിൽ കൂടി എൻ.സി.സി. റോഡുമായി ബന്ധിപ്പിക്കുന്ന വഴി സഞ്ചാരയോഗ്യമാക്കുക. ഇരുപത്തഞ്ചോളം പട്ടിക ജാതി കുടുംബക്കാർക്ക് ഇത് പ്രയോജനപ്പെടുന്നതാണ്.

കൈവശഭൂമികൾക്ക് പട്ടയം ലഭിച്ചിട്ടില്ല എന്നുവരുകിലും വൈദ്യുതി കണക്ഷൻ കിട്ടുന്നതിനാവശ്യമായ നിയമ ഭേദഗതികൾ വരുത്തുക.

പട്ടികജാതിക്കാർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങി മറ്റെല്ലാസർട്ടിഫിക്കറ്റുകളും പഞ്ചായത്തിൽ നിന്നും നൽകുവാനുള്ള സംവിധാനം ഉണ്ടാക്കുക.

# 12. വിഭവസമാഹരണം

നിലവിലുള്ള കടകൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവയുടെ ലൈസൻസ് ഫീസുകൾ പുന:പരിശോധിച്ച് ആവശ്യമായ വർദ്ധനവു വരുത്തി കൂടുതൽ വരുമാനം ഉണ്ടാക്കാവുന്നതാണ്. ആയതിലേയ്ക്ക് ജനകീയ സമിതികളുടെ പങ്കാളിത്തം അഭികാമ്യമാണ്.

പഞ്ചായത്തു കുളങ്ങൾ മത്സ്യകൃഷിക്ക് നൽകി വരുമാനം ഉണ്ടാക്കണം.

പ്രഭാത് ട്യൂട്ടോറിയലിനടുത്ത് ലോഡ്ജ് എന്നതിനു പകരം വ്യവസായ സ്ഥാപനം സ്ഥാപിക്കണം.

വ്യവസായ സ്ഥാപനങ്ങളിൽ നിന്നും സമ്പന്നന്മാരിൽ നിന്നും ധനം സമാഹരിച്ച് വിഭവസമാഹരണം നടത്തുക.

ഭാരതത്തിന്റെ ആത്മാവ് ഗ്രാമീണരിൽ ജീവിക്കുന്നു.
ഗാന്ധിജി

1. എസ്. രമണൻ - കീ. റിസ്സോഴ്സ് പേഴ്സൺ
2. എൻ. ഗോപിനാഥൻ നായർ - ജില്ലാ റിസ്സോഴ്സ് പേഴ്സൺ
3. എ. ജി. കുരുക്കൾ - ജില്ലാ റിസ്സോഴ്സ് പേഴ്സൺ
4. ചന്ദ്രശേഖരൻ നായർ - ജില്ലാ റിസ്സോഴ്സ് പേഴ്സൺ
5. അയ്യപ്പൻ നായർ - ജില്ലാ റിസ്സോഴ്സ് പേഴ്സൺ
6. നടരാജൻ ചെട്ടിയാർ - ജില്ലാ റിസ്സോഴ്സ് പേഴ്സൺ
7. എസ്. പ്രഭാകരൻ പിള്ള - ജില്ലാ റിസ്സോഴ്സ് പേഴ്സൺ

# സഹായികൾ

1. എ. എസ് കെ. നായർ
2. പ്രേമരാജൻ
3. ഗോപി കുടപ്പനക്കുന്ന്
4. വിനുകുമാർ
5. പി. ഒ. രാജൻ
6. ശ്രീകണ്ഠൻ നായർ
7. സി. ഗോവിന്ദബാബു
8. ഹരിലാൽ
9. സുഭാഷ് ചന്ദ്രബോസ്
10. എം. സി. ശോഭനൻ
11. സി. തമ്പി
12. വാസുദേവൻപിള്ള (മുൻ പഞ്ചാ. വൈ. പ്രസി.)
13. പി. ചെല്ലപ്പൻ പിള്ള
14. ഗോപിനാഥൻ നായർ (മുൻ പഞ്ചാ. പ്രസി.)
15. വി. ശങ്കരൻ നായർ (മു പഞ്ചാ. മെമ്പർ)
16. ജി. ഭാസ്കരൻ നായർ
17. എസ്. നാഗപ്പൻ നായർ
18. ജെ. ടൈറ്റസ്
19. ആർ. ഗംഗാധരൻ നായർ
20. തങ്കപ്പൻ
21. കെ. നാരായണൻ നായർ
22. ആർ. വിജയൻ നായർ
23. ശ്രീ. ജനാർദ്ദനൻ നായർ

# അധികാരം ജനങ്ങളിലേക്ക്

## ജനകീയാസൂത്രണ പ്രസ്ഥാനം.

മഹാത്മാഗാന്ധിജിയുടെ
ഗ്രാമസ്വരാജ് സ്വപ്നം
സാക്ഷാത്കരിക്കപ്പെടുന്നു.

Printed and Designed by naga Perurkada. Ph: 438472